# പൗരസ്ത്യനാദം

*Pourasthyanadham*

AUGUST - 2019

ഒറ്റ പ്രതി 10 രൂപ  വരിസംഖ്യ 120 രൂപ



2019 ആഗസ്റ്റ് 3 ന് നെല്ലിക്കുന്ന് മാർ തിമൊഥെയൂസ് പള്ളിയിൽവെച്ച്
വിശുദ്ധ കുർബ്ബാന മദ്ധ്യേ ഡീക്കൻ സിന്റോ ജോസ് പൂഞ്ഞോക്കാരന് കശ്ശീശ പട്ടം നൽകിയപ്പോൾ

Patron
H.G. Dr. Mar Aprem

Editor
**Fr. Jos Jacob Vengassary**
**9495712693**

Sub. Editors
Abimalek Thattil
Jimmy Muttichukkaran

Printed & Published by
C.L. Tenny
for The Board of Central Trustees,
Chaldean Syrian Church

Managing Committee
*President*
Tomy Jose Mannuthy
9388432208
*Secretary*
Joshy Antony - 9847462866
Members
O.T. Francis (Vice President)
Babu Konikkara
Baiju Francis
Wilson Ponnokaran
Varghese P.K.
Leo Paul
Paulson J Emmatty
C.L. Tenny (Chairman)
Dr. Rishi Emmatty
(Vice Chairman)

മാസിക തപാലിൽ ലഭിക്കാൻ :
പൗരസ്ത്യനാദം
c/o മാർത്ത് മറിയം വലിയപള്ളി
മാർ തിമൊഥെയൂസ് ഹൈറോഡ്
തൃശ്ശൂർ, കേരളം - 680 001
ഫോൺ: 0487 2424222
E mail: pourasthyanadham@gmail.com
Account Details:
Voice of the East,
Bank: SIB - Highroad Branch
A/c No. 0086053000004085
IFSC Code: SIBL0000086

**പൗരസ്ത്യനാദം**
A SOCIO RELIGIOUS MONTHLY
പുസ്തകം 67 ലക്കം 8 ആഗസ്റ്റ് 2019

ഉള്ളടക്കം

03 പത്രാധിപകുറിപ്പ്
05 പ്രതിമാസചിന്തകൾ
07 From the Chairman’s desk
08 മരണത്തെ ജയിച്ച മാർ തിമോഥെയൂസ് തിരുമേനി
11 "മോചന ദ്രവ്യം"... പി. കെ. വർഗ്ഗീസച്ചൻ
14 കരുണയുള്ളവർ... ശോഭന ആന്റോ ബോംബെ
16 തക്കാളിയുടെ പുനർജനനം ... ബേബി ജോസ്
17 വിശുദ്ധ തോമാശ്ലീഹ ... ശാന്ത ഇനാശു
18 ബാലപംക്തി
43 പദപ്രശനം
44 ഹൃദയത്തിലെ ദ്വാരം... അന്തപ്പൻ എ.ടി.
46 നാം ശുദ്ധിയുള്ളവരായിരിക്കുവാൻ ... കൊച്ചുമോൾ ബേബി
48 കുടുംബ ജീവിതവും ദാമ്പത്യവും ... വർഗ്ഗീസ് മാമ്പിള്ളി
56 വാർത്തകൾ വിശേഷങ്ങൾ
58 വിവാഹവേദി

please visit
www.churchoftheeastindia.org




hooyadha
Matrimonials
CHURCH OF THE EAST,INDIA
http://hooyadhamatrimonial.com

# പത്രാധിപക്കുറിപ്പ്



ഇക്കഴിഞ്ഞ മെയ് മാസം 13 മുതൽ 18 വരെ ഇറാക്കിലെ എർബിലിൽ പരിശുദ്ധ മാർ ഗീവർഗ്ഗീസ് സ്ലീവ തൃതിയൻ പാത്രിയർക്കീസ് ബാവ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടി വന്ന അസ്സീറിയൻ പൗരസ്ത്യസഭയുടെ പരിശുദ്ധ സുൻഹാദോസിൽ അഭിവന്ദ്യ മാർ അബിമലേക് തിമോഥെയൂസ് മെത്രാപ്പോലീത്തയേയും അഭിവന്ദ്യ മാർ യോസിഫ് ഹ് നാനീശോ മെത്രാപ്പോലീത്തയേയും സഭയുടെ വിശുദ്ധന്മാരുടെ ഗണത്തിൽ ഉൾപ്പെടുത്തിയ പ്രഖ്യാപനമുണ്ടായ വിവരം എല്ലാവരും ഇതിനോടകം അറിഞ്ഞുകാണുമല്ലോ. വിശുദ്ധനായ അഭിവന്ദ്യ മാർ അബിമലേക് തിമോഥെയൂസ് മെത്രാപ്പോലീത്തയുടെ ഓർമ്മദിനമായി എല്ലാ വർഷവും മെയ് മാസം ഒന്നാം തിയ്യതി ആചരിക്കപ്പെടേണ്ടതാണ് എന്ന് സുൻഹാദോസ് പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളതുമാണല്ലോ. ഈ വരുന്ന സെപ്തംബർ മാസം 29 ന് അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിക്കുന്ന ചടങ്ങ് ഇന്ത്യൻ ആർച്ച് ഡയോസിസ് നടത്തുന്നതാണ്.

മാർ അബിമലേക് തിമോഥെയൂസ് തിരുമേനിയോട് ഈ സഭയിൽപ്പെട്ടവർക്കും മറ്റു സഭകളിലും മതങ്ങളിലും പെട്ടവർക്കും ഉള്ള മമതയും ആദരവും വിശ്വാസവും എല്ലാം തിരുമേനിയുടെ കാലത്ത് ജീവിച്ചിരുന്നവർക്കും, തുടർന്നു വന്ന തലമുറയിൽപ്പെട്ടവർക്കും അറിയാവുന്ന കാര്യമാണ്. തിരുമേനിയുടെ കബറിങ്കൽ വന്ന് പ്രാർത്ഥിച്ച് സൗഖ്യം നേടിയവരുടെയും തങ്ങളുടെ ജീവിതപ്രശ്നങ്ങളുടെ കുരുക്കുകൾക്ക് തിരുമേനിയുടെ കബറിന്റെ അടുക്കൽ വന്ന് പ്രാർത്ഥിച്ചപ്പോൾ പരിഹാരം ലഭിച്ചവരുടെയും ഒരു നീണ്ട നിര തന്നെയുണ്ട്. ഇന്നും തിരുമേനിയുടെ ആത്മീയ തേജസ്സ് അനേകർക്ക് സൗഖ്യവും ആശ്വാസവും ജീവിതപ്രതിസന്ധികൾ നേരിടുവാൻ ധൈര്യവും ശേഷിയും നൽകുന്നുണ്ട്.

എന്നാൽ തിരുമേനിയെ സഭ വിശുദ്ധനായി പ്രഖ്യാപിക്കുന്നത് അനേകർക്ക് ലഭിച്ച സൗഖ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണെന്ന് ചിന്തിക്കുന്നത് മൗഢ്യമായിരിക്കും. അദ്ദേഹം ഇന്ത്യൻ സഭക്കുവേണ്ടി സഹിച്ച ത്യാഗങ്ങൾ നാം ഒരു കാലത്തും മറന്നുകൂടാ. അബ്രഹാം പിതാവിനെ ദൈവം വിളിച്ച് അറിയപ്പെടാത്ത ഒരു ദേശത്തേക്ക് പുറപ്പെടുവാൻ കല്പിച്ചപ്പോൾ ശങ്കയേതും കൂടാതെ പുറപ്പെട്ടതുപോലെ, തിരുമേനിയും വളരെ ചെറുപ്പത്തിൽ തന്നെ തനിക്ക് ലഭിച്ച കല്പന ദൈവവിളിയായി സ്വീകരിച്ചുകൊണ്ട് സ്വന്തം ജീവൻ അപകടത്തിലകപ്പെടുവാൻ ഉള്ള സാദ്ധ്യത കണക്കിലെടുത്തുകൊണ്ട് തന്നെ വേഷം മാറി താൻ അറിയാത്ത, തന്നെ പരിചയമില്ലാത്ത, അവരുടെ ഭാഷ പോലും സംസാരിക്കാൻ കഴിയാത്ത ഒരു ദേശത്തേക്ക്, അദ്ദേഹം തന്റെ ദേശത്തേയും ജനത്തെയും ഉപേക്ഷിച്ച് പുറപ്പെട്ടു. തിരുമേനി എത്തിച്ചേർന്നത് തന്റെ ജനത്തെപ്പോലെ വിശ്വാസ കാര്യത്തിലും, ജീവിത സാഹചര്യങ്ങളിലും ഏറെ സമാ


നതകളുള്ള ഒരു ജനത്തിന്റെ അടുക്കലേക്കാണെന്ന് താമസിയാതെ തിരിച്ചറിഞ്ഞു. അവരും വിശ്വാസകാര്യങ്ങളിൽ പ്രതിസന്ധികൾ നേരിടുന്നവരാണെന്നും, അവരും സാമ്രാജ്യത്വത്തിന്റെ നുഖത്തിൻ കീഴെ വസിക്കുന്നവരാണെന്നും അദ്ദേഹം മനസ്സിലാക്കി. തന്റെ സ്വകാര്യ വേദനകളെ അദ്ദേഹം കാര്യമാക്കാതെ തന്നിലേൽപ്പിച്ച ദൗത്യം നിറവേറ്റുന്നതിന് അദ്ദേഹം പ്രവർത്തിക്കുവാൻ ആരംഭിച്ചു. അദ്ദേഹം പോലും മനസ്സിൽ കരുതാതെ തന്നെ തന്റെ സഭയിൽ വിശുദ്ധനാക്കപ്പെടുവാനുള്ള വിളിയുടെ പ്രയാണത്തിന് അപ്പോൾ ആരംഭം കുറിച്ചു.

പക്ഷേ അദ്ദേഹത്തിന് നടന്നുപേകേണ്ട വഴി അത്രകണ്ട് സുഗമമായിരുന്നില്ല. ഏറെ കല്ലും മുള്ളും നിറഞ്ഞതായിരുന്നു ആ വഴി. തനിക്ക് ഒട്ടും അംഗീകരിക്കുവാൻ കഴിയാതിരുന്ന ആചാരാനുഷ്ഠാനങ്ങളും, അഭിപ്രായവ്യത്യാസങ്ങളും നിറഞ്ഞതായിരുന്നു ആ വഴി. വേദനാജനകമായ അനുഭവങ്ങളുടെ ഒരു കുത്തൊഴുക്ക് തന്നെ അവിടെ സംഭവിച്ചു. സഭയ്ക്ക് പുറത്തുനിന്ന് ദൈവശാസ്ത്രപരമായും, വ്യവഹാരപരമായുമുള്ള എതിർപ്പുകൾ അദ്ദേഹത്തിന് നേരിടേണ്ടതായി വന്നു. അതിലും കൂടുതൽ വേദന അദ്ദേഹത്തിന് നൽകിയത് തന്നോടുകൂടെ നിന്നവർ ദൈവശാസ്ത്രപരമായി തന്നോട് അകലുകയും, തന്നോടും തന്റെ കൂടെ നിൽക്കുന്നവരുമായി വ്യവഹാരത്തിൽ ഏർപ്പെടുകയും ചെയ്തപ്പോഴായിരുന്നു. ഒരു വേളയിൽ മോശയെപ്പോലെ തന്റെ ദൗത്യം പരാചയപ്പെടുമോ എന്ന ഭീതി അദ്ദേഹത്തെ അലട്ടിയിരുന്നിരിക്കാം. എന്നാൽ ഈ പ്രതിസന്ധിഘട്ടങ്ങളിൽ തന്നോടു ചേർന്നു നിന്നവർ അദ്ദേഹത്തോട് പുലർത്തിയ കൂറും അവരുടെ സീമാതീതമായ സ്നേഹവും അദ്ദേഹത്തിന് ഈ പ്രതിസന്ധിയിൽ ഉലഞ്ഞുപോകാതിരിപ്പാൻ അത്യധികമായ ശക്തിയും ധൈര്യവും നൽകികാണണം. അതിനുമുപരിയായി അദ്ദേഹത്തിന്റെ വിശ്വാസം, സഭയോടുള്ള കൂറ് എന്നിവ അദ്ദേഹത്തെ മടുത്തുപോകാതെ താൻ എത്തിച്ചേർന്നിടത്ത് നിലയുറപ്പിക്കുന്നതിന് സഹായിച്ചുകാണണം.

വിശ്വാസത്തിനുവേണ്ടി രക്തം ചീന്തിയവരേയും, പീഡനങ്ങളനുഭവിച്ച് ജീവൻ വെടിഞ്ഞവരേയും ആദിമ സഭ രക്തസാക്ഷികളായി കണ്ടു. വിശുദ്ധന്മാർ എന്ന് അവരെ അംഗീകരിക്കുവാനും ആരംഭിച്ചു. തന്റെ നാടും വീടും വെടിഞ്ഞ് ജീവിതം മുഴുവനുമായി ഇന്ത്യൻ സഭയെ പരിപാലിക്കുവാനുള്ള നിയോഗം പ്രതിസന്ധികളുടെ മദ്ധ്യത്തിലും തളരാതെ പൂർത്തീകരിച്ച തിരുമേനിയേയും ഈ ഗണത്തിൽപ്പെടുത്തുവാൻ അദ്ദേഹം തീർത്തും യോഗ്യനാണ്. എന്നാൽ അതോടുകൂടെ നമുക്കം ചില തീരുമാനങ്ങളിൽ എത്തിപ്പെടേണ്ടതുണ്ട്. പരസ്പരം കലഹിക്കുന്ന ഒരു സഭയെയല്ല അദ്ദേഹം ഇന്ത്യയിൽ നിലനിർത്തുവാൻ ആഗ്രഹിച്ചിരുന്നത്. അങ്ങനെയായിരുന്നെങ്കിൽ അദ്ദേഹം കഷ്ടപ്പാടുകൾ സഹിച്ച് ഇവിടേക്ക് പുറപ്പെടുകയില്ലായിരുന്നു. ക്രിസ്തുവിന്റെ സ്നേഹത്തിൽ വസിക്കുന്ന സഭയ്ക്ക് മാത്രമെ ആ വിശുദ്ധന്റെ പ്രതീക്ഷയ്ക്കൊത്ത് വളരുവാൻ സാധിക്കുകയുള്ളൂ. അദ്ദേഹത്തിന്റെ ത്യാഗം അർത്ഥപൂർണ്ണമാകുകയുള്ളൂ. സഭ ഏകമായി നിലകൊള്ളണം. ഐക്യത്തിന്റെയും അഭിപ്രായസമന്വയത്തിന്റെയും ആത്മാവ് നമ്മുടെ പ്രവർത്തനങ്ങളെ നയിക്കണം. ക്രിസ്തുവിന്റെ സ്നേഹത്തിൽ നാം അന്യോന്യം വസിക്കണം. നമ്മുടെ പിടിവാശികളിൽ നിന്നും നിർബ്ബന്ധബുദ്ധികളിൽ നിന്നും നാം മോചനം നേടണം. തിരുമേനിയുടെ ത്യാഗപൂർണ്ണമായ ജീവിതത്തിന് നമുക്ക് അങ്ങനെ അനുകൂലമായി പ്രതികരിക്കാം, ക്രിസ്തുവിൽ നമുക്ക് വളരാം.

* * * * * *

# തിരുമേനിയുടെ പ്രതിമാസ ചിന്തകൾ



**1. സ്വാതന്ത്ര്യത്തിനു പ്രവർത്തിച്ച വിദേശമെത്രാൻ**

1878 ആഗസ്റ്റ് 15ന് ജനിച്ച ശിശുവാണ് അബിമലേക്. അന്ന് യേശുവിന്റെ അമ്മയായ മാർത്ത് മറിയത്തിന്റെ ചരമദിനമായിരുന്നു. എന്നാൽ അബിമലേക് ജനിച്ച സമയത്ത് സഭ ജൂലിയൻ കലണ്ടർ ആണ് ഉപയോഗിച്ചിരുന്നത്. അതുകൊണ്ട് 13 ദിവസം കഴിഞ്ഞിട്ടാണ് മാതാവിന്റെ ചരമദിനം അസ്സീരിയൻ സഭ ആചരിക്കുന്നത്. അതുകൊണ്ട് അന്നത്തെ തിയ്യതി അനുസരിച്ച് അബിമലേക് ആഗസ്റ്റ് 28ന് ജനിച്ചു എന്നാണ് പറഞ്ഞിരുന്നത്. എന്നാൽ ഇന്ന് മിക്കസഭകളും ജൂലിയൻ കലണ്ടറിനു പകരം ഗ്രിഗോറിയൻ കലണ്ടർ ഉപയോഗിക്കുന്നത് കൊണ്ട് മാതാവിന്റെ ചരമദിനം ആഗസ്റ്റ് 15ന് ആചരിക്കുന്നു. എന്തായാലും വിശുദ്ധ മാതാവിന്റെ ചരമദിനത്തിലാണ് അബിമലേക് തിമോഥെയൂസ് തിരുമേനി ജനിച്ചത്.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് അഹോരാത്രം പ്രവർത്തിച്ചിരുന്ന മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു എന്നിവരെ പരസ്യമായി പിന്തുണച്ചിരുന്ന അബിമലേക് തിമോഥെയൂസ് മെത്രാപ്പോലീത്തക്ക് ഭാരതത്തിന്റെ സ്വാതന്ത്ര്യദിനം കാണാൻ സാധിച്ചില്ല. കാരണം 1945 ഏപ്രിൽ 30–ാം തിയ്യതി അദ്ദേഹം കാലം ചെയ്തു.

1920–ൽ തൃശ്ശൂരിലേക്ക് മാർ തിമോഥെയൂസ് മെത്രാപ്പോലീത്തയെ കാണുവാൻ സി.എഫ്. ആൻഡ്രൂസ് എന്ന ഇംഗ്ലീഷുകാരൻ വന്നു. മാർ തിമോഥെയൂസിനെ കണ്ടമാത്രയിൽ തിരുമേനിയുടെ സുഹൃത്തായി തീർന്നു ഈ ഇംഗ്ലീഷുകാരൻ. ഡെൽഹിയിലെ സെന്റ് സ്റ്റീഫൻസ് കോളേജിലെ പ്രിൻസിപ്പൽ ആയിരുന്നു ഈ സായിപ്പ്. ഇംഗ്ലീഷ് മിഷണറിമാർ കുർദിസ്ഥാനിൽ നിന്ന് വന്ന് സ്കൂളുകൾ സ്ഥാപിച്ചു. തന്മൂലം 1927–ൽ മഹാത്മാഗാന്ധി തൃശ്ശൂരിൽ വന്നപ്പോൾ മാർ തിമോഥെയൂസിനെ കാണുവാൻ ആഗ്രഹിച്ചിരുന്നുവെങ്കിലും അതു സാധിച്ചില്ല. കാരണം അന്ന് തിരുമേനി അസ്സീറിയൻ അഭയാർത്ഥികൾക്കുവേണ്ടി പ്രസംഗിച്ച് പ്രവർത്തിക്കുകയായിരുന്നു. 1934 ജനുവരി മാസത്തിൽ ഗാന്ധി ആ ആഗ്രഹം സാധിപ്പിച്ചു.

1931–ൽ ജവഹർലാൽ നെഹ്റു തന്റെ ഭാര്യ കമല നെഹ്റുവും മകൾ ഇന്ദിരയും കൂടി തൃശ്ശൂരിലേക്ക് ഒന്നാം സന്ദർശനത്തിന് വന്നപ്പോൾ മാർ തിമോഥെയൂസ് തിരുമേനിയെ സന്ദർശിക്കുവാൻ അരമനയിലേക്ക് വന്നു. ഇത് നെഹ്റുവിന്റെ ആത്മകഥയിൽ പറയുന്നുണ്ട്.

1934 ജനുവരിയിൽ മഹാത്മാഗാന്ധിയെ സന്ദർശിക്കുവാൻ മാർ തിമോഥെയൂസ് തിരുമേനിക്ക് സമയം അനുവദിച്ചുകൊണ്ട് കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് മാർ തിമോഥെയൂസിന് എഴുതി. തൃശ്ശൂർ പാലസ് ഗ്രൗണ്ടിന് പിന്നിലുള്ള ഒരു വീട്ടിൽ ആയിരുന്നു 1934–ൽ ഗാന്ധി താമസിച്ചത്.

ഖദർ ളോഹ ധരിച്ച് തന്നെ കാണാൻ വന്ന വിദേശമെത്രാനോട് മഹാത്മാഗാന്ധി നിലത്തിരുന്നുകൊണ്ട് കസേരയിൽ ഇരിക്കുവാൻ മാർ തിമോഥെയൂസ് തിരുമേനിയെ ക്ഷണിച്ചു. തിരുമേനി കസേരയിൽ ഇരിക്കാതെ നിലത്ത്

ഇരുന്നു. രണ്ടു കസേര ഉണ്ടായിരുന്നുവെങ്കിൽ നമുക്കു രണ്ടുപേർക്കും ഇരിക്കാമായിരുന്നു. ഇപ്പോൾ ഈ മുറയിൽ ഒരു കസേരയല്ലെ ഉള്ളൂ. അതിൽ ഞാനിരിക്കുന്നത് ശരിയല്ല എന്നാണ് മാർ തിമോഥെയൂസ് തിരുമേനി പറഞ്ഞത്. ഈ മറുപടി മഹാത്മാഗാന്ധിക്ക് ഈ വിദേശിയ ബിഷപ്പിനെപ്പറ്റി കൂടുതൽ മതിപ്പ് ഉണ്ടാക്കുവാൻ ഇടവന്നു.

ഈ കൂടിക്കാഴ്ചയെപറ്റി പിറ്റെ ദിവസം രാവിലെ പത്രങ്ങളിൽ വന്ന് ജനങ്ങൾ അറിഞ്ഞു. അധികാരികൾ തിരുമേനിയോട് കയർത്തു സംസാരിച്ചു. ബ്രിട്ടീഷ് ഗവൺമെന്റിന്റെ ശത്രുക്കളോട് കൂട്ടുകൂടുന്നത് ശരിയല്ലെന്ന് അന്നത്തെ ദിവാനും അധികാരികളും മാർ തിമോഥെയൂസിനെ അറിയിച്ചു. തന്റെ നാട്ടിലും തുർക്കി ഭരണാധികാരികളുടെ അടിമകളായി ആണ് ഞങ്ങൾ പ്രവർത്തിക്കുന്നതെന്നും ഞങ്ങൾ സ്വാതന്ത്ര്യത്തിന് വേണ്ടി പ്രവർത്തിക്കുന്നവരാണെന്ന് തിരുമേനി പറഞ്ഞു.

ഇന്ത്യയിലെ വിദേശ മിഷണറിമാർ പ്രവർത്തിക്കുന്ന സഭകളിൽ നിന്ന് സ്വാതന്ത്ര്യ സമരങ്ങൾക്ക് പിന്തുണ നൽകിയ അധികം തിരുമേനിമാർ ഇല്ല. അതുകൊണ്ട് മാർ തിമോഥെയൂസ് തിരുമേനിയുടെ ഗാന്ധി, നെഹ്റു എന്നീ നേതാക്കന്മാരോടുള്ള അടുപ്പം തലവേദനയായി. എന്നാൽ മാർ തിമോഥെയൂസ് അതിനെ ഭയപ്പെട്ടിരുന്നില്ല. തന്റെ സ്വന്തക്കാർ ഉള്ള അസ്സീറിയൻ ജനത ഒന്നാംലോകമഹായുദ്ധത്തിൽ ജന്മനാട് നഷ്ടപ്പെട്ട് തുർക്കിയിൽ നിന്ന് പാലായനം ചെയ്ത് ഇറാഖിലും സിറിയായിലും ഉള്ള അഭയാർത്ഥി ക്യാമ്പുകളിൽ കഴിയുകയായിരുന്നു. തന്റെ അസ്സീറിയൻ ജാതിയുടെ അംഗീകാരത്തിനും തങ്ങളുടെ സ്വന്തം രാജ്യം വിട്ടുകിട്ടുന്നതിലും അദ്ധ്വാനിച്ചുകൊണ്ട് ആ കാലങ്ങളിൽ മാർ തിമോഥെയൂസ് ലീഗ് ഓഫ് നേഷൻസിനെ സമീപിച്ചുകൊണ്ടിരുന്നു. ഇന്നും അവരുടെ സ്വപ്നം സാക്ഷാൽക്കരിച്ചിട്ടില്ല.

**2. വിഗ്രഹാരാധന**

മാർ തിമോഥെയൂസ് തിരുമേനിയെ വിശുദ്ധന്മാരുടെ പദവിയിലേക്ക് ഉയർത്തിയപ്പോൾ പലരും സന്തോഷിച്ചുവെങ്കിലും ചിലർ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കുകയാണ്. നമ്മളും വിഗ്രഹാരാധന തുടങ്ങിയോ എന്നൊക്കെ ചോദ്യങ്ങൾ ചോദിച്ച് വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുന്നു. ഒരു കാര്യം വ്യക്തമാക്കട്ടെ. വിഗ്രഹങ്ങളെ ആരാധിക്കുന്നത് തെറ്റാണെന്നുള്ളതുകൊണ്ടാണ് വലിയപള്ളിയിൽ ഉണ്ടായിരുന്ന പല വിഗ്രഹങ്ങളും എടുത്തുമാറ്റിയത്. ഇനി ഇപ്രകാരത്തിലുള്ള പുതിയ രീതികൾ തുടങ്ങുന്നത് തെറ്റാണ്. വിശുദ്ധന്മാരായി വ്യാഖ്യാനിക്കുന്നതും പ്രഖ്യാപിക്കുന്നതും അവരുടെ വിഗ്രഹങ്ങൾ ഉണ്ടാക്കി പ്രകാശിപ്പിക്കാനല്ല എന്ന് വ്യക്തമാക്കട്ടെ. പ്രധാനമായി ഉണ്ടാകുന്ന ഒരു സംഭവം വിശുദ്ധന്മാരായി പ്രഖ്യാപിച്ചവരുടെ പേരുകളിൽ പള്ളി പണിയാം, മെത്രാന്മാരെ വാഴിക്കാം. വിശുദ്ധന്മാർക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ മാർ തിമോഥെയൂസിന്റെ പേരുള്ള പള്ളികളിൽ ആ പേർ കൂടി ലിസ്റ്റിൽ ചേർത്ത് ചൊല്ലാം. എന്തൊക്കെയായാലും ആഗസ്റ്റ് 12-ാം തിയ്യതി തിങ്കളാഴ്ച വൈദീകരുടെ ഒരു സ്പെഷ്യൽ കൗൺസിൽ വിളിച്ചിട്ടുണ്ട്. അതിൽ വിവിധ ഇടവകകളിൽ ഉള്ള സംശയങ്ങൾ ദൂരീകരിക്കാനുള്ള ഒരു പ്രസ്താവന എഴുതി പ്രസിദ്ധീകരിക്കുന്നതാണ്.

കർത്താവിൽ നിങ്ങളുടെ

തൃശ്ശൂർ
05/08/2019

ഡോ. മാർ അപ്രേം മെത്രാപ്പോലീത്ത

# ദി ബോർഡ് ഓഫ് സെൻട്രൽ ട്രസ്റ്റീസ്

THE CHAIRMAN'S DESK



സി. എൽ. ടെന്നി

**" ഒരുത്തന് മനസൊരുക്കം ഉണ്ടെങ്കിൽ പ്രാപ്തിയില്ലാത്തതു പോലെയല്ല പ്രാപ്തിയുള്ളതുപോലെ കൊടുത്താൽ അവനു ദൈവപ്രസാദം ലഭിക്കും''** (2 കൊരിന്ത്യർ 8:12)

വീണ്ടും ഒരു സ്വാതന്ത്ര്യ പുലരി അനുഭവിക്കാൻ ദൈവം കൃപ നൽകിയിരിക്കുന്നു. ദൈവം നൽകിയ കൃപകളെ ഓർത്ത് സ്തുതിക്കുന്നതിനൊപ്പം, മറ്റുള്ളവർക്ക് കൃപകളെ പകരാനും ഓരോ ക്രൈസ്തവ വിശ്വാസിയും ജാഗ്രത കാണിക്കേണം.

ഇത്തരത്തിൽ നമുക്കിടയിൽ ജീവിച്ച് പ്രവർത്തിച്ച് മാതൃക കാണിച്ച് നമ്മിൽ നിന്നും മൺമറഞ്ഞുപോയ പ്രാർത്ഥനാപുരുഷനായ വിശുദ്ധ മാർ അബിമലേക് തിമോഥെയൂസ് തിരുമേനിയോടുള്ള ആദരസൂചകമായി 2019 സെപ്തംബർ മാസം 29-ാം തിയ്യതി ഞായറാഴ്ച സഭയായിട്ട് നടത്തുന്ന പൊതുപരിപാടിയുടെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങൾ മുന്നേറുന്നു. അഭിവന്ദ്യ തിരുമേനിമാരുടെയും, വൈദികരുടെയും അനുഗ്രഹത്താലും നിർദ്ദേശത്താലും കമ്മറ്റികൾ തയ്യാറായികഴിഞ്ഞു. കഴിഞ്ഞ ജൂലൈ മാസം 14-ാം തിയ്യതി വൈദീകരുടെയും ഇടവക കൈക്കാരന്മാരുടെയും, ഭക്തസംഘടനാ ഭാരവാഹികളുടെയും സംയുക്ത മീറ്റിംഗ് കൂടി പ്രധാന കമ്മറ്റിക്ക് രൂപം കൊടുക്കുകയും ചെയ്തു.

സെപ്തംബർ മാസം 29-ാം തിയ്യതി നടത്തുന്ന പൊതുസമ്മേളനം തൃശ്ശൂരിലെ ജനങ്ങൾ വളരെ ആകാംക്ഷയോടെയാണ് നോക്കി കാണുന്നത്. ആയതിനാൽ ഓരോ സഭാവിശ്വാസിയും അവരുടേതായ കടമ നിർവ്വഹിക്കേണ്ടതുണ്ട്. സാന്നിദ്ധ്യംകൊണ്ടും അകമഴിഞ്ഞ സഹകരണം കൊണ്ടും പ്രസ്തുത സമ്മേളനം വൻ വിജയമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പുതിയ ട്രസ്റ്റി ബോർഡ് നിലവിൽ വന്നിട്ട് മൂന്ന് മാസം പൂർത്തിയായിരിക്കുന്നു. ഇതുവരെയും സഭയിൽ നിന്നും ലഭിച്ച ആത്മാർത്ഥസഹകരണം കൂടുതൽ കരുത്തോടെ, സഭാപ്രവർത്തനങ്ങളിൽ മുന്നേറുവാൻ പ്രചോദനമേകും. ഇടവക വികാരിമാർക്കും പാരിഷ്കൗൺസിലിനും അതിലുപരി എല്ലാ സഭാ അംഗങ്ങൾക്കും നന്ദി.

സഭാ ഭക്തസംഘടനകളുടെ ഊർജ്ജസ്വല പ്രവർത്തനങ്ങൾ സഭയിൽ ഒരു പുതുതരംഗം സൃഷ്ടിക്കുന്നുണ്ട്. ആഴ്ചതോറും മെയ്സ്, യൂത്ത്സ്, വുമൺ യൂത്ത്സ്, എന്നിവർ തോളോടു തോൾ ചേർന്ന് പുതിയ പുതിയ ആശയങ്ങളുമായി ഇടവകകൾതോറും പ്രവർത്തിക്കുന്നത് അഭിനന്ദനാർഹവും, മാതൃകാപരവും ആണ്.

എച്ച്.ആർ.ഡി. കമ്മിറ്റി ചേറൂർ മാർ ഗീവർഗ്ഗീസ് പള്ളിയിൽ ആഗസ്റ്റ് 4-ാം തിയ്യതി നടത്തിയ ഏകദിനശിൽപശാല വിജയപ്രദമാക്കുന്നതിന് പങ്കുവഹിച്ച കമ്മറ്റി അംഗങ്ങൾക്കും പ്രസ്തുത ശിൽപശാലയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിക്കുന്നു. ഇത്തരത്തിലുള്ള ശിൽപശാലകൾ സഭാ പ്രവർത്തനങ്ങൾക്ക് പൂർണ്ണമായും ഉപകാരപ്രദമാകട്ടെ.

**ബോർഡ് ഓഫ് സെൻട്രൽ ട്രസ്റ്റീസ് മുഖേന കഴിഞ്ഞ മൂന്നുമാസങ്ങളിലായി വൃദ്ധർക്കുള്ള പെൻഷൻ 3,52,000/- രൂപ നിരാലംബരും വിധവകളുമായ സ്ത്രീകൾക്കുള്ള പെൻഷൻ 6,10,000/- രൂപ, അംഗപരിമിതർക്കുള്ള പെൻഷൻ 1,17,000/- രൂപ എന്നിവ വിതരണം ചെയ്യുകയുണ്ടായി. ഇതേ കാലയളവിൽ സഭ ചാരിറ്റി അക്കൗണ്ടിൽ നിന്നും 9,04,000/- രൂപയും നൽകുകയുണ്ടായി.**

# മരണത്തെ ജയിച്ച മാർ തിമോഥെയൂസ് തിരുമേനി





*(1995-ൽ മാർ അബിമലേക് തിമോഥെയൂസ് തിരുമേനിയുടെ 50-ാം ചരമവാർഷികത്തോടനുബന്ധിച്ച് മാർത്ത് മറിയം വലിയപള്ളി പുറത്തിറക്കിയ സോവനീയറിൽ ഞങ്ങളുടെ അപ്പച്ചൻ ശ്രീ. ആന്റണി മാമ്പിള്ളിയുടെ ഈ ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. അപ്പച്ചൻ ഞങ്ങളെ വിട്ട് പിരിഞ്ഞിട്ട് 20 വർഷങ്ങൾ കഴിഞ്ഞു. തിരുമേനിയെ സഭ വിശുദ്ധനായി പ്രഖ്യാപിക്കുന്ന ഈ വേളയിൽ പൗരസ്ത്യനാദം വായനക്കാർക്കായി പ്രസ്തുത ലേഖനം സമർപ്പിക്കുന്നു - സാജൻ മാമ്പിള്ളി)*

കടന്നുപോയ അരനൂറ്റാണ്ടിനിടക്ക് അനേകം മഹാന്മാർ നമ്മിൽ നിന്നും മൺമറഞ്ഞു പോയിട്ടുണ്ട്. അവരിൽ പലരും മഹാപണ്ഡിതന്മാരും, വേദശാസ്ത്രപാരംഗതരും, ശ്രേഷ്ഠ മതാദ്ധ്യക്ഷന്മാരും മറ്റുമായിരുന്നു. അക്കൂട്ടത്തിൽ ചിലരുടെ പ്രതിമകൾ നാൽക്കവലകളിൽ സ്ഥാപിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും അവരുടെയെല്ലാം മരണാനന്തരം മാസങ്ങൾ കടന്നപ്പോൾ ആ നല്ല ഓർമ്മകൾ, നമ്മുടെ ഹൃദയത്തിന്റെ താഴ്‌വരകളിൽ അലിഞ്ഞലിഞ്ഞ് അപ്രത്യക്ഷമാവുകയാണുണ്ടായിട്ടുള്ളത്. അതേ സമയത്ത് മാർ തിമോഥെയൂസ് തിരുമേനി മരണമടഞ്ഞിട്ട് മാസങ്ങളല്ല, വർഷങ്ങൾ തന്നെ പലതും കടന്നുപോയിട്ടും ആ നല്ല ഓർമ്മകൾ നിത്യഹരിതവനങ്ങളെപ്പോലെ നമ്മുടെ ഹൃദയത്തിന്റെ താഴ്‌വരകളിൽ പച്ചപിടിച്ചു നിൽക്കുകയും വളരുകയും ചെയ്യുന്നതായാണ് അനുഭവത്തിൽ നാം കാണുന്നത്. പുണ്യസ്മരണാർഹനായ തിരുമേനിയുമായി ഏതെങ്കിലും നിസ്സാരമായ അവസരത്തിൽപ്പോലും ബന്ധം പുലർത്താൻ കഴിഞ്ഞിട്ടുള്ള എല്ലാ വ്യക്തികളും ആ മഹദ്സന്ദർഭങ്ങളെ അവരുടെ ജീവിതത്തിലെ അനർഘനിമിഷങ്ങളായി എണ്ണുന്നുവെന്നുള്ളതാണ് സത്യം.

1945 ഏപ്രിൽ 30ന് തിരുമേനി നമ്മിൽനിന്നു വേർപ്പെട്ടു പോയ അവസരത്തിന് സാക്ഷിനിന്നവർക്ക് ആ ശോകനിർഭരമായ രംഗങ്ങൾ ഒരിക്കലും മറക്കുവാൻ കഴിയുകയില്ല. അപ്രതീക്ഷിതമായി അന്നു സന്ധ്യകഴിഞ്ഞപ്പോൾ വലിയപള്ളിയിൽ നിന്നും മുഴങ്ങികേട്ട കൂട്ടമണി ശബ്ദം ഇന്നും കാതുകളിൽ മുഴുങ്ങുന്നതായി തോന്നുന്നു. നിമിഷങ്ങൾക്കകം പള്ളി-അരമന പരിസരങ്ങളും സമുദായസ്നേഹികളാൽ നിറഞ്ഞു കവിഞ്ഞൊഴുകിയതും തേങ്ങിക്കരയുന്ന അവരുടെ ദീനവിലാപം അന്തരീക്ഷത്തിൽ അലയടിച്ചുയർന്നതും ഇന്നലെയെന്നോണം നാം ഓർക്കുന്നു. നാനാജാതി മതസ്ഥരായ ഒരു വലിയ ജനസമൂഹം ഒരു വിദേശി മെത്രാപ്പോലീത്തയുടെ ദേഹവിയോഗത്തിൽ വിതുമ്പിക്കരയുന്ന വേദനാനിർഭരമായ കാഴ്ച കേരളത്തിൽ ഒരിക്കലേ ഉണ്ടായിട്ടുള്ളു. അരമനയിലെ വെള്ളിവെളിച്ചത്തിൽ സ്വർഗ്ഗീയ സുഖനിദ്രയിൽ അമർന്നു വിലസുന്ന തിരുമേനിയെ ഒന്നു കാണാൻ പാതിരാനേരത്തും ഒടിക്കൂടിയ ആബാലവൃദ്ധം ജനങ്ങളുടെ നീണ്ടവരി മുമ്പൊരിക്കലും ഉണ്ടാകാത്ത ഒരനുഭവം തന്നെയായിരുന്നു. അതുപോലെ തന്നെ അവസാനത്തെ ചടങ്ങുകൾ എന്ന നിലയിൽ നടന്ന 'നഗരികാണിക്കലിലും', കബറടക്കത്തിലും പങ്കുകൊള്ളുവാൻ എത്തിച്ചേർന്ന മഹാജനസമുദ്രത്തിലുണ്ടായ ശോകതരംഗങ്ങളുടെ വേലിയേറ്റങ്ങൾ ഒരത്ഭുത കാഴ്ച തന്നെയായിരുന്നു.

നമുക്കേറ്റവും ഇഷ്ടപ്പെട്ടവരുടെയും സ്വന്തപ്പെട്ടവരുടെയും മരണത്തിൽപ്പോലും നമുക്കനുഭവപ്പെട്ടിട്ടില്ലാത്ത മനോവ്യഥ മാർ തിമോഥെയൂസ് തിരുമേനിയുടെ വേർപ്പാടിൽ നമുക്കനുഭവപ്പെടാൻ എന്താണ് കാരണം? നമ്മുടെ ഹൃദയത്തിന്റെ ഉള്ളറകളിൽ നമുക്കേറ്റവും പ്രിയപ്പെട്ടതും വിലപ്പെട്ടതുമായ എന്തോ ഒന്ന് നഷ്ടപ്പെ

ട്ടുവെന്ന് തോന്നാൻ കാരണമെന്താണ്? നാഴികകൾക്കപ്പുറത്തു നിന്ന് ക്ലേശങ്ങളും, കഷ്ടതകളും സഹിച്ച് ഈ നാട്ടിൽ വന്ന തിരുമേനി ഇവിടുത്തെ മണ്ണിലും, മക്കളിലും അലിഞ്ഞുചേർന്നു ജീവിച്ചുവെന്നുള്ളത് മാത്രമാണോ?

മാർ തിമോഥെയൂസ് തിരുമേനി പ്രവർത്തിച്ച എല്ലാ മേഖലകളിലും, ഇടപ്പെട്ട എല്ലാ മനുഷ്യരിലും സവിശേഷമായ ഒരു വ്യക്തിത്വത്തിന്റെ മുഖമുദ്ര പതിപ്പിച്ചിരുന്നുവെന്നുള്ളത് തീർച്ചയാണ്. അതോടൊപ്പം തന്റെ നേതൃത്വം കാംക്ഷിച്ചിരുന്ന ജനപദങ്ങളുടെ മനോവികാരങ്ങൾക്കൊത്ത് വളരാനും, അവരുടെ ഹൃദയാഭിലാഷങ്ങളുടെ ആകത്തുകയായി മാറാനും ആ മഹൽവ്യക്തിത്വത്തിന് നിഷ്പ്രയാസം കഴിഞ്ഞിരുന്നു.

സൂര്യഗോളത്തിന് ചുറ്റും ഗ്രഹങ്ങളും, ഉപഗ്രഹങ്ങളുമായി അനവധി ഗോളങ്ങളെ ആകർഷിച്ചു നിർത്തുന്നതിന് അതിൽനിന്ന് പ്രസരിക്കുന്ന തേജസ്സും ഓജസ്സും വഴി കഴിയുന്നുണ്ടെന്ന് ശാസ്ത്രത്തിൽ നാം പഠിക്കുന്നു. അത്തരത്തിലുള്ള അതുല്യ പ്രതിഭാസങ്ങൾ ചുരുക്കം ചിലപ്പോൾ മനുഷ്യരിലും ദൃശ്യമാകാറുണ്ടെന്ന് മാനവചരിത്രം നമ്മെ പഠിപ്പിക്കുന്നു. അത്തരത്തിലുള്ള ഒരപൂർവ്വ സൃഷ്ടിയായിരുന്നു മാർ തിമൊഥെയൂസ് തിരുമേനി.

പ്രതികൂല സാഹചര്യങ്ങളുടെ കൊടുങ്കാറ്റുകൾ എത്ര ആഞ്ഞടിച്ചാലും പ്രാർത്ഥനയാകുന്ന തോണിയിൽ കയറി വിശ്വാസമാകുന്ന പങ്കായം തള്ളി സഞ്ചരിക്കുന്നവർക്ക് യാതൊരു ഭയവും തോന്നുകയില്ലെന്നത് മാർ തിമോഥെയൂസിന്റെ ജീവിതത്തിന്റെ സത്തയായിരുന്നു. മനുഷ്യൻ മൃഗത്തിൽനിന്നും എത്രയോ ഉയർന്നൊരു ആദ്ധ്യാത്മിക പഥത്തിലാണ് ജീവിക്കേണ്ടതെന്നും, ആ ജീവിതത്തിൽ അതിലുപരിയായ ഒരുന്നത ലക്ഷ്യമുണ്ടെന്നും, ആ ലക്ഷ്യപ്രാപ്തിയിലേക്കെത്താനുള്ള മാർഗ്ഗമാണ് ഈശോമ്ശീഹായുടെ തത്വസംഹിതകളെന്നും, പരിപാവനവും മോഹനവും ശാന്തഗംഭീരവുമായ ഒരു ജീവിതം മൂലം നമുക്ക് തെളിയിച്ചു തന്നത് തിരുമേനിയാണ്. സർഗ്ഗചൈതന്യം നിറഞ്ഞൊഴുകിയിരുന്ന ആ ദിവ്യ മംഗള മനോഹരരൂപം സ്വർഗ്ഗീയ സൗഭാഗ്യത്തിന്റെ ഒരു നിദർശനം തന്നെയായിരുന്നു.

*"ആർഷഭാരതത്തിലെ മാമുനി ശ്രേഷ്ഠന്മാരെ*
*ആ തങ്കം സ്മരിപ്പിക്കും താടിമീശയും, കയ്യിൽ*
*പ്രേത സഞ്ചയങ്ങളെ പേടിപ്പിച്ചകറ്റുന്ന*
*സ്ലീവയും, മാറിൽ ഞാണു കിടക്കും പൊൻമാലയും*
*അമ്പെഴും കടാക്ഷവും, തംബുരുമീട്ടും വിധേന*
*ഇമ്പമാർന്നൊഴുകുന്ന മധുരപ്രസംഗവും,*
*സൗമ്യത തളംകെട്ടി നിൽക്കുന്ന ഫാലസ്ഥലം*
*സുസ്മിതം നിറഞ്ഞൊഴും പവിഴ പൊന്നധരം*
*ഭക്തിനിർഭരമാർന്ന കണ്ണുകൾ, പ്രഭാപുഞ്ജം*
*ചുറ്റിലും നിഴലിക്കും നിർമ്മല മുഖപത്മം".*

ഹാ! നമുക്ക് ഒരിക്കലും മറക്കാൻ കഴിയാത്ത ഉജ്ജ്വലമായ വ്യക്തിത്വത്തിന്റെ ഉത്തമമായ ഒരു പ്രതിരൂപം തന്നെയായിരുന്നു തിരുമേനി.

1878 ആഗസ്റ്റ് 28-ന് തുർക്കി രാജ്യത്ത് കുർദിസ്ഥാൻ പ്രദേശത്ത് മാർ ബീശോ എന്ന ഗ്രാമത്തിൽ ബഹുമാനപ്പെട്ട ഈശായ് കശ്ശീശയുടെയും, മാർഗ്യാനീത്തയുടെയും ഇളയമകനായി ഭൂജാതനായ തിരുമേനി 1908 ഫെബ്രുവരി 27ന് ആണ് തൃശ്ശൂരിലെത്തിച്ചേർന്നത്. ഒരു മുപ്പതു വയസ്സുകാരന് വഹിക്കാനാവാത്തവിധം ദുർഘട പൂർണ്ണമായിരുന്നു അന്നത്തെ സഭയുടെ പ്രശ്നങ്ങൾ. ചിരപരിചിതമല്ലാത്ത കാലാവസ്ഥ, എളുപ്പത്തിൽ പഠിക്കാൻ പറ്റാത്ത ഭാഷ, നീണ്ടുനീണ്ടുപോയ വ്യവഹാരങ്ങൾ, ഛിദ്രവാസന നിറഞ്ഞ സ്വസമുദായം ഇവയെ തിരുമേനി തന്റേടത്തോടുകൂടി മയക്കിയെടുത്ത് 37 കൊല്ലം മെത്രാപ്പോലീത്തയായി തൃശ്ശൂരിൽ ഭരിച്ചു. പറങ്കിപ്പരിഷയുടെ കുതന്ത്രങ്ങൾകൊണ്ട് വികലമാക്കപ്പെട്ട കൽദായ സുറിയാനി സഭയെ അതിന്റെ പൂർവ്വിക മഹിമയിലേക്ക് അദ്ദേഹം തിരിച്ചുകൊണ്ടുവന്നു. കൂനൻ കുരിശിന്മേൽ 1653-ൽ സത്യം ചെയ്ത പൂർവ്വിക പിതാമഹന്മാരുടെ പ്രതിജ്ഞക്ക് പുതുമയും, പ്രഭയും അദ്ദേഹം നൽകി. അങ്ങനെ നാശോന്മുഖമായികൊണ്ടിരുന്ന ഒരു സമുദായത്തിന്റെ നാരായവേരുകൾക്ക് വെള്ളവും വളവും കൊടുത്ത് അദ്ദേഹം പുതുജീവൻ പ്രദാനം ചെയ്തു.

തിരുമേനിയെക്കുറിച്ച് ഈ ലേഖകൻ തന്നെ

രചിച്ച ചില കവിതാശകലങ്ങൾ ഇവിടെ കുറിക്കുന്നത് പ്രസക്തമായിരിക്കുമെന്ന് കരുതുന്നു.

*“അത്യനർഘങ്ങളാകും ക്രിസ്തുവിൽ തത്വങ്ങളെ*
*സത്യത്തിൽ കാട്ടിത്തന്നു ജീവിച്ചതവിടുന്ന്*
*അന്യജാതിക്കാർ പോലും ബഹുമാനിക്കാൻ തക്ക*
*ധന്യതയാർന്ന ശ്രേഷ്ഠ പുണ്യവാനവിടുന്ന്*
*പ്രാർത്ഥന വഴിക്കെത്ര മഹത്താം കാര്യങ്ങളും*
*സാർത്ഥകമാക്കാമെന്ന് കാട്ടിയതവിടുന്ന്*
*അവിടുന്നല്ലോ ഞങ്ങൾക്കഭയം തിരുമേനി*
*അവിടുന്നില്ലാത്തപ്പോൾ ഭയവും തോന്നീടുന്നു.*
*മോഹഭംഗത്തിൽപ്പെട്ടു വലഞ്ഞോർ ഞങ്ങൾ തമ്മിൽ*
*സ്നേഹിക്കാൻ പഠിപ്പിച്ചതാദ്യമായതവിടുന്ന്*
*ഇരുട്ടിൽ മുങ്ങിതപ്പും ഞങ്ങൾക്കു വെളിച്ചത്തെ*
*ഉയർത്തി കാട്ടി തന്ന സൂര്യനാണവിടുന്ന്*
*ഭള്ളെഴും പ്രമാണിമാരുയർത്തും വീരവാദ*
*പൊള്ളയെ പൊളിപ്പിച്ചതാദ്യമായതവിടുന്ന്*
*കള്ളക്കേസുകളെണ്ണം കൂടി വന്നിടും നേരം*
*എള്ളോളം കൂസാതാദ്യം നയിച്ചതവിടുന്ന്*
*ഉണ്ടാകാം മിന്നാമിനുങ്ങിനിയും ഉണ്ടാകുമോ*
*മന്നിലിവെളിച്ചത്തെ നൽകിയ സൂര്യൻ വേറെ.*
*സ്നേഹമൂർത്തിയാം ഭവൽപാദപങ്കജം കൂപ്പി*
*പാപികൾ പലരല്ലോ നീതിമാർഗ്ഗത്തെ തേടി*
*വിശ്വസിച്ചെത്തിച്ചേർന്ന രോഗികളനേകം പേർ*
*ആശ്വാസം പ്രാപിച്ചല്ലോ തൻ തിരുകൃപമൂലം*
*എപ്പോഴും കയ്യിൽ കാണും സ്ലീവയെ, ഭയപ്പെട്ടി*
*ട്ടെത്രയോ, പിശാചുക്കളൊളിച്ചു പാതാളത്തിൽ*
*ഏറ്റുമുട്ടുവാൻ ശ്രമിച്ചെത്രയോ, വൻപുള്ളികൾ*
*ഏറ്റിരിക്കുന്നു ശാപം മറക്കാൻ കഴിയുമോ”.*

ഇല്ല; മറവിയുടെ മാറാലകൾക്ക് മറച്ചുപിടിക്കാൻ കഴിയാത്ത അനവധി സംഭവപരമ്പരകൾ ഒരു ചലച്ചിത്രത്തിലെന്ന പോലെ നമ്മുടെ കൺമുമ്പിൽ തെളിഞ്ഞിപ്പോഴും നിൽപുണ്ട്.

എന്തായാലും കൽദായ സുറിയാനി സമുദായാംഗങ്ങൾ ധന്യരാണിന്ന്. അവരുടെ മദ്ധ്യത്തിൽ, മണ്ണിൽ അവർക്കുവേണ്ടി ജീവൻ ബലി കഴിച്ച ഒരു പുണ്യാത്മാവ് നിത്യവിശ്രമം കൊള്ളുന്നു. മരണത്തെ ജയിച്ച ക്രിസ്തുനാഥന്റെ പിൻഗാമിയായ തിരുമേനിയുടെ ആത്മാവും, പങ്കിലമായ ജഡത്തിൽ നിന്ന് വേർപ്പെട്ടതോടെ കൂടുതൽ ചൈതന്യമുള്ളതായി തീർന്നിരിക്കുകയാണിന്ന്. ഏറെ വർഷങ്ങൾ കടന്നുപോയിട്ടും, ഇന്നും മരണത്തിന്റെ മാരകമായ വിഷമുള്ളുകൾക്കു മനുഷ്യാത്മാവിനെ നശിപ്പിക്കുവാൻ കഴിയുകയില്ലെന്ന നിത്യസത്യം മഹാത്മാവായ മാർ തിമോഥെയൂസിന്റെ പുണ്യാത്മാവ് തെളിയിച്ചു കഴിഞ്ഞിരിക്കുന്നു.

“ഞാൻ വീണ്ടും വീണ്ടും പറയുന്നു: എന്റെ വാക്കുകൾ കേട്ട് എന്നിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ലഭിക്കും. അവൻ മരിച്ചാലും ജീവിക്കുകയും, അനശ്വരതയിലേക്ക് കടക്കുകയും ചെയ്യും. ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന സമയം വന്നുകൊണ്ടിരിക്കുന്നു. വന്നു കഴിഞ്ഞിരിക്കുന്നു”. എന്ന തിരുവചനങ്ങൾ എത്രയോ അർത്ഥസംപുഷ്ടമായിരിക്കുന്നു. പാവനസ്മരണാർഹനായ കുരുവിളച്ചന്റെ പള്ളിയിൽ കുടികൊള്ളുന്ന മാർ തിമോഥെയൂസിന്റെ കബറിടം ഇന്നും ത്രസിച്ചുകൊണ്ടിരിക്കുന്നു. അവിടെ നിന്നും പ്രസരിച്ചുകൊണ്ടിരിക്കുന്ന ആദ്ധ്യാത്മിക ചൈതന്യം നാനാജാതി മതസ്ഥരെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. യാതൊരുവിധ സംഘടിത പ്രയത്നമോ പ്രത്യേക പ്രസിദ്ധീകരണമോ കൂടാതെത്തന്നെ അനേകായിരങ്ങളുടെ അഭയസ്ഥാനവും, ആശ്വാസകേന്ദ്രവുമായി ആ കബറിടം വളർന്നുകൊണ്ടിരിക്കുന്നു. ഇന്നേവരെ മറ്റൊരു മതാദ്ധ്യക്ഷനും മതവിശ്വാസികളിൽ ഉണ്ടാക്കാൻ കഴിയാത്ത വിധത്തിലുള്ള ഒരു ചലനം, ചൈതന്യം ഒരു കബറിടത്തിന്റെ സ്പന്ദനം കൊണ്ടുമാത്രം സൃഷ്ടിക്കപ്പെടുന്നുവെന്നുള്ളത് ഒരത്ഭുത പ്രതിഭാസം തന്നെയാണ്. സഭ ഇന്നേവരെ വിശുദ്ധനാണെന്ന് പ്രഖ്യാപിച്ചിട്ടില്ലെങ്കിലും ജനം പുണ്യവാൻ എന്ന് എണ്ണിക്കഴിഞ്ഞിട്ടുള്ള ആ മാഹാനുഭവന്റെ തൃപാദത്തിങ്കൽ നിത്യേനെയെന്നവണ്ണം ജോലിക്കുപോകുമ്പോഴും തിരിച്ചുവരുമ്പോഴും പ്രാർത്ഥിച്ചു പോകാറുള്ള അനേകരോടൊത്ത് നമുക്കും അല്പനേരം പ്രാർത്ഥിക്കാം.

*‘ഇല്ലല്ലോ ഞങ്ങൾക്കൊന്നും കാണിക്ക നൽകാൻ കഷ്ടം!*
*അല്ലല്ലാൽ അലതല്ലും ഹൃദയത്തുടിപ്പെന്യേ*
*സ്വീകരിച്ചാലും ഗുരോ, ഭാഗ്യഹീനരാം ഞങ്ങ*
*ളേകുമീ കണ്ണീർ മണി മുത്തിനാൽ തീർക്കും ഹാരം.*
*എത്രയും വിശ്വാസത്തോടെത്തുമീ ഞങ്ങൾ മക്കൾ*
*ക്കെത്രയും ദയാപൂർവ്വം കൃപയെ ചൊരിഞ്ഞാലും’.*

*****

# "മോചന ദ്രവ്യം"

പി. കെ. വർഗീസച്ചൻ

**ഏക ത്രിത്വ പദയെ നമഃ**

*വാക്യം: "മനുഷ്യാ നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു" (ലൂക്ക 5:20)*

**പ്രാരംഭം:** മൂന്ന് പതിറ്റാണ്ടു മുമ്പ് കോലഴി–തിരൂർ മാർ യോനൻ പള്ളി വികാരിയായിരുന്ന സന്ദർഭത്തിലൊരിക്കൽ അയൽവാസിയായ ഒരു വയോധികൻ ഗുരുവായൂർ ക്ഷേത്രസന്ദർശനത്തിനു ലേഖകനെ ക്ഷണിക്കുകയുണ്ടായി. സ്ഥലത്തെ ഒരു പ്രധാന ദിവ്യനായ അദ്ദേഹം ഒരു വാനിൽ കുടുംബസമേതം സന്ദർശനത്തിനു പോകുകയായിരുന്നു. ലേഖകൻ ഒഴിഞ്ഞുമാറി; പോയില്ല. എല്ലാ ക്ഷേത്രങ്ങളും വിഗ്രഹങ്ങളും ഓരോരോ ഐതിഹ്യത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യൻ ഉണ്ടാക്കുന്നതാണല്ലോ. മാനത്തും ഭൂമിയിലുമുള്ള ഒന്നിന്റെയും സ്വരൂപമൊ വിഗ്രഹമൊ ഉണ്ടാക്കുകയോ അതിനെ ആരാധിക്കുകയോ സേവിക്കുകയോ ചെയ്യരുതെന്നത് തിരുവെഴുത്ത് പ്രകാരമാകുന്നു. ആവ. 5:8,9.

"**വിഗ്രഹം ഉണ്ടാക്കരുത്:** മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമ അരുത്; അവയെ നമസ്ക്കരിക്കയോ സേവിക്കയോ ചെയ്യരുത്."

എഫസൂസിലെ അർത്തീമീസ് മഹാദേവി: മാനത്തു നിന്നു വീണു കിട്ടിയ ഉൽക്ക (മീറ്റിയോർ)ലോഹം കൊണ്ടുണ്ടാക്കിയതായിരുന്നു അർത്തിമീസ് ദേവിയുടെ വിഗ്രഹം. സ്ത്രീ ദൈവമെന്നർത്ഥത്തിൽ 'ആലാഹൈഥ' എന്നാണ് ആറാമായ സുറിയാനി ഭാഷയിൽ അവർ പറഞ്ഞിരുന്നത്. ഓരോ ഭവനത്തിലും ക്ഷേത്രത്തിലും രൂപക്കൂട് അലംകൃതമാക്കി സ്ഥാപിക്കുമായിരുന്നു. ദെമത്രിയോസ് എന്ന തട്ടാൻ ഇതിനു പ്രസിദ്ധനായിരുന്നുവല്ലോ. (അ.പ്ര.19:24.) ഇതിനു വിരോധമായി വി.പൗലൂസ് പറഞ്ഞത്: '**കയ്യാൽ തീർന്നത് ദേവന്മാരല്ല**' അ.പ്ര. 19:26.

പുരോഹിതനോ, പൂജാരിയോ കരം കൊണ്ടുണ്ടാക്കിയ മരം, പൊന്ന്, എന്നിവ കൊണ്ടുണ്ടാക്കിയവയിന്മേൽ കൈനീട്ടി അനുഗ്രഹിക്കുകയോ പ്രാർത്ഥിക്കയോ ചെയ്താൽ ദൈവത്തിന്റെ പ്രാണൻ അവയിൽ പ്രാക്കൾ പറന്നിറങ്ങുന്നതുപോലെ ഇറങ്ങി വസിക്കുകയില്ല നിശ്ചയം. പന്തിക്കോസ്തു തിരുനാളിൽ അപ്പൊസ്തലന്മാരുടെ മേൽ പരിശുദ്ധാത്മാവ് ഇറങ്ങി. അ. പ്ര. 2 അദ്ധ്യായം. ശതാധിപനായ കൊർന്നെല്യോസിന്റെ ഭവനത്തിൽ കൂടിയ ജനത്തിന്മേൽ വി.പത്രോസ് ശ്ലീഹായുടെ രക്ഷാവാർത്ത കേട്ട് വിശ്വസിച്ചവരുടെ മേൽ, പരിശുദ്ധാത്മാവ് ഇറങ്ങി.

"ഈ വാക്കുകളെ പത്രോസ് പ്രസ്താവിക്കുമ്പോൾ തന്നേ വചനം കേട്ട എല്ലാവരുടെ മേലും പരിശുദ്ധാത്മാവ് വന്നു" അ.പ്ര. 10:44. ഇത് കണ്ട് പത്രോസും യോപ്പയീൽ നിന്നു അവനോടു കൂടെ ചെന്നവർ പോലും വിസ്മയിച്ചുപോയി. അ.പ്ര.10:46.

"മനുഷ്യനിലാണ് പിതാവിൽ നിന്നു പുറപ്പെടുന്ന പരിശുദ്ധാത്മാവ് വസിക്കുന്നത്. സ്ത്രീകളിലും പുരുഷന്മാരിലും. ദൈവത്തിന്റെ ദാനമായി നിങ്ങളിലിരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം" 1.കൊരി. 6:19, 1 കൊരി 3:16 കാണുക.

**ക്ഷേത്രങ്ങൾ:** ക്ഷേത്രങ്ങൾ പുണ്യസ്ഥലങ്ങളയി ഗണിക്കുന്നത് ധാരാളം ആൾക്കാർ അവിടെ തൊഴാൻ വരുന്നതുകൊണ്ടാണല്ലോ. തൊഴുന്നത് ഐതിഹ്യങ്ങളിലെ കഥാപാത്രങ്ങളെ ആകുന്നു. സുപ്രസിദ്ധങ്ങളായ കഥാപാത്രങ്ങളുടെ രൂപങ്ങളെയാണ്. ജീവനില്ലാത്ത പ്രതിമകളെയാണ് തൊഴുത് നമസ്ക്കരിക്കുന്നതല്ലോ.

"അവരുടെ വിഗ്രഹങ്ങൾ പൊന്നും വെള്ളിയുമാകുന്നു. മനുഷ്യരുടെ കൈവേല തന്നെ. അവയ്ക്കു വായുണ്ടെങ്കിലും സംസാരിക്കുന്നില്ല. കണ്ണുണ്ടെങ്കിലും കാണുന്നില്ല. അവയ്ക്കു ചെവി ഉണ്ടെങ്കിലും കേൾക്കുന്നില്ല, മൂക്കുണ്ടെങ്കിലും മണക്കുന്നില്ല. അവയ്ക്ക് കൈയ്യുണ്ടെങ്കിലും സ്പർശിക്കുന്നില്ല. കാലുണ്ടെങ്കിലും നടക്കുന്നില്ല. തൊണ്ട കൊണ്ടു സംസാരിക്കുന്നതു

മില്ല". (സങ്കീ. 115:47)

**ദൈവജനം വിഗ്രഹമുണ്ടാക്കുന്നു:** മൊശെ സീനായ് പർവ്വതത്തിൽ ദൈവത്തിന്റെ സന്നിധാനത്തിലേക്ക് 40 ദിവസവും 40 പകലും ഉപവസിച്ചുകൊണ്ട് കയറിയ സന്ദർഭത്തിൽ താഴെ ദൈവജനം മിസ്രയീമിൽ നിന്ന് അണിഞ്ഞുകൊണ്ടുവന്ന പൊന്നാഭരണങ്ങളെകൊണ്ട് മഹാപുരോഹിതനെ നിർബന്ധിച്ച് ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കിയല്ലോ. ഒരു ആഘോഷവും സംഘടിപ്പിച്ചു. വാദ്യഘോഷവും ഉല്ലാസവും. കാളക്കുട്ടി- ആരാധന ദൈവജനം മിസ്രയീമിൽ കണ്ടതാണ്. മോശെയ്ക്കു അതേകുറിച്ച് അറിയിപ്പു നൽകുന്നത് യാഹ് എന്ന ദൈവമാണ്. ജീവനുള്ള ദൈവം ഭൗതിക കണ്ണില്ലെങ്കിലും സകലവും കാണുന്ന ദൈവം. അതിന്റെ തിക്തഫലമോ!

യഹോവ മോശെയോട്: "എന്നോട് പാപം ചെയ്തവന്റെ പേര് എന്റെ പുസ്തകത്തിൽ നിന്ന് ഞാൻ മായ്ച്ചുകളയും" പുറ. 32:33.

എന്നേക്കുമുള്ള ഏറ്റവും സന്തോഷകാലം. അതിനുള്ള കാലമാണ് ഇല്ലാതെയാവുന്നത്. ഫറവോന്റെ അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിച്ച് ചെങ്കടിലിലൂടെ കടന്ന് ചെന്ന് മരുഭൂമിയിൽ 40 വർഷം ഉഴന്ന് നടന്ന യിസ്രായേൽ ജനം സകലരും മരുഭൂമിയിൽ മരിക്കയായിരുന്നു. ചെങ്കടലിലൂടെ കടന്നുവന്ന ജനം ഒടുവിൽ യോർദ്ദാൻ നദി വെള്ളം രണ്ടായ് തിരിഞ്ഞപ്പോൾ കുറുകെ കടക്കാൻ ഉണ്ടായിരുന്നില്ലെന്നത് നമുക്ക് ഒരു വെല്ലുവിളിയായി നിലകൊള്ളുന്നു. യോശു. 5:6 കാണുക.

ജീവ പുസ്തകത്തിൽ എഴുതിചേർത്തവരുടെ പേരുകൾ ദൈവം മായ്ച്ചു കളയുകയായിരുന്നുവല്ലോ. (പുറ. 32:33)

നിഖ്യാവിശ്വാസപ്രമാണം ക്രിസ്തുവർഷം 325-ൽ 318 വിശുദ്ധ പിതാക്കന്മാരാൽ ഉണ്ടാക്കപ്പെട്ടതാണല്ലോ. "പാപമോചനത്തിനുള്ള ഏക മാമോദീഥയും" എന്ന് വ്യക്തമായി പറയുന്നുണ്ട്. വിശുദ്ധ കുർബ്ബാനക്കു സ്ത്രീ പുരുഷന്മാരും കുട്ടികളും ചേർന്ന് എത്ര മനോരമമായിട്ടാകുന്നു "സർവ്വശക്തിയുള്ള പിതാവും..." ചൊല്ലുന്നത്. എന്നാൽ ചെങ്കടൽ ഉണങ്ങിയ മണ്ണ് ചവിട്ടി കടന്നവർ യോർദ്ദാൻ നദി കടക്കാൻ ഇടവരാത്തവണ്ണം മാമോദീഥ (സ്നാനം) സ്വീകരിച്ചവർ കുഴിമാടത്തിൽ നിന്ന് ഉയിർത്തെഴുന്നേൽക്കണമെന്നില്ല. ചെറുപ്പക്കാലത്തുള്ള ശീലം പൊന്നുപോലുള്ളത് മറക്കാതെ യൗവ്വനത്തിലും മധ്യവയസ്സിലും വയസ്സുക്കാലത്തും തുടർന്ന് പോകേണ്ടതുണ്ട് വിഷമകരം! അല്ലേ?

മഹാപ്രളയശേഷം ശേം, ഹാം, യാഫെത് എന്നിവരുടെ സന്താനപരമ്പരകൾ വാനഗ്രഹങ്ങളിലെ പ്രതീക സ്തംഭങ്ങൾ ഉണ്ടാക്കി ആരാധിക്കുകയും സേവിക്കുകയും ചെയ്തില്ലേ. അക്കൂട്ടത്തിൽ ലാബാന്റെ കുടുംബത്തിൽ നിന്ന് റാഹേൽ പിതാവിന്റെ ഇഷ്ടപ്രിയ വിഗ്രഹം കൊണ്ടു വന്നത് അന്വേഷിക്കുവാൻ ആളുകൾ വന്നപ്പോൾ ഒട്ടക കോപ്പിന്റെന്മേൽ ഇരുന്നില്ലേ. അക്കാലത്ത് മോശെയുടെ ന്യായപ്രമാണം ഉണ്ടായിരുന്നില്ല. മോശെയുടെ ന്യായപ്രകാരം വളരെ കാര്യങ്ങൾ ചെയ്തിരുന്നു. പക്ഷേ ആരും ന്യായപ്രമാണത്തെ ഗൗരവമായി എടുത്തില്ല. അധികാരങ്ങൾ പ്രയോഗിക്കാൻ മാത്രം! (യോഹ. 7:19) കാണുക.

ന്യായപ്രമാണ പരിപാലനം ശരിയായി നടക്കുന്നില്ല എന്ന് കണ്ട് ദൈവപുത്രൻ തന്നെ പാർത്തലത്തിലേക്ക് ഇറങ്ങി വരികയായിരുന്നു. ബേത്ത്ലഹെമിൽ ഒരു ശിശുവായി ജനിച്ചു. നസ്രത്തിൽ വളർന്ന് സകലജാതികളുടെയും വംശങ്ങളുടെയും പാപം സ്വന്ത ശരീര രക്തം ഒഴുക്കി കഴുകിക്കളയലായിരുന്നു പരമോദ്ദേശം.

"രക്തം ചൊരിഞ്ഞിട്ടില്ലാതെ വിമോചനമില്ല എന്നാണല്ലോ പ്രമാണം" (എബ്ര.9:22)

"രക്തമല്ലോ ജീവന്മൂലമായി പ്രായശ്ചിത്തമാകുന്നത്" ലേവ്യ 17:11.

117-ാം സങ്കീർത്തനത്തിന്റെ പ്രാർത്ഥന എഴുതിയിരിക്കുന്നത് മാർ ആവ കാഥോലിക്ക ആകുന്നു സുറിയാനി പുസ്തകത്തിൽ. പുസ്തകത്തിൽ പറയുന്നത് ഈ വിധമാണ്. **"ജനവും ജാതികളും ഒരു തിരുസഭയാകുന്നു; മ്ശീഹായെ പുകഴ്ത്തുവിൻ"** (സുറിയാനിയിൽ നിന്ന് സ്വതന്ത്ര പരിഭാഷ) അതുകൊണ്ട് സകല ജാതികളുടെയും സമസ്തവംശങ്ങളുടെയും സർവ്വപാപങ്ങളും നസ്രായനായ യേശു മരത്തിൽ ചുമന്നിട്ടുണ്ട്.

ആർക്കും സംശയം വേണ്ട. യേശുവിനെ സ്വീക രിക്കുക അത് മാത്രം കരണീയം.

"പാപം" എന്ന ഒന്ന് അന്യമതസ്തർക്കില്ല. അവർ പൂജിക്കുന്നതിനെ അഥവാ ആരാധ്യ വസ്തുവിനെ പൂവിടുന്ന ആളെയാണ് പൂജാരി എന്ന് പറയുന്നത്. ഭംഗിയുള്ള വിഗ്രഹങ്ങളെ എടുത്ത് വെച്ച് നസ്രായനായ യേശു (ദൈവപു ത്രൻ) ആരാധന ആവശ്യപ്പെടുന്നില്ല. (മർക്കോ 10:45)

മലയ്ക്ക് പോകുന്നവർ ശരണം വിളിക്കുന്നു; പക്ഷേ പാപത്തെ കുറിച്ചൊന്നും പറയുന്നില്ല. അയ്യപ്പ വിഗ്രഹത്തെ തൊഴുതാണ് മടങ്ങുന്നത്. വിഗ്രഹം ഒരിക്കലും ദൈവമല്ല. നമ്മുടെ നോമ്പു കാലത്തെ പോലെ സ്ത്രീ വിഷയത്തിൽ നിന്ന് മലയ്ക്കു പോകുന്നവർ വൃതം അനുഷ്ഠിക്കു ന്നു. നല്ല കാര്യം. 'ഒരു സ്ത്രീക്ക് ഒരു പുരുഷൻ' ആദിമകാലത്തുള്ളതാകുന്നു. ഈ സമ്പ്രദായം നസ്രായനായ യേശു ഒന്നുകൂടെ ഉറപ്പിച്ചു (മ ത്താ. 11:4-11) കേരളത്തിലെ ദാമ്പത്യ ജീവിതത്തിന് ക്രൈസ്തവ ജനങ്ങളുടെ സാമൂഹ്യ സ്വാധീന മുണ്ടെന്ന് 50 വർഷം മുമ്പ് ലേഖകൻ ദിനപത്ര ങ്ങളിൽ വായിച്ചിട്ടുണ്ട്. ലൈംഗിക വേഴ്ചക്ക് സംയമനം വളരെ ആവശ്യം. ആവേശം കടി ഞ്ഞാണില്ലാത്ത കുതിരകളാകാൻ അനുവദിച്ചു കൂടാ. കൈപ്പുള്ള മനുഷ്യ ജീവിത കഷായത്തിന് അല്പം ചക്കര!

**മോചനദ്രവ്യം:** മോചനദ്രവ്യം ഒരു ധനികന്റെ ഇഷ്ടമകളെയൊ മകനെയോ കൊണ്ടു പോയ് ഒളിപ്പിച്ച് താമസിപ്പിച്ച് വിട്ടുകൊടുക്കുവാൻ പണം തട്ടുന്നവർ ഇക്കാലത്ത് അധികമായി വരികയാ ണ്. ഒളിപ്പിച്ച ആൾക്കുവേണ്ടി കൊടുക്കുന്നതാ ണല്ലോ മോചനദ്രവ്യം. വി.മർക്കോസിൽ ഇതിനു 'മറുവില'യെന്നാണ് കാണുന്നത്. മാർക്കോ. 10:45. ആറാമായ സുറിയാനി ഭാഷയിൽ 'പുർക്കാന' എന്ന് പറയുന്നു. (വീണ്ടെടുപ്പിനുള്ളത്) പ്രതി ശാന്തി എന്നും പറയുന്നുണ്ട്. (ഉൽ 20:16) ആദാം മുതൽ തുടർന്നുള്ള സകല മനുഷ്യരും മരിച്ച് മണ്ണടിഞ്ഞുപോകുന്നു. പാപം മറച്ചുകിട്ടുവാ നുള്ള ഒരു ഉപാധിമാത്രമേയുള്ളു നസ്രായനായ യേശുവിൽ വിശ്വസിക്ക, അവനാണ് മനുഷ്യകു ലത്തിന്റെ മോചനദ്രവ്യം. യേശു 'കർക്കപ്ത' (ഗാഗുൽഥ) മലയിൽ മരത്തിൽ തുങ്ങി കിടന്ന ശരീരത്തിലെ രക്തകണങ്ങൾ മണ്ണിൽ വീഴ്ത്തി മനുഷ്യവംശത്തിന്റെ പാപക്കറ കൾ മായ്ച്ചുകളയുകയായിരുന്നു.

"അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവു മായിരുന്ന കയ്യെഴുത്ത് മായ്ച്ച് ക്രൂശിൽ തറച്ച് നടുവിൽ നിന്ന് നീക്കികളഞ്ഞു" (കൊലോ. 2:14)

"പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന് അവൻ നമുക്കു വേണ്ടി പാപം ആക്കി" (2 കൊരി 5:21).

യേശു ദൈവാലയത്തിൽ ഭണ്ഡാര സ്ഥല ത്തുവെച്ച് പറഞ്ഞത് താഴെയുള്ളതാകുന്നു.

"ഞാൻ അങ്ങനെയുള്ളവൻ (മേലിൽ നിന്നു ള്ളവൻ) എന്ന് നിങ്ങൾ വിശ്വസിക്കാഞ്ഞാൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും എന്ന് പറഞ്ഞു" (യോഹ. 8:24)

യേശു മേലിൽ നിന്നുള്ളവൻ (യോഹ. 8:42) എന്ന് എല്ലാവരും അംഗീകരിക്കേണ്ടതുണ്ട്. അല്ലെങ്കിൽ അവർ നിത്യമായി മരിക്കും. ഉയിർക്കുകയില്ല. കാരണം പാപമോചനം (മോ ചനദ്രവ്യം) അവർ സ്വീകരിച്ചിട്ടില്ല അത്രമാത്രം.

"പുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷി പ്പാനും അനേകർക്കു വേണ്ടി തന്നെ ജീവനെ മറുവിലയായി കൊടുപ്പാനുമെത്രെ വന്നത്" (മത്താ 10:45)

**"കർത്തനേ ഞാൻ നിങ്കലേക്ക് എൻകരങ്ങൾ നീട്ടിടുന്നു;**
**എന്റെ കണ്ണും നിൻ കരുണാ നോക്കുന്നേൻ എന്റെ**
**ശബ്ദവും നിൻ മുമ്പിലുയർത്തീടുന്നേൻ"**

സു.ഗ.മ. 13:1

ഏക ത്രിത്വ പദയെ നമഃ

**-ശുഭം-**

അടുത്തലക്കത്തിൽ
നിത്യജീവനും ജീവപുസ്തകവും



# കരുണയുള്ളവർ

ശോഭന ആന്റോ ബോംബെ

കരുണ എന്നത് നാം പങ്കുവെക്കേണ്ട സമ്പത്താണ്. നാം ഹൃദയത്തിൽ സൂക്ഷിക്കേണ്ട കരുതലാണ്. നാം പരസ്പരം കാണിക്കേണ്ട ക്ഷമയാണ്. ഇത് പങ്കുവെക്കുന്നവന് മാത്രമെ ഇരട്ടിയായി തിരിച്ചു കിട്ടുകയുള്ളൂ. സൗഭാഗ്യത്തിനുള്ള മാനദണ്ഡമായി ഇവയൊക്കെ പങ്കുവെക്കാൻ കാരുണ്യവാനായ ദൈവം നമ്മോട് ആവശ്യപ്പെടുന്നു. അവിടുന്ന് പറയുന്നത് "നിന്റെ സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളോട് ക്ഷമിക്കയില്ല" (മത്താ. 18:35) ഒഴികഴിവില്ലാത്ത നിബന്ധനയാണിത്. സുവിശേഷത്തിന്റെ സുവർണ്ണനിയമം ഹൃദയകവാടത്തിൽ തന്നെ നമുക്ക് കൊത്തിവെക്കാവുന്നതാണ്. ഈ ഫലകം നമ്മെ ഇടക്കിടക്ക് ചിന്തിപ്പിക്കണം. "മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തു തരുണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്ക് ചെയ്തു കൊടുക്കുവിൻ".

ക്ഷമയുടെ തലത്തിലും കരുണയുടെ സൗഭാഗ്യം തെളിഞ്ഞുവരുന്നത് കാണാം. ആർക്കും ക്ഷമിക്കാൻ പറ്റാത്ത ഈ കാലഘട്ടത്തിൽ ഒരു നിമിഷത്തെ ക്ഷമയില്ലായ്മ നമുക്ക് വരുത്തിവെക്കുന്ന ദുരന്തം എത്രയോ ഭയാനകമാണ്. ഈ അടുത്ത കാലത്ത് ഗെയ്റ്റ് തുറക്കാൻ സെക്യൂരിറ്റി മാമ്മൻ വൈകുന്ന നിമിഷത്തിനോട് കാണിക്കാൻ പറ്റാത്ത ക്ഷമ എത്രയോ വലുതാണ്. ഷൂ കൊണ്ട് തല്ലിചതച്ച കഥ നമ്മൾ കേട്ടതാണ്. ഇതിനുള്ള ശിക്ഷ ലഭിക്കുമ്പോൾ മാത്രമാണോ നമ്മൾ ക്ഷമ പഠിക്കേണ്ടത്?

കാരുണ്യ സൗഭാഗ്യത്തിന് കുടുംബവും നമുക്കൊരു പാഠപുസ്തകമാണ്. മാതാപിതാക്കൾ പരസ്പരം കാണിക്കുന്ന കാരുണ്യം. പ്രായം ചെന്ന മാതാപിതാക്കളോട് പ്രദർശിപ്പിക്കുന്ന സ്നേഹാർദ്രമായ പെരുമാറ്റം, പടി കയറിവരുന്ന ദരിദ്രനോട് കാട്ടുന്ന ദയവ്, ആവശ്യത്തിലിരിക്കുന്ന സഹോദരനോടുള്ള പെരുമാറ്റം, മക്കൾക്കുവേണ്ടി നഷ്ടപ്പെടുത്തുന്ന സൗന്ദര്യവും, ശരീരത്തിനേൽക്കുന്ന മുറിവും, ചുളിവും, കാരുണ്യസൗഭാഗ്യത്തിന് ഒഴിച്ചു കൂടാനാവാത്ത നിബന്ധനകളാണ്. ഈ ദയയുടെ സ്പന്ദനങ്ങൾ തൊട്ടറിഞ്ഞ കുഞ്ഞ് തനിക്ക് സ്വന്തമാകുന്ന വീട്ടുമുറ്റത്ത് ഈ സൗഭാഗ്യത്തിന്റെ വിളവെടുപ്പ് നടത്തും.

ഇന്ന് വൃദ്ധസദനങ്ങൾ കൂടിവരുന്നത് ഈ ക്ഷമയുടെയും കാരുണ്യത്തിന്റെയും കുറവുതന്നെയാണ്. ഒരു കഥയാണ് ഓർമ്മവരുന്നത്.

ഭാര്യക്ക് ഏഴാംമാസം മുതൽ ബെഡ്റെസ്റ്റ് വേണമെന്ന് ഡോക്ടർ പറഞ്ഞതുമുതൽ മനോവിഷമത്തിലാണ് ഭർത്താവ്. തനിക്ക് ലീവ് എടുക്കാൻ പറ്റില്ല. എന്നാൽ ഭാര്യയെ തനിച്ച് ആക്കാനും പറ്റില്ല. അങ്ങനെ തന്റെ സുഹൃത്തിനോട് കാര്യം തിരക്കി. അദ്ദേഹം പറഞ്ഞു ഒട്ടും പേടിക്കണ്ട. ഇപ്പോൾ നല്ലനല്ല പാക്കേജുകൾ ഉണ്ട്. ഏഴാം മാസത്തിൽ അഡ്മിറ്റ് ആക്കാം. പ്രസവാനന്തര ചികിത്സയും കഴിഞ്ഞ് വീട്ടിൽ എത്തിക്കും. അദ്ദേഹത്തോട് നന്ദിയും പറഞ്ഞ് തിരിഞ്ഞു നടന്നു.

മാസങ്ങൾക്കു ശേഷം വീണ്ടും കണ്ടുമുട്ടി. കുട്ടിക്ക് നാലുമാസമായി. ഭാര്യക്ക് ലീവ് നീട്ടാൻ പറ്റില്ല. എനിക്കാണെങ്കിൽ ജോലി കയറ്റം കിട്ടി. ഒട്ടും ലീവില്ല. സുഹൃത്തിന് കാര്യം മനസ്സിലായി. മൂന്നുവയസ്സുവരെ കുട്ടിയെ നോക്കുന്ന പാക്കേജുണ്ട്. രാവിലെ വരും, വൈകീട്ട് പോകും. സന്തോഷത്തോടെ അവർ പിരിഞ്ഞു.

മൂന്നു കൊല്ലങ്ങൾക്കു ശേഷം അവർ വീണ്ടും കാണുന്നു. കുട്ടിക്ക് നാലുവയസ്സായി. ഞങ്ങളുടെ ജോലി ഒന്നുകൂടി ടൈറ്റായി. കുഞ്ഞിന്റെ വിദ്യാഭ്യാസം? സുഹൃത്ത് ചെറുപു

ഞ്ചിരിയോടെ പറഞ്ഞു. ഇത്തരി വലിയ പാക്കേജ് ആണ്. ഡെകെയർ മുതൽ തുടങ്ങി ഡിഗ്രിവരെയെടുത്ത് കയ്യിൽ തിരിച്ചുതരും. കുട്ടിയെ മാസത്തിൽ ഒരിക്കൽ കാണാം. പറഞ്ഞറിയിക്കാൻ പറ്റാത്ത സന്തോഷത്തോടെ മടങ്ങി.

വർഷങ്ങൾക്കു ശേഷം സുഹൃത്തിനെ ഒരു യുവാവ് കാണാൻ വന്നു. ചെറിയൊരു ഓർമ്മക്കുറവും, കാഴ്ചക്കുറവും തുടങ്ങിയതുകൊണ്ട് പെട്ടെന്ന് മനസ്സിലാക്കാൻ പറ്റിയില്ല. സ്ഥലവും പേരും പപ്പയുടെ പേരും പറഞ്ഞപ്പോൾ തന്നെ പെട്ടെന്ന് പിടികിട്ടി. മകൻ പറഞ്ഞു തുടങ്ങി. പപ്പായ്ക്കും മമ്മിക്കും ഭയങ്കര ഓർമ്മകുറവ്, അധികസംസാരം, കുട്ടികളുടെ മാതിരി പിടിവാശി, വയസ്സ് ഒത്തിരി ആയില്ലേ, മകൻ തുടർന്നു. എനിക്ക് തീരെ സമയം ഇല്ല. ഭാര്യക്കാണെങ്കിൽ ജോലിയുടെ തിരക്കും. പിന്നെ അവൾ ഇതൊക്കെ അഡ്ജസ്റ്റ് ചെയ്ത് പോകുന്ന പ്രകൃതവുമല്ല. പപ്പ താങ്കളെ പറ്റി ഇടയ്ക്കിടക്ക് പറയുന്നത് കേട്ടിട്ടുണ്ട്. പപ്പയോട് ഇങ്ങോട്ട് വരുന്ന കാര്യം പറഞ്ഞിട്ടില്ല. സുഹൃത്തിന് കാര്യം മനസ്സിലായി. നല്ല പരിചരണത്തോടെ നോക്കുന്ന ഒരു പാക്കേജ് ഉണ്ട്. മരിച്ചാൽ അതാത് മതപ്രകാരം സംസ്കരിക്കുകയും ചെയ്യും. സാധാരണ വൃദ്ധസദനമല്ല. മകൻ സന്തോഷത്തോടെ അഡ്രസ്സ് എഴുതി എടുത്തു. നമ്പർ തെറ്റാതിരിക്കാൻ ഒന്നുകൂടി വായിച്ചു കേൾപ്പിച്ചു. കൊടുക്കുന്നതേ തിരിച്ചുകിട്ടൂ.

കരുണയുടെ വേറൊരു മുഖം നമുക്ക് ദർശിക്കാം. പഠിക്കാൻ ഏറെ മോഹത്തോടെ വീടുകൾ തോറും കയറിയിറങ്ങി ചില്ലറ സാധനങ്ങൾ വിൽക്കുന്ന ഒരു കുട്ടി. പഠിക്കാനുള്ള ആവേശത്തിൽ വിശപ്പ് ഒന്നും കാര്യമായി എടുത്തില്ല. വാടിയ മുഖത്തോടെ അവൻ ഒരു വീട്ടിൽ കയറിചെന്നു. ദാഹിച്ച് തൊണ്ട വരളുന്നതുകൊണ്ട് ഒരു ഗ്ലാസ്സ് വെള്ളം ആവശ്യപ്പെട്ടു. ദയനീയ മുഖം കണ്ട് യുവതി അകത്തുചെന്ന് ഒരു ഗ്ലാസ്സ് പാല് കൊണ്ടു കൊടുത്തു. അവന് ഭയങ്കര ആശ്വാസം തോന്നി. അഭിമാനം കളയാതെ ചോദിച്ചു എത്രയാണ് പാലിന്റെ വില? 'ദയ കാണിക്കുന്നതിന് വില ചോദിക്കരുതെന്ന് എന്റെ അമ്മ പറഞ്ഞിട്ടുണ്ട്'. അവൾ അവനെ പറഞ്ഞുവിട്ടു. ചേച്ചിയുടെ പേര് ചോദിക്കാൻ അവൻ മറന്നില്ല.

വർഷങ്ങൾ കഴിഞ്ഞ് ഒരു യുവതി ഗുരുതരമായ രോഗം ബാധിച്ച് ആശുപത്രിയിലായി. ഒട്ടേറെ ഡോക്ടർമാർ പരിശ്രമിച്ചിട്ടും രോഗം മാറ്റാൻ കഴിഞ്ഞില്ല. ഒരു വിദഗ്ദനെ വിളിച്ചുവരുത്താൻ തീരുമാനിച്ചു. രോഗിയുടെ പേരും സ്ഥലവും കേട്ട ഉടനെ സംശയം തോന്നിയ വിദഗ്ദ ഡോക്ടർ രോഗി ആരാണെന്ന് ഉറപ്പുവരുത്തി. ഏറ്റവും ശ്രദ്ധയോടെ അവൻ അവരെ ശുശ്രൂഷിച്ച് സുഖപ്പെടുത്തി. ബില്ല് തന്റെ അംഗീകാരത്തിന് എത്തിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഭീമമായ ഒരു ബില്ല് ഡോക്ടറുടെ മേശപ്പുറത്തുവന്നു. അവൾ കരുതി ഇനിയുള്ള കാലം മുഴുവൻ പണിയെടുത്താൽ മാത്രമെ ഈ ബില്ല് കടം വീട്ടാനാകുവെന്ന്. എന്നാൽ ഡോക്ടർ അതിൽ എഴുതി "ഒരു ഗ്ലാസ്സ് പാലുകൊണ്ട് നിങ്ങൾ ഈ ബില്ല് അടച്ചു തീർത്തു എന്ന്".

"കരുണയുള്ളവർ ഭാഗ്യവാന്മാർ അവർക്ക് കരുണ ലഭിക്കും" (മത്താ. 5:7). "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്ക 6:36)

നമ്മൾ ഇന്ത്യക്കാർ മാസ്ക് ധരിക്കുന്നത് രോഗം വരാതിരിക്കുവാനാണ്. എന്നാൽ ചൈനക്കാർ മാസ്ക് ധരിക്കുന്നത് സ്വന്തം രോഗം മറ്റുള്ളവരിലേക്ക് പകരാതിരിക്കാനാണ് എന്ന് പറഞ്ഞ് കേട്ടിട്ടുണ്ട്. ഇതാണ് കരുണയുടെ കാരുണ്യം.

കുടുംബം മനുഷ്യസമൂഹത്തിന് അടിത്തറയാണെങ്കിൽ കരുണ മനുഷ്യസമൂഹത്തെ ദൈവീകമാക്കുന്ന സുപ്രധാന ഗുണമാണ്.

നമ്മുടെ ജീവിതം കരുണ നിറഞ്ഞ ഒരു മനസ്സിനുവേണ്ടി മാറ്റിവെക്കാം.

●

# തക്കാളിയുടെ പുനർജനനം

**ബേബി ജോസ് പള്ളിപുറത്തുകാരൻ**

ആരുടെയോ സഞ്ചിയിൽ നിന്നും വീണുപോയ ഒരു സുന്ദരൻ തക്കാളി റോഡിൽ കിടക്കുന്നത് കാണുവാൻ ഇടയായി. ആ തക്കാളിയെ ചുറ്റിപ്പറ്റിയുള്ള ഒരു ആവിഷ്ക്കാരം. തക്കാളി അങ്ങനെ വെയിലേറ്റ് വാടിത്തളർന്നും ആളുകളുടെ ചവിട്ടേറ്റും ചക്രങ്ങളുടെ ഇടയിൽ ഞെരിഞ്ഞമർന്നും അങ്ങനെ വികൃതമായി കിടക്കുകയായിരുന്നു. ഒരു ദിവസം കുളിർമഴ ആ തക്കാളിയുടെ മുകളിൽ പെയ്തിറങ്ങി. വീണ്ടും ആരോ ഒരാൾ ആ വികൃത രൂപത്തെ തട്ടിതെറിപ്പിച്ചു. ഇപ്പോൾ ആ വികൃത രൂപം വീണത് വളരെ സുരക്ഷിതമായി കുറെ മുറ്റമുള്ള ഒരു ഭാഗത്തായിരുന്നു. ഓരോ ദിവസം കഴിയുന്തോറും അതിൽ നിന്ന് മുളകൾ പൊട്ടി നേരിയ ചിനപ്പുകൾ പുറത്തേക്ക് കാണാറായി. ഒരു ചെടിയല്ല കുറച്ചധികം ചെടികൾ രൂപപ്പെട്ടു. ദിവസങ്ങൾ പോകുന്നതോടുകൂടി ചെടികൾ വലുതായി പൂക്കൾ വിരിയാൻ തുടങ്ങി. വീണ്ടും കുറച്ചു ദിവസങ്ങൾ കൂടി കഴിഞ്ഞപ്പോൾ പച്ചകായകൾ രൂപപ്പെട്ടു. ആ പച്ച കായ്കൾ എല്ലാം പഴുത്ത് സുന്ദരമായ തക്കാളിയായി മാറി. തക്കാളിയുടെ രൂപമാറ്റം എത്രപെട്ടന്നായിരുന്നു. തന്നെ ചവിട്ടിതെറിപ്പിച്ചവർ എല്ലാം ചുറ്റും വന്ന് നിന്ന് ആ തക്കാളിച്ചെടിയെ വർണ്ണിക്കുന്നത് ആ കാതുകളിൽ കേൾക്കാൻ ഇടയായി. പ്രിയമുള്ളവരെ ആരാണ് ആ തക്കാളിയെ ചവിട്ടിതെറിപ്പിച്ച് സുരക്ഷിതമായ സ്ഥലത്തേക്ക് എത്തിച്ചത്. ദൈവദൂതന്മാരെപ്പോലെ വരുന്ന മാലാഖമാരാണ്. നമ്മുടെ അടുത്തേക്കും പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ കർത്താവ് അയക്കുന്നില്ലേ. എന്നിട്ടും നാം എന്താണ് ആ ആത്മാവിനെ തിരിച്ചറിയാതെ പോകുന്നത്. എന്തുകൊണ്ടാണ് ആ ആത്മാവ് പറയുന്നത് നാം അനുസരിക്കാത്തത്. പരിശുദ്ധാത്മാവിന്റെ നിറവ് നമ്മിൽ ഇല്ലാത്തതുതന്നെ അതിനു കാരണം. ആ തക്കാളിയുടെ സങ്കടം നമ്മുടെ ദൈവം അറിഞ്ഞതുപോലെ നമ്മുടെ സങ്കടങ്ങളും രോഗവാസ്ഥകളും, കഷ്ടപ്പാടുകളും ദൈവം അറിയുന്നുണ്ട്. തക്കാളി വെയിലേറ്റിട്ടും, ചവിട്ടേറ്റിട്ടും കാത്തിരുന്നതുപോലെ നമുക്കും ഒരു മനസ്സ് കാത്തിരിക്കുവാൻ ഉണ്ടാകണം. തക്കാളി ചെടിയിൽ കായ്കൾ ഉണ്ടായി പഴുത്ത് നിറഞ്ഞു നിന്നപ്പോൾ ആളുകൾ ചുറ്റും കൂടിയതുപോലെ ദൈവമാകുന്ന ജീവനുള്ള വചനം നമ്മുടെ വായിൽ കൂടി മറ്റുള്ളവർ കേൾക്കുമ്പോൾ നമ്മുടെ അടുത്തേക്കും ആളുകൾ വരുന്ന ഒരവസ്ഥ നാം തന്നെ ഉണ്ടാക്കണം. തക്കാളി ചെടി കൃതാർത്ഥനായതുപോലെ നമ്മിലും ഒരു സ്വർഗ്ഗീയ അനുഭവം ഉണ്ടാകും. ആരെല്ലാം നമ്മെ ചവിട്ടി തെറിപ്പിച്ചാലും നമ്മെ കാക്കുന്ന ഒരു ദൈവം നമുക്ക് ഉണ്ട്. തക്കാളിക്ക് ഒരു പുതിയ ജനനം ഉണ്ടായതുപോലെ നമ്മിൽ ഓരോരുത്തരിലും പുതിയ അനുഭവം ഉണ്ടാകണം. പെന്തകോസ്തു തിരുനാളും പുതുക്കത്തിന്റെ അനുഭവങ്ങളും നമ്മിൽ നിന്ന് കടന്ന് പൊയ്ക്കൊണ്ടിരിക്കുന്നു. യോഹ. 3:3 പുതുതായി ജനിച്ചില്ല എങ്കിൽ ദൈവ രാജ്യം കാണ്മാൻ ആർക്കും സാധിക്കുകയില്ല. നിക്കൊദോമോസ് ചോദിച്ചതുപോലെ വൃദ്ധനായതിനു ശേഷം ജനിക്കുന്നത് എങ്ങനെ? രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്ന് ജനിക്കാമോ. പുതുതായി ജനിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരു മാറ്റം നമ്മിൽ ഉണ്ടാകണം എന്നാണ്. എങ്കിൽ മാത്രമെ നമുക്ക് ലക്ഷ്യസ്ഥാനത്തേക്ക് എത്തുവാൻ സാധിക്കുകയുള്ളു.

●

## അറിയിപ്പ്

ഈ അദ്ധ്യയന വർഷം (2019–2020) സഭയുടെ വിവിധ സ്കൂളുകളിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപകരുടെ ഒഴിവുകളിലേക്ക് യു.പി.എസ്. എ. അദ്ധ്യാപനത്തിന് യോഗ്യതയുള്ള സഭാമക്കളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നു കോർപ്പറേറ്റ് മാനേജരുടെ ഓഫീസിൽ നേരിട്ട് അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. പ്രവർത്തി ദിവസങ്ങളിൽ ഉച്ചതിരിഞ്ഞ് 3 മണി മുതൽ 4 മണി വരെ അപേക്ഷകൾ സ്വീകരിക്കുന്നതാണ്. 2019 ആഗസ്റ്റ് 31–ാം തിയതിക്ക് മുമ്പായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

–ദി ബോർഡ് ഓഫ് സെൻട്രൽ ട്രസ്റ്റീസ്

# വിശുദ്ധ തോമാശ്ലീഹ



ശാന്ത ഇനാശു

ജൂലൈ 3 ഭാരത ക്രൈസ്തവരെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഓർമ്മയുടെ തിരുന്നാളാണ്. വി.തോമാശ്ലീഹായുടെ ഓർമ്മതിരുന്നാൾ. എല്ലാ വർഷവും ജൂലൈ 3-ാം തിയ്യതി നമ്മുടെ സഭ വി. തോമാശ്ലീഹായുടെ ഓർമ്മതിരുനാൾ (ദുക്റാന) ആചരിച്ചുവരുന്നു. യേശുനാഥന്റെ കൂടെ നടന്ന് അനുഭവിച്ചറിഞ്ഞ സത്യത്തിന്റെ സാക്ഷ്യവുമായി എ.ഡി. 52-ൽ കടലുകൾ കടന്ന് ഭാരതമണ്ണിലേക്ക് സത്യവിശ്വാസത്തിന്റെ സുവിശേഷവുമായി വി. തോമാശ്ലീഹാ കടന്നുവന്നു. ക്രാങ്കന്നൂർ എന്ന് അറിയപ്പെട്ടിരുന്ന കൊടുങ്ങല്ലൂരിലാണ് അദ്ദേഹം എത്തിച്ചേർന്നത്. അവിടെ എത്തിയ ശ്ലീഹാ ഏഴ് പള്ളികൾ സ്ഥാപിച്ചു. വളരെയേറെ പേരെ മാമോദീഥാ നൽകി ക്രിസ്തുമതത്തിലേക്ക് കൊണ്ടുവന്നു.

വിശുദ്ധ ബൈബിളിൽ പുതിയ നിയമ പുസ്തകങ്ങളിൽ വി.യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമാണ് വി.തോമാശ്ലീഹായെപ്പറ്റി നാം കൂടുതൽ മനസ്സിലാക്കുന്നത്. 3 പ്രാവശ്യം തോമാശ്ലീഹായെപ്പറ്റിയുള്ള പരാമർശങ്ങൾ നാം അവിടെ കാണുന്നുണ്ട്. ദിദിമോസ്, തോമാസ് എന്ന ഇരട്ടപേര് അദ്ദേഹത്തിനുണ്ടായിരുന്നു.

നമ്മുടെ യേശുനാഥൻ തന്റെ ഉറ്റ സ്നേഹതിനായ ലാസറിനെ ഉയിർപ്പിക്കുവാൻ ബെഥാന്യയിലേക്കു പോകുമ്പോൾ തോമാശ്ലീഹാ മറ്റുശിഷ്യന്മാരോട് പറയുന്നുണ്ട് "അവനോട് കൂടെ മരിക്കേണ്ടതിന് നമുക്കും പോകാം" (യോഹ. 11:16) യേശുവിനോടുള്ള തന്റെ അതിരറ്റ സ്നേഹവും, വിശ്വാസവും, യേശുവിനുവേണ്ടി മരിക്കുവാനുള്ള സന്നദ്ധതയും തോമാശ്ലീഹ്ക്ക് ഉണ്ടായിരുന്നുവെന്ന് നാം ഇവിടെ മനസ്സിലാക്കുന്നു.

വി. യോഹന്നാൻ എഴുതിയ സുവിശേഷം 14-ാം അദ്ധ്യായത്തിൽ തന്റെ പിതാവിന്റെ അടുത്തേക്ക് പോകുന്ന കാര്യത്തെപ്പറ്റി ശിഷ്യന്മാരോട് യേശു പറയുന്നുണ്ട് "ഞാൻ പോകുന്ന ഇടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു" (14:14) ഇത് കേട്ട തോമശ്ലീഹാ ചോദിക്കുന്നുണ്ട്. "കർത്താവേ, നീ എവിടെ പോകുന്നു എന്ന് ഞങ്ങൾ അറിയുന്നില്ല; പിന്നെ വഴി എങ്ങനെ അറിയും" (14:5) അതിന് ഉത്തരമായി യേശുനാഥൻ പറഞ്ഞു "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (14:6) തന്റെ അരുമനാഥൻ പോകുന്നത് തന്റെ പിതാവിന്റെ അടുത്തേക്കാണെന്നും, അവിടെ എത്തിച്ചേരുന്നത് യേശുവിലൂടെ മാത്രമേ സാദ്ധ്യമാകുകയുള്ളൂ എന്നും മനസ്സിലാക്കിയ തോമാശ്ലീഹാ ആ സത്യത്തെ സ്വീകരിച്ചു. അദ്ദേഹത്തിന് ഉണ്ടായ ആ ദൈവരാജ്യാനുഭവം ഇന്ന് നമുക്ക് പലർക്കും ഉണ്ടാകാറില്ല. കാരണം ദൈവരാജ്യത്തെക്കുറിച്ചുള്ള പ്രത്യാശയും, വിശ്വാസവും നമുക്ക് ഉണ്ടാകാറില്ല. ഈ ലോകജീവിത സുഖസൗകര്യങ്ങളും. ജഢീക മോഹങ്ങളുമാണ് നമ്മിൽ നിറഞ്ഞു നിൽക്കുന്നത്.

യഹൂദന്മാരെ പേടിച്ച് ഒരു മുറിക്കുള്ളിൽ കതകുകൾ അടച്ച് ഇരുന്നിരുന്ന ശിഷ്യന്മാരുടെ മദ്ധ്യത്തിൽ, മരണത്തെ ജയിച്ച് ഉത്ഥാനം ചെയ്ത യേശു തമ്പുരാൻ വരികയും, അവർക്ക് സമാധാനം ആശംസിക്കുകയും തന്റെ കൈകളും, വിലാപ്പുറവും അവർക്ക് കാണിച്ചുകൊടുക്കുകയും ചെയ്തു. കർത്താവിനെ കണ്ട് അത്യന്തം സന്തോഷിച്ച ശിഷ്യന്മാരുടെമേൽ യേശു ഊതി പരിശുദ്ധാത്മാവിനെ നൽകുകയും അവർക്കുള്ള ദൗത്യം എല്പിക്കുകയും ചെയ്തു. (20:19-23). ഈ ധന്യനിമിഷങ്ങൾക്ക് സാക്ഷ്യം വഹിക്കാൻ കഴിയാതെ പോയ ശിഷ്യനാണ് തോമാശ്ലീഹാ. ഉയർത്തെഴുന്നേറ്റ യേശുവിനെ ഞങ്ങൾ കണ്ടു എന്ന് പറഞ്ഞ ശിഷ്യന്മാരോട് തോമാസ് പറഞ്ഞു "ഞാൻ അവന്റെ കൈകളിൽ ആണിപഴുത് കാണുകയും, ആ ആണിപഴുതിൽ വിരൽ ഇടുകയും അവന്റെ വിലാപ്പുറത്ത് കൈ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കുകയില്ല" (20:25) എട്ട് ദിവസങ്ങൾക്ക് ശേഷം തോമാസ് മറ്റു ശിഷ്യന്മാർക്കൊപ്പം ഇരിക്കുമ്പോൾ യേശു അവിടെ പ്രത്യക്ഷപ്പെട്ടു. യേശുതമ്പുരാൻ തോമാസിനോട് "നിന്റെ വിരൽ ഇങ്ങോട്ട് നീട്ടി എന്റെ വിലാപ്പുറത്ത് ഇടുക; അവിശ്വാസിയാകാതെ വിശ്വാസിയായിരിക്ക" എന്ന് പറഞ്ഞു (20:26,27) വിശ്വാസത്തിൽ ആഴങ്ങളിൽ എത്തിചേർന്ന തോമാശ്ലീഹാ തന്റെ വിശ്വാസം യേശുവിന്റെ മുമ്പാകെ ഏറ്റുപറഞ്ഞു. "എന്റെ




# കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നു

നസ്രായനായ യേശു രോഗികൾക്കു സൗഖ്യം നൽകിക്കൊണ്ട് നഗരങ്ങളിലും ഗ്രാമങ്ങളിലും നടക്കുന്നെന്ന് കേട്ട് ഒരു കുഷ്ഠരോഗി അദ്ദേഹത്തെ തേടിയെത്തി.

യേശുവിനെ കണ്ടപ്പോൾ അയാൾ അവിടുത്തെ തൃപ്പാദത്തിങ്കൽ സാഷ്ടാംഗം പ്രണമിച്ചു.

"കർത്താവേ, അങ്ങേക്കു മനസ്സുണ്ടെങ്കിൽ എന്നെ സൗഖ്യമാക്കൂ". അയാൾ വിലപിച്ചു.

"ഞാൻ നിന്നെ സൗഖ്യമാക്കുന്നു". യേശു ഇങ്ങനെ പറഞ്ഞുകൊണ്ട് അയാളുടെ ശരീരത്തിൽ സ്പർശിച്ചു.

ഉടനെ അയാളുടെ രോഗം മാറി.

അയാൾ അത്ഭുതത്തോടെ തന്റെ കൈകളും കാലുകളും നോക്കി. വ്രണങ്ങളെല്ലാം മാറിയിരിക്കുന്നു. മുറിഞ്ഞുപോയ കൈവിരലുകളും കാൽവിരലുകളും പഴയതുപോലെ ആയിരിക്കുന്നു. അയാൾ യേശുവിന്റെ കാൽക്കൽ വീണ് വന്ദിച്ചു.

"ഞാൻ നിനക്ക് ഇത് ചെയ്തുതന്ന വിവരം ആരോടും പറയരുത്. എന്നാൽ നീ നിന്നെത്തന്നെ പുരോഹിതന് കാണിച്ച് സൗഖ്യമായതിന് ദൈവത്തിന് ഒരു കൃതജ്ഞതാ ബലി അർപ്പിക്കണം".

അയാൾ യേശു പറഞ്ഞപ്രകാരം ചെയ്യാൻ ഓടിപ്പോയി. പക്ഷെ ആഹ്ളാദം കൊണ്ട് വീർപ്പുമുട്ടിയ അയാൾക്ക് തനിക്കു ലഭിച്ച അനുഗ്രഹം നാട്ടുകാരിൽ നിന്ന് മറച്ചുവെക്കാനായില്ല.

"നോക്കൂ! എന്റെ രോഗം മാറി. അനേക കൊല്ലം ഞാൻ കുഷ്ഠരോഗിയായിരുന്നു!" കണ്ടവരോടെല്ലാം അയാൾ ഓടി നടന്ന് ഇങ്ങനെ പറഞ്ഞു, "നസ്രായനായ യേശു എന്നെ സുഖപ്പെടുത്തി".

ആ അത്ഭുതം കേട്ടറിഞ്ഞ ജനങ്ങൾ രോഗസൗഖ്യത്തിനും പ്രസംഗം കേൾക്കാനുമായി തിക്കിത്തിരക്കി എത്തിച്ചേർന്നു. യേശുവിനെപ്പോലെ മറ്റൊരാളെപ്പറ്റി അന്നുവരെ അവർ ഒരിക്കലും കേട്ടിരുന്നില്ല.

---

കർത്താവും എന്റെ ദൈവവും ആയുള്ളോവേ" (20:28).

വി. തോമാശ്ലീഹാ യേശുവിൽ വിശ്വസിച്ചു. തൊട്ടറിഞ്ഞ വിശ്വാസത്തിന്റെ ഉടമയായ വി.തോമാശ്ലീഹാ യേശുവിനുവേണ്ടി ജീവിച്ച് മരിച്ചവനായിരുന്നു. എ.ഡി. 72-ൽ മൈലാപ്പൂരിലെ ചിന്നമലയിൽവെച്ച് ഒരു ബ്രാഹ്മണന്റെ കുത്തേറ്റ് വി. തോമാശ്ലീഹാ രക്തസാക്ഷിത്വം വരിച്ച് മരിച്ചു. മൈലാപ്പൂരിലെ കടൽത്തീരത്തുള്ള ഒരു ചെറിയ പള്ളിയിൽ ശ്ലീഹായുള്ള തിരുശരീരം അടക്കം ചെയ്തു. പിന്നീട് അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ എഡേസ്സയിലേക്കും, അവിടെ നിന്ന് പിന്നീട് ഇറ്റലിയിലെ ഒർട്ടോണ എന്ന സ്ഥലത്തേക്കും മാറ്റപ്പെട്ടു. യേശുവിലൂടെ മാത്രമാണ് രക്ഷ എന്നു മനസ്സിലാക്കിയ തോമാശ്ലീഹായെപ്പോലെ നമുക്കും യേശുനാഥനിൽ ഉറച്ച് വിശ്വസിക്കാം. വി. തോമാശ്ലീഹാ തന്റെ വിശ്വാസം യേശുവിനോട് ഏറ്റു പറഞ്ഞതുപോലെ നമുക്കും ദൈവത്തോട് നമ്മുടെ വിശ്വാസം ഏറ്റു ചൊല്ലാം "എന്റെ കർത്താവും, എന്റെ ദൈവവും ആയുള്ളോവേ"!

●

Married on 12th May 2019



## SONU LEO

*D/o Mr. Leo Thomas & Mrs. Jerry Leo*
*Thaikkaden House*
*Menachery Nagar*
*Nellikkunnu, Thrissur*

## LIJO WILSON

*S/o Mr. E.L. Wilson*
*&*
*Mrs. Lissy Wilson*
*Emmatty House*
*Chelakkottukara*
*Unity Road, Thrissur*





*Best Compliments From: Abimalek Thaikkaden*

**Wedded on Sunday 9th June 2019**

# Adv.SRUTHI ABI

D/o Mr. Abi N.I
&
Mrs. Usha Abi
Kannampuzha Nadakkavukaran House
Chittilappilly P.o,
Thrissur - 680 551

# NIJO FRANCIS

S/o Mr. Francis E.T
&
Mrs. Omana Francis
Eluvathingal House
Thoyakkavu P.o,
Thrissur - 680 513






Sharing the Happiness : Dino Abi

Married on
19-05-2019





**MILTON JOY KOLLANNUR**
S/o (Late) K.L. Joy & Julie Joy
Kollannur Alukkal House
Nellenkara

**NIMMY JOY**
D/o C.D. Joy & Lincy Joy
Chakkalamittam House
Chiyyaram

*Compliments: Melvin Joy Kollannur*
*Neenu Joy & Jeeson Joy*

**9 – ാം ചരമ വാർഷികം**
**03.08.2019**

**കൊള്ളന്നൂർ ആലുക്കൽ ലോനപ്പൻ**

**ജോയ്**

**(South Indian Bank, West Fort, Thrissur)**

വേറിട്ടുപോയി ദൃശ്യമാം നിൻ
ദേഹമെങ്കിലും പപ്പേ,
വേറിട്ടുപോകില്ല നിൻ ഓർമ്മകൾ
എന്നിൽ നിന്നൊരിക്കലും.



ഭാര്യ: ജൂലി ജോയ്

മക്കൾ: മിൽട്ടൺ ജോയ് കൊള്ളന്നൂർ
മെൽവിൻ ജോയ് കൊള്ളന്നൂർ.

*Because* Someone We Love Is In Heaven...
*there's a little bit of* **HEAVEN** *in our home*

# 4 -ാം ചരമവാർഷികം



## Dr. SUREKHA KURIAN (Expired on: 13.08.2015)

(Associate Professor
Dep. of Microbiology & Biotechnology, Kannur University)
W/o Dr. Kurian Raphael Poovathingal. Son: Athul P. Kurian
Chembukkavu, Thrissur

13-8-2019  10:30 AM

## Dr. K. Surekha Memorial Oration-2019

**on Tuesday, 13th August 2019**

**Memorial Lecture on**

**The circadian clock regulates triglyceride metabolism in *Drosophila***



**By**
**Dr. Nisha N Kannan**
**Assistant Professor**
**School of Biology, IISER, Thiruvananthapuram, India**

Organized by
Department of Biotechnology & Microbiology
Thalassery Campus, Kannur University

Venue:
Seminar Hall
Thalassery Campus, Kannur University

**Programme** 13th August 2019 10:30AM



*Welcome*
Dr. Anu Augustine
Head of the Department
Dept. Biotechnology & Microbiology
Kannur University

*Presidential Address*
Dr. B. Satheesh
Director
Malabar Cancer Centre, Thalassery.

*Keynote Address & Dr. K. Surekha Memorial Oration*
Dr. Nisha N Kannan
Assistant Professor
School of Biology, IISER, Thiruvanathapuram, India

Topic : 'The circadian clock regulates triglyceride metabolism in *Drosophila*'

*Announcement of Dr. K. Surekha Memorial Endowment Award*
Dr. P. Kurian Raphael
Senior Scientist , Central Coffee Research Institute
Coffee Board of India, Balahonur
Chikkamagalore Dt., Karnataka - 571 112.
Distribution of Dr. K. Surekha Memorial Endowment Award-2019

*Felicitation*
Dr. B. Bindhu
Campus Director, Thalassery Campus
Kannur University

Dr. P. Kurian Raphael

**INVITATION**

*Vote of thanks*
Dr. E. Jayadevi Variyar
Associate professor
Dept. Biotechnology & Microbiology

**38-ാം ചരമദിനം**
**25.08.2019**



## ഇമ്മട്ടി വാറു ഭാര്യ
## ഓമന

ജനനം : 10-05-1945
മരണം : 19-07-2019

**പ്രാർത്ഥനയോടെ**
**ദുഃഖാർത്തരായ കുടുംബാംഗങ്ങൾ**
**ഭർത്താവ്:** വാറു ഇമ്മട്ടി
**മക്കൾ:** ജെസ്സി, ആന്റോ, സന്തോഷ്, ബിന്ദു
**മരുമക്കൾ:** തിമോത്തി, ഷെർളി, ടെൻസൻ
**പേരകുട്ടികൾ:** ജിപ്സൺ-സിമി, ജിൻസി-ടിന്റോ
ജിതിൻ, അലീന, അമൽ - ഏദൻജോ ടിന്റോ



**39-ാം ചരമദിനം**
**24-08-2019**

## ആലപ്പാട്ട് പൂവ്വത്തിങ്കൽ
## വറുതുണ്ണി മകൻ തോമാസ്

**ജനനം: 08-03-1947**
**മരണം: 17-07-2019**

"ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ
നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ"
(യോഹ. 15:12)



## 31-ാം ചരമദിനം


11-08-2019

**തെക്കേകര കാളത്തോട്ടുകാരൻ**
**അന്തപ്പൻ മകൻ തിമത്തി**
കുന്നത്തൂർമേട്
പാലക്കാട്

**ജനനം: 31-07-1942**
**മരണം: 12-07-2019**

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു,
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും". (യോഹ. 11:25)

**സന്തപ്തകുടുംബാംഗങ്ങൾ**



## 30-ാം ചരമവാർഷികം

## ചീരമ്പർ കൊച്ചാപ്പു മകൻ വർഗ്ഗീസ്

**ജനനം: 12-04-1939**
**മരണം: 22-08-1989**

**നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമെ**

18-ാം ചരമവാർഷികം
30.07.2019

6-ാം ചരമവാർഷികം
15.10.2019



## നീലങ്കാവിൽ തോമ
## മകൻ അന്തോണി

ജനനം: 31.10.1923
മരണം: 30.07.2001

## നീലങ്കാവിൽ അന്തോണി
## ഭാര്യ കുഞ്ഞില

ജനനം: 29.08.1933
മരണം: 15.10.2013

നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളെയും ഓർക്കേണമെ


| | | | |
|---|---|---|---|
| Grand Caterers | Honest Stores | Pharma Agencies | N.T.A |
| Chelakkottukara | Chennai | Thrissur | No.45, STN Market |
| Thrissur | | 9447995807 | Thrissur |
| 9846037490 | 09884637851 | 9847005764 | 8281081109 |

# IN EVER LOVING MEMORY OF



**T.V. ANDREWS**

Born: 12.04.1905 Died: 03.09.1969



**MARIAKUTTY**

Born: 18.02.1911 Died: 04.09.1994



**T.V. FRANCIS**

Born: 22.08.1936 Died: 25.12.1978



**SOSAMMA FRANCIS**

Born: 12.07.1942 Died: 29.06.2004

# 41-ാം ചരമദിനം
31.08.2019



## കാങ്കപ്പാടൻ പോൾ മകൻ പ്രൊഫ. കെ.പി. അബ്രഹാം

ജനനം : 10-02-1936

മരണം : 22-07-2019

**നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമെ**

സന്തപ്തകുടുംബാംഗങ്ങൾ

പൗരസ്ത്യസഭയുടെ ഇന്ത്യയിലെ പാത്രിയർക്കാ പ്രതിനിധി
അഭിവന്ദ്യ മാർ തിമോഥെയൂസ് മെത്രാപ്പോലീത്താ
തിരുമേനിക്ക്



# ആദരാഞ്ജലികൾ

ജനനം : 2 – 12 – 1920
മെത്രാപ്പോലീത്ത : 10 – 10 – 1971
മരണം : 6 – 8 – 2001

**മാർ തിമോഥെയൂസ് മെത്രാപ്പോലീറ്റൻ**
**മെമ്മോറിയൽ ഫെല്ലോഷിപ്പ്**


## 37–ാം ചരമവാർഷികം
**14–08–2019**



എലുവത്തിങ്കൽ മാമ്പിള്ളി
ദേവസ്സി **ജെയ്ക്കബ്ബ്**
(Founder Jabko Syndicate, Thrissur)
മരണം : 14.08.1982




## 5–ാം ചരമവാർഷികം
**29–05–2019**



എലുവത്തിങ്കൽ മാമ്പിള്ളി
ജെയ്ക്കബ് ഭാര്യ **റോസി**
ജനനം : 01.02.1933
മരണം : 29.05.2014

## 43-ാം ചരമവാർഷികം



**മൂലങ്കോടൻ വറീത് മകൻ ജോസ്**

ജനനം: 28-05-1928
മരണം: 25-04-1976

## 6-ാം ചരമവാർഷികം



**മൂലങ്കോടൻ ജോസ് ഭാര്യ ലീല**

ജനനം: 01-06-1940
മരണം: 10-08-2013


## 55-ാം ചരമവാർഷികം



വടക്കൻ പറഞ്ചപ്പൻ
**അന്തോണി**

ജനനം 02-03-1905 മരണം 17-05-1964

## 30-ാം ചരമവാർഷികം



വടക്കൻ അന്തോണി മകൻ
**ബേബി**

ജനനം 28-04-1938 മരണം 25-08-1989



2-ാം ചരമവാർഷികം
22-08-2019

കുന്നികുരു അന്തോണി
മകൾ **സുറുമ**

ജനനം: 18-09-1932
മരണം: 22-08-2017

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമെ



## വേർപ്പാടിന്റെ 14-ാം വർഷം

# M.D. ANTONY

**(Aydee)**

**അരിമ്പൂർ മൂക്കൻ ദേവസ്സി അന്തോണി**

**പറവട്ടാനി**

ജനനം : 28 – 02 – 1938

മരണം : 16 – 08 – 2005

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു;
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" യോഹന്നാൻ 11: 25

ര്‍

# 14-ാം ചരമവാര്‍ഷികം

21-08-2019





“നിങ്ങളുടെ പ്രാര്‍ത്ഥനയില്‍ എന്നെയും ഓര്‍ക്കേണമെ”

## I.P. JOHN

*(Rtd. Staff. South Indian Bank)*
*Immatty House*
*Pattikkad*

ജനനം : 22-02-1934
മരണം : 21-08-2005

എന്നെന്നും മരിക്കാത്ത ഓര്‍മ്മകളുമായി,

ഭാര്യ: എല്‍സി ജോണ്‍
മക്കള്‍: നിക്സന്‍, നിഷ, നിജേഷ്
മരുമക്കള്‍: മീജ, ഡേവിഡ്, സിന്റോ
പേരകുട്ടികള്‍: മെല്‍വിന്‍, മേഗ, എഡ്രിന്‍, ആന്‍ഡ്രില
റിബേക്ക, എസ്റ്റര്‍

# 1-ാം ചരമവാര്‍ഷികം

11-07-2019



## കൂത്തൂര് വെള്ളാട്ടുക്കര
## തോമസ് മകന്‍ ആന്റണി

ജനനം: 29-05-1957
മരണം: 11-07-2018

നിങ്ങളുടെ പ്രാര്‍ത്ഥനയില്‍ എന്നെയും ഓര്‍ക്കേണമെ

# സ്നേഹസ്മരണയ്ക്ക്





വേങ്ങാശ്ശേരി ജെയ്ക്കബ്
ഭാര്യ **കുഞ്ഞേത്തി**
ജനനം: 14-03-1924
മരണം: 01-06-2001

വേങ്ങാശ്ശേരി റപ്പായി
മകൻ ജെയ്ക്കബ്
ജനനം: 19-08-1914
മരണം: 20-08-1968

Paul Jacob & Family

# പാവനസ്മരണയ്ക്ക്

ചിറ്റിലപ്പിള്ളി
പൈലോത് മകൻ
**ഐസക്**

ജനനം: 23.12.1923
മരണം: 30.01.2004






ചിറ്റിലപ്പിള്ളി ഐസക്
ഭാര്യ **കുഞ്ഞായി**

ജനനം: 05.10.1928
മരണം: 13.08.2007

ചിറ്റിലപ്പിള്ളി
ഐസക് മകൻ
**ബേബി (പോൾ)**

മരണം: 14.03.2019





ചിറ്റിലപ്പിള്ളി
ബേബി (പോൾ)
ഭാര്യ **കുഞ്ഞില**

മരണം: 02.12.2018

നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളെയും ഓർക്കേണമെ



## 1-ാം ചരമവാർഷികം
## 21-08-2019

### കവലക്കാട്ട് ഓവുങ്ങൽ
### ജോണി ഭാര്യ **ജെസീന്ത**

ജനനം: 17-09-1955
മരണം: 21-08-2018

മക്കൾ, മരുമക്കൾ, പേരകുട്ടികൾ

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമെ



## 7 – ാം ചരമവാർഷികം
## 14.08.2019

### കാരേപറമ്പൻ അന്തോണി മകൻ
### തോമസ്


Retd. Staff: Central Bank of India, Thrissur

ജനനം: 20-08-1951
മരണം: 14-08-2012

**അന്ത്യദിനംവരെ ഞങ്ങൾക്കായ് അദ്ധ്വാനിച്ച്
ഒരു യാത്രാമൊഴി പോലും പറയാതെ യാത്രയായ
ഞങ്ങളുടെ പ്രിയപ്പെട്ട ഡാഡിയുടെ
സ്നേഹസ്മരണകൾക്കു മുമ്പിൽ പ്രാർത്ഥനയോടെ**
**സന്തപ്തകുടുംബാംഗങ്ങൾ**

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമെ.

പാവന
സ്മരണയ്ക്ക്



കാങ്കപ്പാടൻ പൈലോത്
**തോമകുട്ടി**

കാങ്കപ്പാടൻ തോമകുട്ടി ഭാര്യ
**മറിയം**
മരണം: 25.07.1956

12-ാം ചരമവാർഷികം



കവലക്കാട്ട് ഓവുങ്ങൽ അന്തോണി
ഭാര്യ **മർത്ത**


ജനനം : 08-08-1912 മരണം : 01-08-2007

നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളെയും ഓർക്കേണമേ

സ്നേഹസ്മരണകളോടെ : കെ.ടി. ആന്റണി. കാങ്കപ്പാടൻ, ചേലക്കോട്ടുകര


## പാവനസ്മരണക്ക്

60-ാം ചരമവാർഷികം




അയ്യന്തോൾ ലോനപ്പൻ
**തോമാസ്**
മരണം : 14-10-1959

25-ാം ചരമവാർഷികം



അയ്യന്തോൾ തോമാസ്
ഭാര്യ **അച്ചായി**
മരണം : 13-07-1994

10-ാം ചരമവാർഷികം



അയ്യന്തോൾ തോമാസ്
മകൻ **ജോണി**
മരണം : 14-05-2009

നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളെയും ഓർക്കേണമേ
മക്കൾ, മരുമക്കൾ, പേരകുട്ടികൾ



## 1-ാം ചരമവാർഷികം
## 10.09.2019

ചിറയത്ത് കോനിക്കര ജോൺ മകൻ

# തോമസ് (കെ.ജെ.തോമസ്)

(മുൻ രജിസ്ട്രാർ-സെക്രട്ടറി, സംസ്ഥാന
സഹകരണ യൂണിയൻ,കേരള.
മുൻ സഹകരണ സംഘം രജിസ്ട്രാർ).

**ജനനം: 16.08.1937** **മരണം: 10.09.2018**

എന്ന്
ഭാര്യ,മക്കൾ,മരുമക്കൾ,കൊച്ചുമക്കൾ.

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമെ.

ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.
യോഹന്നാൻ 11:25



## 2-ാം ചരമവാർഷികം
30-08-2019

ഇമ്മട്ടി പൊറിഞ്ചു മകൻ

# തോമസ് (തങ്കച്ചൻ)

**ജനനം: 07-07-1931**
**മരണം: 30-08-2017**

ഭാര്യ:
ഐനിക്കൽ പുതുക്കാട്ടുകാരൻ
മാത്യു മകൾ സാറ (സുറുമ)

| മക്കൾ: | മരുമക്കൾ |
|---|---|
| മീന | രാജൻ തലക്കോട്ടുകാരൻ |
| സുനമോൾ | ആന്റോ ഡി. ഒല്ലൂക്കാരൻ |
| ജൂന | പോൾ പൂലോൻ |
| ഫ്രാൻസിസ് ഇമ്മട്ടി | ബിന്ദു ഫ്രാൻസിസ് |



5-ാം ചരമവാർഷികം
12-07-2019

പുലിക്കോട്ടിൽ കുന്നംകട
കൊച്ചാപ്പു മകൾ **ട്രീസ** (ചിയ്യ)

ജനനം: 10-04-1925
മരണം: 12-07-2014

## 1-ാം ചരമവാർഷികം
31-08-2019



വടക്കേത്തല പൈലോത്
മകൻ **ആന്റണി**

ജനനം : 16-08-1931
മരണം : 31-08-2018

എന്ന്
ഭാര്യ, മക്കൾ, മരുമക്കൾ, പേരകുട്ടികൾ

**നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമെ**

# 47-ാം ചരമദിനം

11 ആഗസ്റ്റ് 2019



മാളിയേക്കൽ പടിക്കല

## ഫേനി ഫ്രാൻസീസ്

ജനനം: 12 – 04 – 1936 മരണം: 26 – 06 – 2019

3-ാം ചരമവാർഷികം
19-08-2019



**മാളിയേക്കൽ റപ്പായി**
**മകൻ വറീത്**

ജനനം: 19-10-1946
മരണം: 19-08-2016

8-ാം ചരമ വാർഷികം



ആലപ്പാട്ട് പള്ളിപ്പുറത്തുക്കാരൻ
ഔസേപ്പ് മകൻ
**പോൾ (പാവു)**
ജനനം : 19-05-1927 മരണം : 22-08-2011

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമെ

37-ാം ചരമവാർഷികം



പള്ളിപ്പുറത്തുക്കാരൻ
**റപ്പായി**
ജനനം: 24-09-1935
മരണം: 29-11-1982

11-ാം ചരമവാർഷികം



പള്ളിപ്പുറത്തുക്കാരൻ റപ്പായി
ഭാര്യ **കുഞ്ഞമ്മ**
ജനനം: 04-03-1948
മരണം: 25-08-2008


**നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളെയും ഓർക്കേണമേ.**

10 –ാം ചരമവാർഷികം



തെക്കേകര നല്ലങ്കര
കുഞ്ഞുവറീത് ഭാര്യ **മാർത്ത**
ജനനം : 28 – 02 – 1918 മരണം : 31 – 05 – 2009

2 – ാം ചരമവാർഷികം




തെക്കേകര നല്ലങ്കര
കുഞ്ഞുവറീത് മകൻ **റപ്പായി**
ജനനം: 30 – 07 – 1937 മരണം: 13 – 08 – 2017

17 – ാം ചരമവാർഷികം



നെല്ലങ്കര കുഞ്ഞുവറീത്
മകൻ **ഡേവി**
ജനനം: 12 – 04 – 1940 മരണം: 24 – 10 – 2002

---



## 7 –ാം ചരമവാർഷികം (02.07.2019)

ബ്രഹ്മകുളത്ത് കാരേപറമ്പിൽ
കൊച്ചു മകൻ **കുരിയൻ**
ലൂർദ്പുരം റോഡ്, കിഴക്കേകോട്ട

**ജനനം: 16.10.1929 മരണം: 02.07.2012**

---

4–ാം ചരമവാർഷികം

തെക്കേകര
കാളത്തോട്ടുകാരൻ
ഐസക് ഭാര്യ
**അന്ന**

ജനനം : 26–10–1920
മരണം : 13–09–2015



17–ാം ചരമവാർഷികം

തെക്കേകര
കാളത്തോട്ടുകാരൻ
ലാസർ മകൻ
**ഐസക്**

ജനനം : 14–09–1917
മരണം : 04–04–2002

നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളെയും ഓർക്കേണമെ

---



24 – ാം ചരമവാർഷികം

✝

**ബാബു കോനിക്കര**
ജനനം : 06 – 05 – 1943
മരണം : 31 – 08 – 1995

സന്തപ്ത കുടുംബാംഗങ്ങൾ

---



18-ാം ചരമവാർഷികം
27.08.2019

തെക്കേക്കര പുതൂർക്കര ഔസേപ്പ്
മകൻ **തോമസ്**
ജനനം : 03 – 03 – 1927
മരണം : 27 – 08 – 2001

'നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമേ'

**2-ാം ചരമവാർഷികം**
**12-08-2019**



**തേയ്ക്കാനത്ത് മണ്ണൂക്കാടൻ**
**വറുതുണ്ണി മകൻ ലാസർ**
ജനനം: 14-11-1944 മരണം: 12-08-2017

**12-ാം ചരമവാർഷികം**



**ചിറയത്ത് മംഗലം ജെയ്ക്കബ്ബ്**
ജനനം : 07-07-1938 മരണം : 12-08-2007
'നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമേ'

**1-ാം ചരമവാർഷികം**
**21.08.2019**



**തെക്കേക്കര കാളത്തോട്ടുക്കാരൻ**
**കുഞ്ഞുവറീത് മകൻ**
**റപ്പായി (റാഫേൽ)**
(Retd. Manager, Oriental Kuries Ltd., Thrissur)

ജനനം: 07-06-1942
മരണം: 21-08-2018

**11th Death Anniversary**
**18-08-2019**
*IN LOVING MEMORY OF*



**Chirayath Thalokaran Pyloth**
**ACHAI**
“ ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ
നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ ”



**30–ാം ചരമവാർഷികം**

**അറയ്ക്കൽ കുഞ്ഞുവറീത് തോമാസ്**

ജനനം : 06-04-1929

മരണം : 12-08-1989



**6–ാം ചരമവാർഷികം**

06.08.2019

**പൊൻമണി വറീത് മകൻ ജോഷി**

ജനനം: 15.05.1962

മരണം: 06.08.2013

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമെ



പാവനസ്മരണയ്ക്ക്

**ചീരമ്പൻ ജോജു ഭാര്യ സവിത**

മിഷ്യൻ ക്വാർട്ടേഴ്സ്

തൃശ്ശൂർ

മരണം : 16.08.1996



**6–ാം ചരമവാർഷികം**

31-08-2019

**എറൂങ്കാരൻ ഡേവി ഭാര്യ തങ്കമ്മ**

ജനനം: 10-05-1952

മരണം: 31-08-2013

എന്നെന്നും മരിക്കാത്ത ഓർമ്മകളുമായി

സന്തപ്തകുടുംബാംഗങ്ങൾ

15th Death Anniversary



**N. I. KURIAN**

(Retd. Central Bank of India)

Nadakavukaran House

Born : 26-08-1922

Died : 26-08-2004

**18–ാം ചരമവാർഷികം**

18-08-2019



**പാലമിറ്റം ലാസർ മകൻ ഡേവിഡ്**

മരണം : 18-08-2001

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമേ



**24–ാം ചരമവാർഷികം**

**കവലക്കാട്ട് ഓവുങ്ങൽ തിമത്തി ജോഷി**

ജനനം : 06-06-1944

മരണം : 15-08-1995

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമേ



**6–ാം ചരമവാർഷികം**

**എലുവത്തിങ്കൽ കാങ്കപ്പാടൻ റപ്പായി ഭാര്യ ഏലീശ**

കുരിയച്ചിറ

ജനനം: 28-02-1926

മരണം: 14-08-2013

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമെ



# 5-ാം ചരമവാർഷികം

## മാങ്ങൻ രാജു ഭാര്യ മിനി

**ജനനം: 18.05.1963**

**മരണം: 05.08.2014**

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമെ

# പാവനസ്മരണയ്ക്ക്



ഇമ്മട്ടി അന്തോണി
**ഇട്ട്യേച്ചൻ**



ഇമ്മട്ടി ഇട്ട്യേച്ചൻ ഭാര്യ
**കുഞ്ഞാളിച്ചി**



ഇമ്മട്ടി ഇട്ട്യേച്ചൻ മകൾ
**എൽസി**

നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളെയും ഓർക്കേണമെ

# ബൈബിൾ പദപ്രശ്നം 111

**അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 1, 2**
അദ്ധ്യായങ്ങളിൽ നിന്ന് മാത്രം. ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നത് ഉത്തരങ്ങൾക്ക് ഉപയോഗിക്കേണ്ട കളളികളുടെ എണ്ണമാണ്.

## വലത്തോട്ട്

1. പത്രൊസ് പതിനൊന്നു പേരോടുകൂടെ നിന്നുകൊണ്ടു (.............) അവരോടു പറഞ്ഞതു: യെഹൂദാപുരുഷന്മാരും യെരൂശലേമിൽ പാർക്കുന്ന എല്ലാവരുമായുള്ളോരേ, ഇതു നിങ്ങൾ അറിഞ്ഞിരിക്കട്ടെ; എന്റെ വാക്കു ശ്രദ്ധിച്ചുകൊൾവിൻ (3)
3. ഒരുമിച്ചു കൂടിയിരുന്നപ്പോൾ അവർ അവനോടു: കർത്താവേ, നീ (.............) ഈ കാലത്തിലോ രാജ്യം യഥാസ്ഥാനത്താക്കി കൊടുക്കുന്നതു എന്നു ചോദിച്ചു. (5)
4. ചീട്ടു മത്ഥിയാസിന്നു വീഴുകയും അവനെ (............) അപ്പൊസ്തലന്മാരുടെ കൂട്ടത്തിൽ എണ്ണുകയും ചെയ്തു. (4)
7. ഗോത്രപിതാവായ (............)ക്കുറിച്ച് അവൻ മരിച്ചു അടക്കപ്പെട്ടു എന്നു എനിക്കു നിങ്ങളോടു ധൈര്യമായി പറയാം. അവന്റെ കല്ലറ ഇന്നുവരെ നമ്മുടെ ഇടയിൽ ഉണ്ടല്ലോ. (4)
8. നിങ്ങൾ ഊഹിക്കുന്നതുപോലെ ഇവർ (..........) പിടിച്ചവരല്ല; പകൽ മൂന്നാംമണി നേരമേ ആയിട്ടുള്ളുവല്ലോ. (3)
9. അങ്ങനെ അവർ യുസ്തൊസ് എന്നു മറുപേരുള്ള (.............) എന്ന യോസേഫ്, മത്ഥിയാസ് എന്നീ രണ്ടുപേരെ നിറുത്തി. (4)

## താഴോട്ട്

1. അവൻ പോകുന്നേരം അവർ ആകാശത്തിലേക്കു (..............) വെള്ള വസ്ത്രം ധരിച്ച രണ്ടു പുരുഷന്മാർ അവരുടെ അടുക്കൽ നിന്നു. (6)
2. അവൻ അനീതിയുടെ (..........)കൊണ്ടു ഒരു നിലം മേടിച്ചു തലകീഴായി വീണു നടുവെ പിളർന്നു അവന്റെ കുടലെല്ലാം തുറിച്ചുപോയി. (2)
6. എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവു അവർക്കു (..............) നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചുതുടങ്ങി. (5)

## മകളിലോട്ട്

5. ഒരുമനപ്പെട്ടു ദിനംപ്രതി ദൈവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ടു ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ടു ഭക്ഷണം കഴിക്കയും ദൈവത്തെ സ്തുതിക്കയും സകല ജനത്തിന്റെയും (...........) അനുഭവിക്കയും ചെയ്തു. (2)
7. നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന (..........) ലഭിക്കും. (2)
10. അവർ യെരൂശലേമിന്നു സമീപത്തു ഒരു (............) ദിവസത്തെ വഴിദൂരമുള്ള ഒലീവ്മല വിട്ടു യെരൂശലേമിലേക്കു മടങ്ങിപ്പോന്നു. അവിടെ എത്തിയപ്പോൾ അവർ പാർത്ത മാളികമുറിയിൽ കയറിപ്പോയി. (3)

| | | | | | |
|---|---|---|---|---|---|
| 1 | | | ■ | 2 | ■ |
| | 3 | | | | |
| | ■ | 4 | | | |
| | | 5 | ■ | ■ | 6 |
| | 7 | | | | |
| | ■ | | 8 | | |
| ■ | ■ | | ■ | ■ | |
| 9 | | 10 | | ■ | |

(ഒരു പേജിൽ കളളികൾ വരച്ച് ഉത്തരങ്ങൾ വൃത്തിയായി എഴുതണം. ഒത്തുവാക്യം താഴെ എഴുതണം. പേരും വിലാസവും ഫോൺനമ്പറും ഉത്തരങ്ങൾ എഴുതുന്ന പേജിൽ എഴുതാൻ മറക്കരുത്. 5-ാം തിയ്യതിക്കു മുമ്പ് കിട്ടത്തക്കവിധത്തിൽ വലിയപള്ളി അങ്കണത്തിലുള്ള പൗരസ്ത്യനാദം ലെറ്റർ ബോക്സിൽ നിക്ഷേപിക്കുകയോ, സ്റ്റാമ്പൊട്ടിച്ച് അയയ്ക്കുകയോ ചെയ്യാവുന്നതാണ്.) **ബൈബിൾ പദപ്രശ്നം,**
പത്രാധിപർ, പൗരസ്ത്യനാദം മാസിക,
വലിയപള്ളി, മാർ തിമോഥെയൂസ് ഹൈറോഡ്,
തൃശൂർ - 680 001

**ബൈബിൾ പദപ്രശ്നം 110 ശരിയുത്തരം**

| | | | | | |
|---|---|---|---|---|---|
| 1 തെ | 2 യോ | ഫി | ലൊ | സേ | ■ |
| ■ | ഹ | 3 ആ | രോ | ഹ | ണം |
| ■ | ന്നാ | ശ്ച | 4 കൊ | ടി | യ |
| യും | ൻ | ര്യ | 5 വീ | കൂ | 6 പു |
| തീ | ■ | പ്പെ | ണ്ടും | ന്നു | രു |
| വും | ■ | ട്ടു | വ | 7 വ | ഷ |
| ക്ത | 8 പ | ക | രും | ■ | ന്മാ |
| 9 ര | ക്ത | നി | ലം | 10 പേ | ർ |


(വിജയി)



**ജൂന പോൾ, പൂലോൻ ഹൗസ്**
**ശ്രേയസ് നഗർ, ഒല്ലൂക്കര**

(ശരിയുത്തരം നൽകുന്നവരിൽ നിന്ന് ഓരോ മാസവും വിജയിയെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്ത് സമ്മാനം നൽകുന്നതാണ്.)

# ഹൃദയത്തിലെ ദ്വാരം



അന്തപ്പൻ എ.ടി.

ജീവിത സായാഹ്നത്തിലെത്തി അക്കരെ കടക്കുവാനുള്ള വഞ്ചികാത്ത് കഴിയുന്ന രണ്ട് വൃദ്ധവനിതകളുടെ ചിത്രം കാണുക. അവരിലൊരാൾ തളർവാതം പിടിപ്പെട്ട് കിടപ്പിലായിട്ട് നാളുകളേറെയായി. പരാശ്രയം കൂടാതെ ഒന്നും ചെയ്യുവാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. എങ്കിലും അവർക്കാരോടും ഒരു പരാതിയുമില്ല പരിഭവവുമില്ല. അവരുടെ മുഖത്ത്നിന്ന് പ്രസരിക്കുന്ന തേജസ്സ് ആരേയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. അവരുടെ തിളങ്ങുന്ന കണ്ണുകൾ ധൈര്യത്തിന്റെയും ശുഭപ്രതീക്ഷയുടെയും പ്രതീകങ്ങളായിരുന്നു. ജീവിതക്ലേശങ്ങൾ ഉഴുതുമറിച്ച അവരുടെ മുഖത്ത് എപ്പോഴും ഒരു പുഞ്ചിരി തുളുമ്പി നിന്നിരുന്ന സമീപവാസികൾക്കും സന്ദർശകർക്കും കുളിർജലം പകർന്ന് കൊടുക്കുന്നതായിരുന്നു ആ പുഞ്ചിരി. ജീവിതത്തിന്റെ പ്രകാശപൂരിതമായ വശം മാത്രമല്ല ഇരുണ്ട വശം കൂടി സസന്തോഷം സ്വീകരിക്കുവാൻ അവർക്ക് കഴിഞ്ഞു എന്നതായിരുന്നു അവരുടെ ജീവിതരഹസ്യം.

ഇത്തരമൊരു മനോഭാവം സ്വീകരിക്കുവാൻ ആർക്ക് സാധിക്കും എന്ന് പലർക്കും സംശയം തോന്നാം. ദൈവത്തിന്റെ സഹപ്രവർത്തകരാണ് നാം എന്ന വസ്തുത ഓർമ്മിക്കുക. ദൈവത്തോട് ചേർന്ന് ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് ജീവിതത്തെ അതിന്റെ കറുത്ത വശങ്ങളോടുകൂടെ സ്വാഗതം ചെയ്യുവാൻ കഴിയും.

മറ്റൊരു വൃദ്ധയുടെ കഥകേൾക്കുക അവർ അവിവാഹിതയാണ്. പരാതിയല്ലാതെ മറ്റൊന്നുമില്ല അവർക്ക് പറയുവാൻ. അതൃപ്തിയും അസന്തുഷ്ടിയും നിറഞ്ഞ വാക്കുകൾമാത്രം. ദൈവം പോലും തന്നോട് നീതി പ്രവർത്തിച്ചില്ലെന്നാണ് അവർ പറയുന്നത്. ലോകത്തോട് ആകമാനം അവർക്ക് വെറുപ്പാണ്. ആരുടെയും സാമീപ്യം അവർക്ക് ഇഷ്ടമില്ല. അവരുടെ മുഖത്ത് നിറഞ്ഞ് നിൽക്കുന്നത് മുഴുവൻ ദ്വേഷ്യഭാവമാണ് ജീവിതത്തിൽ അവർക്ക് ഒരു പ്രത്യാശയുമില്ല.

ഈ വൃദ്ധയെപ്പോലുള്ള അനേകം ആളുകൾ ലോകത്തിലുണ്ട്. ദൈവം നൽകുന്ന വാഗ്ദാനത്തിന്റെയും നൽകിയ സ്നേഹത്തിന്റെയും മാരിവില്ല് കാണുവാൻ അവർ കണ്ണുകളുയർത്തുകയില്ല.

സ്നേഹിക്കുന്നവർക്കു മാത്രമേ സ്നേഹിക്കപ്പെടുവാൻ അവകാശമുള്ളൂ എന്ന യാഥാർത്ഥ്യം ഇങ്ങനെയുള്ളവർ വിസ്മരിക്കുന്നു. സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും പുതിയ മേഖലകൾ കണ്ടെത്തുകയും അന്യരുടെ അപരാധങ്ങൾ കണക്കെഴുതി സൂക്ഷിക്കാതെ തുറന്ന മനസ്സോടെ എല്ലാവരെയും സ്നേഹിക്കുകയും നമ്മെ സ്നേഹിക്കുവർക്കുവേണ്ടി മാത്രമല്ല ശത്രുക്കളായി വർത്തിക്കുന്നവർക്ക് വേണ്ടിയും കൂടി പ്രാർത്ഥിക്കുകയും ചെയ്യുന്നവർക്ക് മാത്രമെ സ്നേഹം കുലുക്കിയളന്നു കിട്ടുകയുള്ളൂ. പക ഹൃദയത്തിന്റെ ഓട്ടയാണ്. നമുക്കാരോടെങ്കിലും ഒരു ചെറിയ പകയുണ്ടെങ്കിൽ നമ്മുടെ സ്നേഹവും നമ്മിലേക്ക് പകരപ്പെടുന്ന സ്നേഹവും നമ്മുടെ ഹൃദയത്തിൽ തങ്ങിനിൽക്കാതെ ചോർന്ന്പോകും നമ്മുടെ ഹൃദത്തിന്റെ ഓട്ട അടയ്ക്കുകയാണ് ഒന്നാമതായി ചെയ്യുവാനുള്ളത്.

**അനുഗ്രഹങ്ങൾ പൂഴ്ത്തിവയ്ക്കരുത്:-**

പാലസ്റ്റൈനിൽ രണ്ട് ജലാശയങ്ങൾ ഉണ്ട്. ഒന്ന് വടക്കും ഒന്ന് തെക്കും. വടക്കുള്ളതിനെ ഗലീല കടലെന്നും തെക്കുള്ളതിനെ ചാവുകടൽ അഥവാ ഉപ്പുകടൽ എന്നുമാണ് പറയാറുള്ളത്. ധാരാളം മത്സ്യങ്ങളുള്ള ഒരു ശുദ്ധജലതടാകമാണ് ഗലീല കടൽ. അതിന്റെ തീരത്ത് ധാരാളം ഫലവൃക്ഷങ്ങൾ വളരുന്നു. കുട്ടികൾ ഉത്സാഹതിമിർപ്പോടെ അതിന്റ കരയിൽ ഓടിക്കളിക്കുന്നു. വളരെ ചൈതന്യനിർഭരമായ ഒരു ജലാശയം.

എന്നാൽ തെക്കുള്ള ചാവുകടലിൽ യാതൊരു ജലജീവിയും വളരുന്നില്ല അതിലെ ജലം മനുഷ്യനോ മൃഗങ്ങളോ കുടിക്കയില്ല. അതിന്റെ തീരത്താകട്ടെ യാതൊരു സസ്യവും വളരുന്നില്ല. ഒരു ചലനവുമില്ലാതെ കെട്ടിനിൽക്കുന്ന ദുഷിച്ച ജലാശയം.

ഈ രണ്ട് ജലാശയങ്ങളും ഭിന്നസ്വഭാവവുള്ളതായിത്തീരാൻ കാരണമായതെന്താണെന്നല്ലേ? ഗലിലി കടലിന് ലഭിക്കുന്ന വെള്ളം കെട്ടികിടക്കാതെ പുറത്തേക്കൊഴുകുന്നതുകൊണ്ട് ആ ജലാശയ

ത്തിൽ എപ്പോഴും ശുദ്ധജലമേ ഉണ്ടായിരിക്കുകയുള്ളൂ. നിറയെ മത്സ്യങ്ങളും അതിൽ ജീവിക്കുന്നു.

ചാവുകടലിൽ വന്ന് വീഴുന്ന ജലമാകട്ടെ പുറത്തേക്ക് പോകാതെ കെട്ടികിടക്കുന്നു. കിട്ടുന്നതൊന്നും ആർക്കും കൊടുക്കാതെ പൂഴ്ത്തിവയ്ക്കുന്ന സ്വഭാവമുള്ളവരെപ്പോലെയാണ് ചാവുകടൽ. പക്ഷെ അതിന്റെ ഫലമോ മൃതലോകത്തെപ്പോലെ ചൈതന്യശൂന്യമായിത്തീർന്നിരിക്കുന്നു. ഒരു ജീവിയും അതിൽ വളരുന്നില്ല അതിലെ ഒരു തുള്ളി ജലം പോലും ഒരു ജന്തുവും കുടിക്കുന്നില്ല. ഈ രണ്ട് ജലായങ്ങളും നേരത്തെ കണ്ടത്പോലെ രണ്ട് തരത്തിലുള്ള മനുഷ്യരെ പ്രതിനിധാനം ചെയ്യുന്നു. ഗലീലകടൽ പോലുള്ളവർ ഒന്നും പൂഴ്ത്തിവയ്ക്കാതെ മറ്റുള്ളവർക്ക് കൂടി പങ്കിടുന്നവരാണ്. കൊടുക്കുന്തോറും അവർക്ക് പിന്നെയും ലഭിച്ചുകൊണ്ടിരിക്കുന്നു അവരുടെ ജീവിതം ചൈതന്യപൂർണ്ണമായിരിക്കുകയും ചെയ്യുന്നു.

ചാവുകടലിനെപ്പോലുള്ളവർ കിട്ടുന്നതെല്ലാം പൂഴ്ത്തിവയ്ക്കുന്നവരാണ്. അവയിലൊരുതരി പോലും ആർക്കും കൊടുക്കുകയില്ല. ഒരു ജീവിയും ചാവുകടലിനെ ഉപജീവിക്കുന്നില്ലല്ലോ! അതുപോലെ ഒരു തുള്ളി ജലത്തിനായിപ്പോലും അങ്ങനെയുള്ളവരുടെ വാതിൽക്കൽ ആരും എത്തിനോക്കുകപോലുമില്ല.

മനുഷ്യൻ ദൈവസൃഷ്ടിയാണെന്നും ദൈവത്തിന്റെ സ്വന്തമാണെന്നും ദൈവത്തിനു വേണ്ടിയാണ് അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും ആദ്ധ്യാത്മിക തത്ത്വചിന്തകർ പറയുന്നു. മനുഷ്യൻ ദൈവത്തിന്റെ ഭാഗമാണെന്നോ അഥവാ ദൈവം തന്നെയാണെന്നോ വേദാന്തികൾ പറഞ്ഞേക്കാം. എന്നാൽ ലോകപ്രസിദ്ധ ദൈവശാസ്ത്രജ്ഞനും ദാർശികനും മിഷണറി ഡോക്ടറുമായ ആൽബർട്ട് ഷ്വൈറ്റസർ അത് നിഷേധിക്കുന്നില്ലെങ്കിലും അതിന്റെ മറുവശം കൂടി എടുത്തുകാണിക്കുന്നു. അദ്ദേഹം പറയുന്നു മനുഷ്യൻ മനുഷ്യന്റെ സ്വന്തമാണെന്ന്. “മനുഷ്യൻ മനുഷ്യന്റെ ഭാഗമാണ്. ഞാനും എന്റെ കുടുംബവും മാത്രമല്ല എന്റെ അവകാശികൾ. എല്ലാ മനുഷ്യരും അന്യോന്യം അവകാശികളാണ് ". മനുഷ്യനു മനുഷ്യനോടുള്ള കടപ്പാടിനെക്കുറിച്ച് ഷ്വൈറ്റ്സറെപ്പോലെ വിശകലനം ചെയ്തിട്ടുള്ളവർ വിരളമാണ്.

നമ്മളൊന്ന് കണ്ണ് തുറന്ന് നോക്കിയാൽ നമ്മുടെ അല്പം സമയം കിട്ടുന്നതിനുവേണ്ടി , നമ്മുടെ സൗഹൃദത്തിനും കൂട്ടായ്മയ്ക്കും വേണ്ടി , നമ്മുടെ ചെറിയ ചെറിയ സഹായത്തിന് വേണ്ടി നമ്മുടെ കണ്ണുകളിലേക്ക് തന്നെ നോക്കിനിൽക്കുന്ന നിരവധി ആളുകളെക്കാണാം.

ഏകാന്തതയുടെ തടവറയിൽ അടയ്ക്കപ്പെട്ടിരിക്കുന്നവരോട് കൂടി ശയ്യാവലംബികളായി കഴിയുന്നവരോട് കൂടി, ജീവിത നൈരാശ്യത്തിന്റെ നടുക്കടലിൽ ഒറ്റയ്ക്ക് നീന്തുന്നവരോടുകൂടി ചെലവിടുവാൻ നമ്മുടെ സമയത്തിൽ അല്പം നീക്കിവയ്ക്കുമോ? നമ്മൾ നൽകുന്ന പണത്തേക്കാൾ വലുത് നമ്മുടെ സാമീപ്യവും കൂട്ടായ്മയുമായിരിക്കും”

ഷ്വൈറ്റ്സർ തുറന്നുകാട്ടുന്ന ഈ ജീവിത ദർശനം നമ്മുടെ കണ്ണുകളെ തുറപ്പിക്കേണ്ടതാണ്. നാം നമുക്കുള്ളതല്ല മറ്റുള്ളവരുടെ വകയാണ്. നാം ദൈവത്തിന്റെ സ്വന്തമാണ് എന്നുപറയുന്നതിന്റെ അർത്ഥം ഇതാണ്.

നാം നമുക്ക് വേണ്ടി മാത്രം ജീവിക്കുന്നുവെങ്കിൽ ചാവുകടലിനെപ്പോലെ ആയിത്തീരും. നമുക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ നമുക്കുവേണ്ടി പൂഴ്ത്തിവയ്ക്കാനുള്ളതല്ല.

വാർദ്ധക്യകാലം എങ്ങിനെ പ്രയോജനപ്പെടുത്തണമെന്ന് ചൂണ്ടികാണിച്ച് തന്ന ഒരു വൃദ്ധന്റെ കഥ കേൾക്കണോ? ഉൽപാദനക്ഷമമായ ഒരു ജോലിയും ചെയ്യാൻ കഴിയാതെയായ്ത്തീർന്ന അയാൾ സ്വയം ഒരു ജോലി കണ്ടുപിടിച്ചു. എവിടെ പോയാലും അയാളുടെ കയ്യിൽ ഒരു ഓയിൽ ക്യാൻ കാണും. ഏതെങ്കിലും ഗേറ്റ് കടന്ന് പോകുമ്പോൾ അതിന്റെ വിജാഗിരി കിറുകിറെ ശബ്ദം ഉണ്ടാക്കിയാൽ തന്റെ കയ്യിലെ ഓയിൽ ക്യാനിലെ എണ്ണ പകർന്ന് ആ ഗെയ്റ്റിന്റെ വിജാഗിരി മയപ്പെടുത്തും. പിന്നീട് അതുവഴി വരുന്നവർക്ക് പ്രയാസം കൂടാതെ ആ ഗേറ്റ് തുറക്കുവാനും അടയ്ക്കുവാനും കഴിയും. ആളുകൾ അയാളെ “വട്ടൻ” എന്നു വിളിച്ചു. അയാൾ അത് കൂട്ടാക്കാതെ നിത്യവും ഞരക്കമുള്ളിടത്ത് എണ്ണയിടുന്ന അദ്ദേഹത്തിന്റെ ജോലി തുടർന്ന് പോന്നു.

ഈ വൃദ്ധൻ മഹത്തായ ഒരു പാഠമാണ് നമുക്ക് കാട്ടിത്തരുന്നത്. വിവിധപ്രശ്നങ്ങളാൽ തുരുമ്പ് പിടച്ച ജീവിതത്തിന്റെ വിജാഗിരി ഞരങ്ങുകയും മൂളുകയും അപസ്വരം പുറപ്പെടുവിക്കുകയും ചെയ്യുന്ന എത്രയേറെ ആളുകൾ നമുക്കുചുറ്റുമുണ്ട്? അവർക്ക് സനേഹത്തിന്റെയും സമാധാനത്തിന്റെയും ഇത്തിരി എണ്ണ പകർന്ന് കൊടുക്കുവാൻ നമുക്ക് കഴിയുമോ? ദൈവത്തിന്റെ സ്നേഹമെന്താണെന്ന് അറിയാത്തവർക്ക് അത് പകർന്ന്



# ''നാം ശുദ്ധിയുള്ളവരായിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു''

കൊച്ചുമോൾ ബേബി

നമ്മുടെ പിതാവായ ദൈവത്തിന്റെ വീക്ഷണത്തിൽ നാം ശുദ്ധിയുള്ളവരായിരിക്കുന്നതിന് നമ്മുടെ ശരീരം, വസ്ത്രം, പാർപ്പിടം എന്നിവ മാത്രം ശുദ്ധമായിരുന്നാൽ പോരാ. നമ്മുടെ മുഴുവൻ ജീവിതരീതിയും ശുദ്ധമായിരിക്കണം. നമ്മുടെ ആരാധന പെരുമാറ്റം ചിന്ത ഇവയെല്ലാം ഇതിൽ ഉൾപ്പെടും. ജീവിതത്തിന്റെ എല്ലാ മേഖലകളിലും നമ്മൾ ശുദ്ധിയുള്ളവരും നിർമ്മലരുമായിരിക്കണം. "നിർമ്മലനോട് നീ നിർമ്മലനാകുന്നു. വക്രനോട് നീ വക്രത കാണിക്കുന്നു" (സങ്കീ. 18:26).

സ്നേഹമുള്ള ഒരമ്മ തന്റെ മകനെ സ്കൂളിൽ പോകുന്നതിന് വേണ്ടി എപ്രകാരമാണ് ഒരുക്കുന്നതെന്ന് നമുക്കെല്ലാവർക്കുമറിയാം. അവൻ കുളിച്ചിട്ടുണ്ടെന്നും, അവന്റെ വസ്ത്രം വൃത്തിയും വെടിപ്പുമുള്ളതാണെന്നും അവന്റെ ആഹാരം പോഷക സമൃദ്ധമാണെന്നുമെല്ലാം അവന്റെ അമ്മ ഉറപ്പ് വരുത്തുന്നു. ഇത് അവന്റെ ആരോഗ്യം കാത്ത് സൂക്ഷിക്കും. മാതാപിതാക്കൾ അവനെ നന്നായി ശ്രദ്ധിക്കുന്നുണ്ടെന്ന് കാണുന്നവർക്ക് മനസ്സിലാകുകയും ചെയ്യും.

ദൈവം നമ്മെ ശുദ്ധീകരിക്കുന്നതെങ്ങനെ? "ജാതികളുടെ ഇടയിൽ നിങ്ങൾ അശുദ്ധമാക്കിയതായി അവരുടെ ഇടയിൽ അശുദ്ധമായി പോയിരിക്കുന്ന എന്റെ മഹത്തായ നാമത്തെ ഞാൻ വിശുദ്ധീകരിക്കും. ജാതികൾ കാൺകെ ഞാൻ എന്നെ തന്നെ നിങ്ങളിൽ വിശുദ്ധീകരിക്കുമ്പോൾ ഞാൻ യഹോവ എന്ന് അവർ അറിയുമെന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാട്. ഞാൻ നിങ്ങളെ ജാതികളുടെ ഇടയിൽ നിന്ന് കൂട്ടി സകലദേശങ്ങളിൽ നിന്നും നിങ്ങളെ ശേഖരിച്ച് സ്വന്തദേശത്തേക്ക് വരുത്തും. ഞാൻ നിങ്ങളുടെ മേൽ നിർമ്മല ജലം തളിക്കും. നിങ്ങൾ നിർമ്മലരായി തീരും. ഞാൻ നിങ്ങളുടെ സകല മലിനതയേയും, സകല വിഗ്രഹങ്ങളെയും നീക്കി നിങ്ങളെ നിർമ്മലീകരിക്കും. ഞാൻ നിങ്ങൾക്ക് പുതിയൊരു ഹൃദയം തരും.

കൊടുക്കുന്നതിനേക്കാൾ ഉൽപാദനക്ഷമമായ മറ്റൊരു പ്രവർത്തിയുമില്ല.

ഇതാ ദിവംഗതനായ മാർ ഔദീശോ തിരുമേനിയുടെ ഒരു പ്രാർത്ഥന.

" ദൈവമെ ഈ എളിയ ദാസനായ ഞാൻ വിനയത്തോടെ അവിടുത്തെ അവർണ്ണനീയമായ സ്നേഹത്തോട് അപേക്ഷിക്കുകയും അങ്ങേ സനാതന വ്യവസ്ഥയോട് യാചിക്കുകയും ചെയ്യുന്നു. അവിടുത്തെ വിശുദ്ധ രഹസ്യങ്ങളുടെ ശ്രീ ഭണ്ഡാരത്തിനായി തിരഞ്ഞെടുക്കപ്പെട്ട ഒരു പാത്രമാക്കി എന്നെ തീർക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. വിഷയാസക്തമായ ഈ ലോക സമുദ്രത്തിൽ മുങ്ങി മരിക്കാതിരിക്കുന്നതിന് അതിൽനിന്നും വലിച്ച് കയറ്റി അതിവിശുദ്ധസ്ഥലമായ അവിടുത്തെ ദിവ്യ രഹസ്യ സങ്കേതത്തിലേക്ക് എന്നെ ഉയർത്തിക്കൊണ്ടുവരുന്നതിനും പരിശുദ്ധത്രിത്വത്തിന്റെ നിർമ്മല നിവാസകേന്ദ്രമാക്കുന്നതിനും അവിടുത്തെ സഹായം നൽകേണമെ. എല്ലാ രൂപസാദൃശ്യങ്ങൾക്കും ഉപരിയായി അവിടുത്തെ രൂപസാദൃശ്യമാക്കി അവിടുന്ന് എന്നെ രൂപാന്തരപ്പെടുത്തേണമേ.അങ്ങയുടെ അനന്തമായ പ്രകാശരശ്മികളാൽ ഞാൻ എല്ലാപ്പോഴും നവതേജസ്സോടെ പ്രകാശിച്ച് തിളങ്ങുമാറാകട്ടെ .അശരീരികളെയും ശരീരികളെയും മലീമസമാക്കുന്ന സർവ്വതെറ്റുകുറ്റങ്ങൾക്കും അതീതമായ ഒരു പരിശുദ്ധജീവിതം അവിടുന്ന് എനിക്ക് നൽകേണമേ. ശാരീരിക കർമ്മങ്ങളിലും ആത്മാവിലും അവിടുത്തെ സമീപസ്ഥനായി വർത്തിക്കുന്ന അങ്ങയുടെ ഒരു സനേഹിതനായി എന്നെ തീർക്കേണമേ. അവിടെ സ്വർഗ്ഗത്തിലും ഇവിടെ ഭൂമിയിലും സർവ്വഗുണ സമ്പൂർണ്ണതയിൽ വിജയശ്രീ ലാളിതനും അനുഗൃഹീതനും ആകുവാൻ തക്കവണ്ണം അവിടുന്ന് എന്നെ സഹായിക്കണമേ ആമേൻ"

(ഭക്തജനങ്ങളെ ആദ്ധ്യാത്മിക പാതയിലേക്ക് നയിക്കേണ്ട പല സഭാ നേതൃത്വങ്ങളും അനഭിലഷണീയ മാർഗ്ഗങ്ങളിൽ ചരിക്കുന്നത് കാണുമ്പോൾ പരിശുദ്ധ തിരുമേനിയുടെ ഈ പ്രാർത്ഥനയ്ക്ക് ഏറെ പ്രസക്തിയുണ്ടെന്ന് തോന്നുന്നു.)

പുതിയൊരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിലാക്കും" (യെഹെസ്കേൽ 36:23-26).

പ്രിയമുള്ളവരേ, പ്രവാസികളും, പരദേശികളുമായ നിങ്ങളെ ആത്മാവിനോട് പോരാടുന്ന ജഡമോഹങ്ങളെ വിട്ടകന്ന് ജാതികൾ നിങ്ങളെ ദുഷ്പ്രവൃത്തിക്കാർ എന്ന് ദുഷിക്കുന്തോറും നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടറിഞ്ഞിട്ട് സന്ദർശന ദിവസത്തിൽ ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന് അവരുടെയിടയിൽ നിങ്ങളുടെ നടപ്പ് നന്നായിരിക്കേണമെന്ന് ഞാൻ പ്രബോധിപ്പിക്കുന്നു. (1 പത്രോസ് 2:11,12).

ശുദ്ധിയുടെയും, നിർമ്മലതയുടെയും മാതൃക തന്നെ നമ്മുടെ ദൈവമായ യഹോവയാകുന്നു. ലേഖ്യപുസ്തകം 11-ാം അദ്ധ്യായത്തിന്റെ അവസാനഭാഗങ്ങളിൽ നമുക്കത് കാണാൻ സാധിക്കും. അത് ഇപ്രകാരമാണ്. "ഞാൻ നിങ്ങളുടെ ദൈവമായ യഹോവയാകുന്നു. ഞാൻ വിശുദ്ധനാകയാൽ നിങ്ങൾ നിങ്ങളെതന്നെ വിശുദ്ധീകരിച്ച് വിശുദ്ധന്മാരായിരിക്കേണം. ഭൂമിയിൽ ഇഴയുന്ന യാതൊരു ഇഴജാതിയാലും നിങ്ങളെ തന്നെ അശുദ്ധമാക്കരുത്. ഞാൻ നിങ്ങൾക്ക് ദൈവമായിരിക്കേണ്ടതിന് നിങ്ങളെ മിസ്രയീം ദേശത്ത് നിന്ന് പുറപ്പെടുവിച്ച യഹോവയാകുന്നു. ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധന്മാരായിരിക്കണം".

മനുഷ്യർ മലിനമാക്കിയിട്ടുപോലും ഭൂമി സ്വയം ശുദ്ധീകരിക്കുന്ന പലവിധങ്ങളെക്കുറിച്ച് ചിന്തിച്ചു നോക്കൂ! ഉദാഹരണത്തിന് മൈക്രോസ്കോപ്പിലൂടെ മാത്രം കാണാൻ കഴിയുന്ന സൂക്ഷ്മാണുക്കളെ ദൈവം സൃഷ്ടിച്ചിട്ടുണ്ട്. അവക്ക് വിഷമാലിന്യങ്ങളെ ദോഷമില്ലാത്ത വസ്തുക്കളായി മാറ്റാൻ കഴിയും. ഇതൊരു സങ്കീർണ്ണമായ പ്രക്രിയയാണ്. മലിനീകരണം കൊണ്ടുണ്ടായ ദോഷഫലങ്ങൾ ഇല്ലാതാക്കാൻ ശാസ്ത്രജ്ഞൻ ഇത്തരം ചില സൂക്ഷ്മാണുക്കളെ ഉപയോഗിക്കാറുണ്ട്. ദൈവത്തെക്കുറിച്ച് അറിയാകുന്നത് അവർക്ക് വെളിവായിരിക്കുന്നു. ദൈവം അവർക്ക് വെളിവാക്കിയല്ലോ. അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്ക് തെളിവായി വെളിപ്പെട്ട് വരുന്നു (റോമർ 1:19,20).

യിസ്രായേല്യർക്ക് ദൈവം മോശയിലൂടെ കൊടുത്ത നിയമത്തിലും ശുദ്ധിയുള്ളവരായിരിക്കേണ്ടതിന്റെ പ്രാധാന്യം നമുക്ക് കാണാം. ശാരീരിക ശുദ്ധിയുണ്ടെങ്കിലേ ആരാധന സ്വീകരിക്കുമായിരുന്നുള്ളൂ. "അഹരോൻ ഒരു വിശുദ്ധസ്ഥലത്ത് വെച്ച് വെള്ളംകൊണ്ട് ദേഹം കഴുകി സ്വന്ത വസ്ത്രം ധരിച്ച് പുറത്തുവന്ന് തന്റെ ഹോമയാഗവും, ജനത്തിന്റെ ഹോമയാഗവും അർപ്പിച്ച് തനിക്കും ജനത്തിനും വേണ്ടി പ്രായശ്ചിത്തം കഴിക്കേണം"(ലേവ്യ. 16:24).

പുരോഹിതന്മാർ ബലിയർപ്പിക്കുന്നതിന് മുമ്പായി കയ്യുംകാലും കഴുകണമായിരുന്നു. അവർ മരിക്കാതിരിക്കേണ്ടതിന് കയ്യുംകാലും കഴുകേണം. അതവർക്ക് തലമുറ തലമുറയായി എന്നേക്കുമുള്ള ചട്ടമായിരിക്കേണം.

ദൈവത്തിന്റെ ഉദ്ദേശങ്ങളെക്കുറിച്ചും ശുദ്ധീകരണത്തെക്കുറിച്ചും പഴയ നിയമത്തിൽ നിന്ന് പലതും നമുക്ക് മനസ്സിലാക്കേണ്ടതുണ്ട്. ഇന്നും തന്റെ ആരാധകർ ശുദ്ധിയുള്ളവരും, നിർമ്മലരുമായിരിക്കാൻ ദൈവം പ്രതീക്ഷിക്കുന്നു. "പിതാവായ ദൈവത്തിന്റെ മുമ്പൊകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ, അനാഥരെയും, വിധവന്മാരേയും അവരുടെ സങ്കടത്തിൽ ചെന്ന് കാണുന്നതും ലോകത്താലുള്ള കളങ്കം പകരാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതുമാകുന്നു".

നമ്മൾ അപൂർണ്ണരായതുകൊണ്ട് ഇടക്കിടെ തെറ്റായ ചിന്തകൾ നമ്മിലേക്ക് കടന്നുവന്നേക്കാം. നിർമ്മലമായ ചിന്തകൾകൊണ്ട് മനസ്സ് നിറക്കേണ്ടതാണ്. സത്യമായതൊക്കെയും ഘനമായതൊക്കെയും നീതിയായതൊക്കെയും നിർമ്മലമായതൊക്കെയും രമ്യമായതൊക്കെയും സൽക്കീർത്തിയായതൊക്കെയും സൽഗുണമോ പുകഴ്ചയോ അതൊക്കെയും ചിന്തിച്ചുകൊൾവിൻ. (ഫിലി. 4:8)

നമ്മുടെ ആരാധനയും ശുദ്ധമായിരിക്കേണ്ടതാണ്. "വിട്ടുപോരുവിൻ. വിട്ടുപോരുവിൻ, അവിടെ നിന്ന് പുറപ്പെട്ടുപോരുവിൻ അശുദ്ധമായതൊന്നും തൊടരുത്. അതിന്റെ നടുവിൽനിന്ന് പുറപ്പെട്ടുപോരുവിൻ. യഹോവയുടെ ഉപകരണങ്ങളെ ചുമക്കുന്നവരേ, നിങ്ങളെതന്നേ നിർമ്മലീകരിപ്പിൻ. നിങ്ങൾ ബദ്ധപ്പാടോടെ പോകയില്ല. ഓടിപ്പോകയുമില്ല. യഹോവ നിങ്ങൾക്കു മുമ്പായി നടക്കും. യിസ്രായേലിന്റെ ദൈവം നിങ്ങൾക്ക് പിമ്പടയായിരിക്കും" (യെശ. 52:11,12).

പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കുള്ളതുകൊണ്ട് നാം ജഢത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധയെ തികച്ചുകൊൾക.

●



# കുടുംബ ജീവിതവും ദാമ്പത്യവും സന്തോഷഭരിതമാക്കുക

വർഗ്ഗീസ് മാമ്പിള്ളി

ഇന്നത്തെ മാറിയ ജീവിത ചുറ്റുപാടുകളിൽ കുടുംബജീവിതവും ദാമ്പത്യവും ഏറെ ശിഥിലമായി കൊണ്ടിരിക്കുകയാണെന്ന് പറഞ്ഞാൽ ഒട്ടും അതിശയോക്തിയാകില്ലെന്ന് കരുതട്ടെ. സന്തോഷം നിറഞ്ഞ ഒരു കുടുംബജീവിതം നമുക്കെല്ലാവർക്കും സാദ്ധ്യമാണോ? തീർച്ചയായും സാദ്ധ്യമാണ് എന്നതാണ് സത്യാവസ്ഥ. എന്നാൽ എന്തുകൊണ്ടാണ് പലപ്പോഴും നമുക്ക് ഈയൊരു അവസ്ഥയിലേക്ക് ഉയരുവാൻ കഴിയാതെ പോകുന്നത് എന്ന കാര്യത്തിൽ നാം സ്വയമൊന്ന് ആത്മചിന്തനം നടത്തേണ്ടിയിരിക്കുന്നു. കുടുംബജീവിതവും ദാമ്പത്യവും എപ്പോഴും തുടങ്ങിവെക്കുന്നത് വളരെ നല്ല രീതിയിലാണെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണല്ലോ. എന്നാൽ തുടർന്നുള്ള ജീവിതത്തിൽ പലവിധമായ പ്രശ്നങ്ങളിലൂടെ നമുക്ക് പലപ്പോഴും കടന്നുപോകേണ്ടതായി വരാറുണ്ട്. ഇവിടം നാം ഒരു കാര്യം പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ട്. ഒരിക്കലും പ്രശ്നങ്ങളില്ലാത്ത സന്തോഷപ്രദമായ ജീവിതമായിരിക്കും നമ്മുടേത് എന്ന മൂഢസ്വർഗ്ഗത്തിൽ നാം ഒരിക്കലും വീഴുവാൻ ഇടവരരുത്. പ്രശ്നങ്ങളെ അതിന്റെ കാര്യഗൗരവത്തിൽ മനസ്സിലാക്കുകയും അതിന് യോജിച്ച രീതിയിൽ നാം ഉണർന്ന് പ്രവർത്തിക്കുകയും ചെയ്യുമ്പോൾ കാര്യങ്ങൾ നമുക്കനുകൂലമായി തിരിഞ്ഞുവരുന്നതായി കാണാവുന്നതാണ്. നമ്മുടെ കുടുംബജീവിതവും ദാമ്പത്യവും ക്രിസ്തീയ കാഴ്ചപ്പാടുകളിലൂടെ നാം നോക്കികാണുമ്പോൾ കുടുംബജീവിതം കൂടുതൽ ദൃഢതയേറിയതായി മാറ്റുവാൻ നമുക്ക് കഴിയുന്നതാണ്. ഇക്കാര്യങ്ങളെക്കുറിച്ച് അല്പം ശുഭചിന്തകൾ നിങ്ങളുമായി പങ്കിടുവാനാണ് ഈ ലേഖനം കൊണ്ട് ഉദ്ദേശിക്കുന്നത്.

എന്റെ ദാമ്പത്യജീവിതം ആരംഭിക്കുന്നത് 1984 നവംബർ 11ന് ആയിരുന്നു. അല്പവർഷങ്ങൾക്കകം ഒരിക്കൽ ഞങ്ങൾ കുടുംബസമേതം ബോംബെയിലെ ഒരങ്കിളിന്റെ ഭവനത്തിൽ ക്രിസ്തുമസ് സമയം ചിലവഴിക്കാൻ പോയിരുന്നു. അവിവാഹിതനായിരുന്ന അദ്ദേഹം എപ്പോഴും വളരെ സന്തോഷപ്രദനായി ജീവിതം നയിച്ചിരുന്ന ഒരു മാന്യദേഹമായിരുന്നു. എന്റെ അവിടുത്തെ ചുരുങ്ങിയ താമസത്തിനിടയിൽ എന്നോട് അദ്ദേഹം പെട്ടെന്നൊരു ചോദ്യം ചോദിക്കുകയുണ്ടായി. "Are you Happy or Married" എന്നതായിരുന്നു ആ ചോദ്യം. ഒന്നുകിൽ Happy അല്ലെങ്കിൽ Married എന്ന ഒരു വ്യക്തമായ മറുപടിയാണ് അദ്ദേഹം പ്രതീക്ഷിച്ചിരുന്നത്. എന്റെ മറുപടിയിൽ We are Happily Married എന്ന് പറഞ്ഞൊപ്പിച്ചതായി ഞാനിപ്പോഴും ഓർമ്മിക്കുന്നു. എന്നാൽ വർഷങ്ങൾക്കു ശേഷവും അങ്കിളിന്റെ ആ ചോദ്യവും അതിന്റെ അർത്ഥവ്യാപ്തിയും എന്റെ മനസ്സിൽ നിന്ന് മാഞ്ഞുപോയിരുന്നില്ല. നമ്മുടെ ദാമ്പത്യജീവിതത്തിൽ പലപ്പോഴും Married എന്ന അവസ്ഥയിലൂടെ കടന്നുപോകുന്നവരാണെന്ന് നമുക്ക് തോന്നുവാൻ ഇടവരാറുണ്ടോ? അതോ സന്തോഷപ്രദമായി ജീവിതം മുന്നോട്ട് നയിക്കുന്നതിൽ വിജയികളായി നീങ്ങുവാൻ നമുക്ക കഴിയാറുണ്ടോ?

പണ്ടൊക്കെ കൂട്ടുകുടുംബജീവിതത്തിൽ ഏറെ പ്രശ്നങ്ങൾ ഉണ്ടാകുമെങ്കിലും എല്ലാറ്റിനും പരിഹാരം നിർദ്ദേശിക്കുന്നത് കുടുംബത്തിലെ കാരണവന്മാർ ആയിരുന്നു. അതോടെ പ്രശ്നങ്ങൾ അവിടംകൊണ്ട് അവസാനിച്ചതായി എല്ലാവരും അംഗീകരിക്കുകയാണ് പതിവ്. എന്നാൽ ഇന്ന് അണുകുടുംബങ്ങളുടെ ആവിർഭാവത്തോടെ കുടുംബത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ മറ്റാരും തന്നെ ഇല്ലാത്ത ഒരവസ്ഥയിലേക്ക് നാം മാറുകയുണ്ടായി. ഒപ്പം നമ്മുടെ സ്വന്തം മക്കൾക്കു വേണ്ടി മാത്രം ജീവിതം മുന്നോട്ട് നയിക്കുന്ന ഒരു സ്വാർത്ഥ കുടുംബ ചുറ്റുപാടുകളിലേക്ക് നാം ക്രമേണ ചുരുങ്ങുകയുണ്ടായി. ഇവിടംമുതൽ നമ്മുടെ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ നാം ബുദ്ധിമുട്ടുന്നു. കുടുംബജീവിതവും ദാമ്പത്യവും വിജയപ്രദമായി മുന്നോട്ട് നയിക്കുവാൻ വിശുദ്ധ ബൈബിൾ നമ്മെ നല്ല രീതിയിൽ വഴിനടത്തുന്നുണ്ട് എന്ന വസ്തുത നാം എപ്പോഴും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

**1. സന്തോഷപ്രദമായ ദാമ്പത്യത്തിന് ദൈവത്തെ എപ്പോഴും വഴികാട്ടിയാക്കുക എന്നത് വളരെ പ്രാധാന്യം അർഹിക്കുന്നതാണ്:–** ആദിയിൽ ആണും പെണ്ണുമായി സൃഷ്ടികർമ്മം നടത്തിയ ദൈവം വിവാഹിതരാകുന്ന പുരുഷനും സ്ത്രീയും എപ്പോഴും സന്തുഷ്ടരായിരിക്കണമെന്ന് ഇച്ഛിക്കുന്ന സ്വർഗ്ഗീയ പിതാവാണ്. വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നവരിൽ കാര്യങ്ങളെല്ലാം എപ്പോഴും സുഗമമായി മുന്നോട്ട് നീങ്ങിക്കൊള്ളണമെന്ന് നാം ചിന്തിക്കുവാൻ ഇടവരരുത്. ഭാര്യയുടെ/ ഭർത്താവിന്റെ ഇഷ്ടാനിഷ്ടങ്ങൾ കണ്ടറിഞ്ഞ് അതിന്റേതായ പ്രാധാന്യത്തോടെ തീരുമാനങ്ങൾ എടുക്കുവാൻ നമുക്ക് അന്യോന്യം കഴിഞ്ഞിരിക്കണം. യാഥാർത്ഥ്യങ്ങളെ അംഗീകരിച്ചുകൊണ്ട് എപ്പോഴും ദൈവഭയത്തിൽ ശുഭാപ്തി വിശ്വാസത്തോടെ ജീവിതം മുന്നോട്ട് നയിക്കുവാൻ കൂടി നമുക്ക് കഴിയേണ്ടിയിരിക്കുന്നു.

**2. പരസ്പരം വിശ്വസ്തരായിരിക്കുവാൻ എപ്പോഴും നമുക്ക് കഴിയണം:–** ദാമ്പത്യത്തിന്റെ ഏറ്റവും പ്രധാനഘടകമാണ് വിശ്വസ്തത. വിശ്വസ്തത ഇല്ലാത്തിടത്ത് പരസ്പര വിശ്വാസവും കുറവായിരിക്കും. പരസ്പര വിശ്വാസവും പ്രതിബദ്ധതയും ഉണ്ടാകുമ്പോൾ ദാമ്പത്യജീവിതം കുടുതൽ സന്തോഷപ്രദമായിരിക്കും എന്നത് ഒരു യാഥാർത്ഥ്യമാണ്. 'എനിക്ക്' എന്നതിന് പകരം 'നമുക്ക്' എന്ന് ചിന്തിക്കുവാനും അതിൻപ്രകാരം ജീവിതം മുന്നോട്ട് നീക്കുവാനും നമുക്ക് കഴിഞ്ഞിരിക്കണം. താൻ വേണ്ടപ്പെട്ടതാണെന്നും വിലമതിക്കപ്പെടുന്നുണ്ടെന്നും അന്യോന്യം അനുഭവഭേദ്യമാക്കുവാനുള്ള ഒരു നല്ല ശ്രമം എപ്പോഴും നമ്മിൽ ഉണ്ടായിരിക്കണം.

**3. പ്രശ്നങ്ങൾക്ക് പരിഹാരമായി ചർച്ചകളിലൂടെ ഒന്നിച്ചിരുന്ന് തീരുമാനങ്ങൾ എടുക്കുവാൻ നമുക്ക് കഴിഞ്ഞിരിക്കണം:–** ദാമ്പത്യത്തിൽ നിങ്ങൾ രണ്ടുപേരുടെയും ചിന്തകളും വികാരങ്ങളും ജീവിതസമീപനവും വ്യത്യസ്തമായതുകൊണ്ട് ഒരുമിച്ചുള്ള ജീവിതയാത്രയിൽ പലവിധമായ പ്രശ്നങ്ങൾ തലപൊക്കുകയെന്നത് തികച്ചും സ്വാഭാവികമാണ്. എന്നാൽ പ്രശ്നങ്ങളെ അവഗണിക്കാതെ പരിഹാരമാർഗ്ഗങ്ങളിലൂടെ ജീവിതം മുന്നോട്ട് നയിക്കുവാനാണ് വിശുദ്ധ ബൈബിൾ നമ്മെ ഉപദേശിക്കുന്നത്. പ്രശ്നങ്ങളിൽ വിയോജിക്കുന്നെങ്കിൽ തന്നെയും എപ്പോഴും ശാന്തത കൈവിടാതെ ഇണയോട് സ്നേഹവും ആദരവും കാണിച്ചുകൊണ്ട് പ്രശ്നങ്ങളിൽ കാലതാമസം കൂടാതെ പരിഹാരം ഉണ്ടാക്കുവാൻ നമുക്ക് കഴിഞ്ഞിരിക്കണം. ഒരു ടീം ആയി യോജിച്ച് പ്രവർത്തിച്ചാൽ നിങ്ങളുടെ കഠിനദ്ധ്വാനത്തിന് നല്ല പ്രതിഫലം കിട്ടും എന്ന് സഭാപ്രസംഗി 4–ാം അദ്ധ്യായം 9–ാം വാക്യത്തിൽ പറയുന്നുണ്ടല്ലോ.

**4. പണം എപ്രകാരം കൈക്കാര്യം ചെയ്യണം എന്നത് സംബന്ധിച്ചുള്ള തീരുമാനങ്ങൾ ഒരുമയോടും പരസ്പര വിശ്വാസത്തോടും കൂടി എടുക്കുവാൻ നമുക്ക് കഴിഞ്ഞിരിക്കണം:–** പണം മിച്ചമുള്ളപ്പോഴും പണത്തിന്റെ അഭാവത്തിലും എന്താണ് ചെയ്യേണ്ടതെന്ന് ഒരുമിച്ചിരുന്ന് തീരുമാനങ്ങൾ എടുക്കുവാൻ എപ്പോഴും ശ്രമിക്കുക. നിങ്ങളുടെ വരവ് എത്രയെന്നും ചെലവ് എത്രയെന്നും സത്യസന്ധമായി ജീവിതപങ്കാളിയെ ബോധ്യപ്പെടുത്തുന്നത് കുടുംബപ്രശ്നങ്ങൾ ലഘൂകരിക്കുന്നതിൽ അവരുടെ സഹകരണം നിങ്ങളോടൊപ്പം ഉണ്ടാക്കിയെടുക്കുവാൻ വളരെ സഹായകരമായിരിക്കും.

**5. ദമ്പതികൾ മാതാപിതാക്കളുമായി രമ്യതയിലും സമാധാനപരവുമായി നീങ്ങുവാനുള്ള ഒരു നല്ല ശ്രമം എപ്പോഴും ഉണ്ടായിരിക്കണം:–** നിങ്ങളുടെ വിവാഹജീവിതത്തിൽ നിങ്ങളുടെ ഭാര്യയാണ് ഏറ്റവും വേണ്ടപ്പെട്ടവൾ എന്ന വസ്തുത തുടക്കത്തിൽ അംഗീകരിക്കുവാൻ നിങ്ങളുടെ മാതാപിതാക്കൾക്ക് ചിലപ്പോൾ ബുദ്ധിമുട്ടായിരുന്നേക്കാം. അതുകൊണ്ട് ഭാര്യക്ക് പ്രഥമസ്ഥാനം നൽകുന്നതിനോടൊപ്പം തങ്ങളുടെ മാതാപിതാക്കളുമായുള്ള ബന്ധം കൂടുതൽ സൗഹൃദപരമായി നിലനിർത്തുവാൻ കഴിയുമ്പോഴാണ് കുടുംബജീവിതവും ദാമ്പത്യവും വിജയത്തിലേക്ക് നീങ്ങുവാൻ ഇടവരുന്നത്.

**6. കുടുംബത്തിൽ മക്കളുടെ ജനനവും തുടർന്നുള്ള സാഹചര്യങ്ങളും ഒരു പുതിയ വഴിത്തിരിവായി നാം എപ്പോഴും കാണേണ്ടിയിരിക്കുന്നു:–** മക്കളുടെ ജനനത്തോടെ ഭാര്യയുടെ ലോകം കൂടുതൽ കുഞ്ഞിനെ ചുറ്റിപ്പറ്റിയുള്ളതാകുക എന്നത് സ്വാഭാവികം മാത്രമാണ്. അതുപോലെ കുഞ്ഞിനെ പരിചരിക്കുന്നതിൽ സഹധർമ്മണിയെ സഹായിക്കുവാനുള്ള ഒരു നല്ല ശ്രമം പിതാവിലും

ഉണ്ടായിരിക്കേണ്ടത് ഇന്നത്തെ മാറിയ ചുറ്റുപ്പാടുകളിൽ അനിവാര്യമാണ്. കുട്ടി വളർന്ന് വലുതാകുമ്പോൾ സ്നേഹം, ക്ഷമ, ദയ തുടങ്ങിയ സദ്ഗുണങ്ങൾ കൂടുതൽ നന്നായി പ്രതിഫലിപ്പിക്കുവാൻ വിധം മാതാപിതാക്കൾ അവർക്ക് മാതൃകയാകേണ്ടതാണ്. കുട്ടികൾക്ക് കാര്യങ്ങൾ സങ്കോചം കൂടാതെ തുറന്നുപറയുവാനുള്ള അന്തരീക്ഷം കുടുംബത്തിൽ എപ്പോഴും ഉണ്ടായിരിക്കണം. മക്കളോട് ക്ഷമയോടെ ഇടപെടാനും അവരെ സ്നേഹിക്കുന്നുണ്ടെന്ന് എല്ലാവിധത്തിലും നമ്മുടെ പ്രവർത്തികളിലൂടെ മനസ്സിലാക്കി കൊടുക്കുവാനും നമുക്ക് കഴിയേണ്ടതാണ്. കുടുംബത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ മുതിർന്ന മക്കളെകൂടി ഉൾപ്പെടുത്തി ചർച്ച ചെയ്ത് തീരുമാനങ്ങൾ കൈകൊള്ളുന്നത് കുടുംബഭദ്രതയ്ക്ക് വളരെ നല്ലതായിരിക്കുമെന്ന് കരുതുന്നു.

**7. കുടുംബമൊന്നിച്ചുള്ള പ്രതിദിന പ്രാർത്ഥനക്കും ഒപ്പം ഭക്ഷണത്തിനും കുടുംബത്തിൽ പ്രാധാന്യം നൽകിയിരിക്കണം:**– കുടുംബമൊത്ത് പ്രാർത്ഥിക്കുമ്പോൾ ദൈവവുമായുള്ള നിങ്ങളുടെ ബന്ധത്തിന്റെ ആഴം എത്രയെന്ന് വളർന്നുവരുന്ന കൊച്ചുമക്കൾക്ക് മാതൃകയായി തീരുന്നതാണ്. അതുപോലെ ഒന്നിച്ചുള്ള ഭക്ഷണവും അല്പം കൂട്ടായ സംഭാഷണങ്ങളും കുടുംബത്തിന്റെ ഐക്യവും, കെട്ടുറപ്പും മക്കളിലേക്ക് നാം അറിയാതെ പകർന്നുകൊടുക്കുകയാണ് ചെയ്യുന്നത്. കുടുംബപ്രശ്നങ്ങളിൽ കൂട്ടായി തീരുമാനങ്ങൾ എടുക്കുമ്പോൾ നാം ഒരുമയിലാണ് എന്ന ഒരു പാഠം കൂടി നാം മക്കൾക്ക് കൈമാറുകയാണ് ചെയ്യുന്നത്.

ഈ പറഞ്ഞ ഏഴ് ചിന്തകളിലും അതിലപ്പുറമായി മറ്റനേകം ദൈനംദിന ചിന്തകളിലും നാം കൂടുതലായി ശ്രദ്ധവെക്കുമെങ്കിൽ നമ്മുടെ കുടുംബജീവിതവും ദാമ്പത്യവും ഏറെയധികം സന്തോഷപ്രദമായിരിക്കുമെന്നതിൽ സംശയമില്ല. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ ഇതിനായി വഴിനടത്തെട്ടെ എന്ന എളിയ പ്രാർത്ഥനയോടെ ഈ ലേഖനം ഇവിടം അവസാനിപ്പിക്കുന്നു.

●

## ഓർഫനേജിനെ സഹായിച്ച് സഭയുടെ ഉപരിപ്രവർത്തനങ്ങളിൽ പങ്കുകാരാകാം

നമ്മുടെ സഭ നേരിട്ടു നടത്തുന്ന ഏക അനാഥശാലയാണ് കാളത്തോടുള്ള മാർ തിമോഥെയൂസ് ഓർഫനേജ്. ഇവിടെ ഇപ്പോൾ 60 കുട്ടികൾ താമസിച്ചു പഠിക്കുന്നു. ഒരു കുട്ടിയെ പഠിപ്പിക്കുന്നതിന് പ്രതിമാസം 4000 രൂപയിലധികം ചെലവ് വരുന്നുണ്ട്. നമുക്ക് ഗവൺമെന്റിൽ നിന്നും സഹായങ്ങൾ ഒന്നും തന്നെ ലഭിക്കുന്നില്ല. സ്വീഡനിലെ ഭാരത് ഇന്ത്യൻ ബിസ്റ്റന്റ് എന്ന സംഘടന ഒരു കുട്ടിക്ക് പ്രതിമാസം 1400 രൂപ നൽകുന്നു. ബാക്കി വരുന്ന തുക മറ്റ് ഉദാരമതികളിൽ നിന്നുമാണ് ലഭിക്കാറുള്ളത്. ആകയാൽ ഉദാരമതികളായ സഭാമക്കളിൽ നിന്നും താഴെ കൊടുക്കുന്ന കാര്യങ്ങളിൽ സഹായം അപേക്ഷിക്കുന്നു.

1. കുട്ടികൾക്കുള്ള കിടക്ക – 2500 രൂപ. 2. റെഫ്രിജറേറ്റർ. 3. വാട്ടർ ഫിൽട്ടർ 4. വലിയ ദോശകല്ല് 5. ഗ്രൈന്റർ 6. മിക്സി 7. ടെലിവിഷൻ 8. വലിയ ഇഡ്ഢലിപാത്രം 9. പഠനസാമഗ്രികൾ 10. ഭക്ഷണം. ഉച്ച/രാത്രി ഭക്ഷണം ഒരു നേരത്തേക്ക് 7000 രൂപ. പ്രഭാതഭക്ഷണം ഒരു നേരത്തേക്ക് 4000 രൂപ. വൈകുന്നേരത്തെ ചായ ഒരു നേരത്തേക്ക് 2000 രൂപ. ഒരു കുട്ടിയെ സ്പോൺസർ ചെയ്യുന്നതിന് പ്രതിമാസം 4000 രൂപ. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക – 6238218361.

Mar Thimotheus Memorial Orphanage, Kalathode
SIB Paravattany A/c. No. 0589053000000092.
IFSC Code: SIBL0000589



# മെൻസ് അസോസ്സിയേഷൻ

## പൗരസ്ത്യ കൽദായ സുറിയാനി സഭ

**ആന്റോ ഡി. ഒല്ലൂക്കാരൻ–** ജനറൽ സെക്രട്ടറി
മെൻസ് അസ്സോസിയേഷൻ കേന്ദ്രസമിതി
mensassociationcsce1001@gmail.com ഫോൺ:
94468 73919

മെൻസ് അസോസ്സീയേഷന്റെ **അത്യുന്നത പദ്ധതി വിഷൻ – 2050,** അതിന്റെ ജൈത്രയാത്രയുമായി മുന്നേറുകയാണ്. നമ്മുടെ സഭയിൽ ഇദംപ്രഥമമായും മെൻസ് അസോസ്സീയേഷന്റെ വിഷൻ – 2050 ന്റെ ഒരു പദ്ധതിയുമായി നടത്തുന്ന **വിശുദ്ധ മാർ അബിമലേക്ക് തിമോഥിയോസ് സ്മാരക തക്കാളി തോട്ടം** കൃഷി വകുപ്പ് ഏറ്റെടുത്ത് നടത്തി തരുന്നതിന് സർക്കാർ ഉത്തരവായിരിക്കുന്ന വിവരം സന്തോഷപൂർവ്വം രേഖപ്പെടുത്തുന്നു. തൃശ്ശൂർ ജില്ലാ കൃഷി വകുപ്പും, കേരള കാർഷിക സർവ്വകലാശാലയുടെ തക്കാളി ഗവേഷണ കേന്ദ്രവുമാണ് തക്കാളി തോട്ടത്തിന്റെ ആദ്യ വിളവെടുപ്പ് നടത്തുന്നത് വരെയുള്ള പരിരക്ഷയുടെ ചുമതല. ഇതിന്റെ ബന്ധപ്പെട്ട ഫയൽ മെൻസ് അസോസ്സീയേഷന് വേണ്ടി, ജനറൽ സെക്രട്ടറി സർക്കാരിന് ഒപ്പിട്ട് നൽകിയിട്ടുള്ളതാണ്. 300 എണ്ണം ഗ്രോബാഗുകളിലും, 100 തക്കാളി ചെടികൾ മണ്ണിലുമാണ് കൃഷി ചെയ്യുന്നത്. തക്കാളി കൃഷിക്ക് ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റത്തിലൂടെയാണ് ജലസേചനം നടത്തുക. വിശുദ്ധ മാർ അബിമലേക്ക് തിമോഥിയോസ് മെത്രാപ്പോലീത്തയെ വിശുദ്ധനായി പരസ്യ പ്രഖ്യാപനം നടത്തുന്ന, സെപ്തംബർ 29ന് ഞായറാഴ്ച തന്നെ ആദ്യ വിളവെടുപ്പ് നടത്തുന്നതിന് വേണ്ടിയുള്ള ആധുനിക രീതിയിലുള്ള കൃഷിയാണ് മെത്രാപ്പോലീത്ത അരമനക്ക് സമീപം വലിയ പള്ളിയുടെ പരിസരത്ത് കൃഷിയുടെ പ്രവർത്തനം പുരോഗമിക്കുന്നത്.

ജൂലായ് 21ന് ഞായറാഴ്ച ബഹു. സംസ്ഥാന കൃഷി വകുപ്പ് മന്ത്രി അഡ്വ. ശ്രീ. വി. എസ്. സുനിൽകുമാർ **വിഷൻ – 2050**ന്റെ ഭാഗമായി നടത്തുന്ന തക്കാളി തോട്ടത്തിൽ തക്കാളി ചെടി നട്ടുകൊണ്ട് ഉദ്ഘാടനം ചെയ്തിരുന്നു. ഇതിന്റെ പ്രധാന്യം ജനറൽ സെക്രട്ടറി മന്ത്രിയെ ബോധ്യപ്പെടുത്തുകയും, മന്ത്രി കൃഷി സ്ഥലവും വിശുദ്ധ മാർ അബിമലേക്ക് തിമോഥിയോസ് ഖബർ പള്ളിയും സന്ദർശിച്ചിരുന്നു. പദ്ധതിയുടെ പ്രാധാന്യം മനസ്സിലാക്കിയ മന്ത്രി തക്കാളി തോട്ടത്തിന്റെ മുഴുവൻ ചെലവും സർക്കാർ വഹിക്കുന്നതിന് തീരുമാനിക്കുകയും പദ്ധതി നടത്തിപ്പ് ഊർജ്ജിതപ്പെടുത്തുന്നതിന് വേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് തൽസമയം നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

2019 സെപ്തംബർ 29 ന് വിശുദ്ധ മാർ അബിമലേക്ക് തിമോഥിയോസ് തിരുമേനിയെ വിശുദ്ധനായി പരസ്യ പ്രഖ്യാപനം നടത്തുന്ന ദിവസം തന്നെ ഈ തക്കാളി തോട്ടത്തിൽ നിന്നും തിരുമേനിയുടെ സ്മരണയ്ക്കായി തക്കാളി വിതരണം ചെയ്യണം എന്ന ലക്ഷ്യത്തോട് കൂടിയാണ് കൃഷി വകുപ്പ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്.

യഹോവയുടെ കൃപയുടെ തണലിൽ, **അത്യുന്നത പദ്ധതിയായ വിഷൻ – 2050** ഫലപ്രാപ്തിയിലെത്തുമെന്ന് അർത്ഥശങ്കയ്ക്ക് ഇടനൽകാതെ പറയുന്നതിൽ ചാരിതാർത്ഥ്യമുണ്ട്. **വിഷൻ 2050**ന്റെ വിജയത്തിനായി പ്രവർത്തിക്കുന്ന സംഘാടകർക്കും, സഭാ വിശ്വാസികൾക്കും ആത്മാർത്ഥമായ കൃതഞ്ജത രേഖപ്പെടുത്തുന്നു. അശുഭ പ്രവചനങ്ങൾക്ക് അന്ത്യവിശ്രമം നൽകികൊണ്ട് വിശുദ്ധ മാർ അബിമലേക്ക് മെത്രാപ്പോലീത്ത സ്മാരക തക്കാളി തോട്ടം യഥാർത്ഥ്യമാവുകയാണ്. സെപ്തംബർ 29ന് ആദ്യവിളവെടുപ്പിൽ 500കിലോ തക്കാളി ലഭിക്കുമെന്നാണ് പ്രത്യാശിക്കുന്നത്. **അത്യുന്നത പദ്ധതിയായ വിഷൻ – 2050**ന്റെ തക്കാളി തോട്ടത്തിന്റെ രണ്ടാംഘട്ടത്തിൽ സഭയുടെ തിരൂർ സെമിനാരിയിൽ പോളി ഹൗസ് നിർമ്മിക്കുന്നതിനും പദ്ധതിയുണ്ട്. ഈ പദ്ധതിയും സംസ്ഥാന സർക്കാരിന്റെ കൃഷി വകുപ്പ് നിർവ്വഹിക്കുമെന്ന് പ്രത്യാശിക്കുന്നു.

സൗഹൃദത്തിന്റെയും, സമഭാവനയുടെയും സന്ദേശമാണ് **അത്യുന്നത പദ്ധതിയായ വിഷൻ – 2050.** ജാതിമതഭേദമെന്യേ വിശ്വാസികൾ സ്നേഹവും, സാഹോദര്യവും ഉണർത്തികൊണ്ട് ഭക്തിയും, വിശ്വാസവും ഊട്ടി ഉറപ്പിക്കുന്നതിന് മാർ അബിമലേക്ക് തിമോഥിയോസ് തിരുമേനിക്ക് കഴിഞ്ഞിരുന്നു എന്ന യഥാർത്ഥ്യത്തിന്റെ മകുടോദാഹരണമാണ് **തക്കാളിതോട്ടം.** ●



# മാർ അപ്രേം സൺഡേ സ്കൂൾ

ഫാ. വിനോദ് തിമത്തി സി. - ജനറൽ സെക്രട്ടറി
ഫോൺ: 9791069005

## സൺഡെസ്കൂൾ അദ്ധ്യാപനം ഒരു ദൈവവിളി

സൺഡെസ്കൂൾ അദ്ധ്യാപനം ദൈവവിളിയിലധിഷ്ഠിതമായ ഒന്നാണ്. സഭയുടെ പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് പഠിപ്പിക്കുന്നതും വിശ്വാസം പരിശീലിപ്പിക്കുന്നതുമായ രംഗങ്ങളിൽ ഉന്നതമായ ദൈവ നിയോഗം ലഭിച്ചവരാണ് സൺഡെസ്കൂൾ അദ്ധ്യാപകർ എന്ന് സ്വയം തിരിച്ചറിയേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. സൺഡെസ്കൂൾ അദ്ധ്യാപനം സഭയെക്കുറിച്ചും വിശ്വാസത്തെക്കുറിച്ചും ചില അറിവുകൾ പഠിപ്പിക്കുക മാത്രമല്ല, അതൊരു ജീവിതചര്യയാണെന്ന് മനസ്സിലാക്കുകയും വേണം. ദൈവാശ്രയബോധവും ആഴമേറിയ ദൈവാനുഭവവും നന്മ നിറഞ്ഞ ജീവിതവും നല്ല പരിശീലനവും ഒത്തുച്ചേരുമ്പോഴാണ് മാതൃക സൺഡെസ്കൂൾ അദ്ധ്യാപകൻ രൂപപ്പെടുന്നത്.

സൺഡെസ്കൂൾ പാഠഭാഗങ്ങളിലെ പ്രധാനഭാഗമായ ദൈവവചനം ആകർഷകമായ രീതിയിൽ രസകരമായി കുട്ടികൾക്ക് പറഞ്ഞ് കൊടുക്കാൻ അദ്ധ്യാപകർക്ക് സാധിക്കണം. ദൈവവിളിയുടെ ഭാഗമായാണ് ഈ ഉത്തരവാദിത്വം താൻ നിർവ്വഹിക്കുന്നതെന്ന് ഓരോ അദ്ധ്യാപകനും മനസ്സിലാക്കണം. ഈശോ മ്ശീഹ എന്ന ഗുരുവാണ് സൺഡെസ്കൂൾ അദ്ധ്യാപകരുടെ മാതൃക. ക്രിസ്തുവാകുന്ന ആ ഗുരുവുമായുള്ള ഗാഢമായ ബന്ധം അദ്ധ്യാപകർക്കുണ്ടാകണം. എങ്കിൽ മാത്രമെ നവസുവിശേഷീകരണമായ സൺഡെസ്കൂൾ അദ്ധ്യാപനത്തിലും വിശ്വാസജീവിത പരിശീലനത്തിലും അദ്ധ്യാപകർക്ക് മികച്ചതാകാൻ കഴിയൂ.



2019 ജൂലൈ 14-ാം തിയ്യതി കിഴക്കെകോട്ട മാർ യോഹന്നാൻ മാംദ്ദാന പള്ളിയിൽ നടന്ന സൺഡെസ്കൂൾ അദ്ധ്യാപകരുടെ പരിശീലനക്ലാസ്സ്

**2019 സെപ്തംബർ** **കുരിശിന്റെ ശക്തി ആരാധന** **പ്രാസംഗികർ**

വലിയപള്ളിയുടെ കുരിശുപള്ളിയിൽ 5.00 p.m. **മുതൽ** 6.30 p.m. **വരെ**

05 - ദിവ്യശ്രീ ഷീജൻ എ.വി. ശമ്മാശ്ശൻ

### *സ്ലീവാ തിരുനാൾ കൺവെൻഷൻ*

11 - ദിവ്യശ്രീ വി.വി. ജോസഫ് ശമ്മാശ്ശൻ

12 - ബഹു. ഫാ. സിന്റോ ജോസ് പൂഞ്ഞോക്കാരൻ

13 - ബഹു. ഫാ. സക്കറിയ തോമസ് *(വികാരി, മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് സിറിയൻ പള്ളി, തേനിടുക്ക്, വടക്കുംഞ്ചേരി)*

19 - ബഹു. ഫാ. ഡേവിസ് തലോക്കാരൻ

26 - ബഹു. ഫാ. ബി.ഒ. തിമോത്തി



കേന്ദ്ര വിമൺസ് യൂത്ത് അസോസിയേഷൻ

## അവളുടെ കൈയൊപ്പ്

സിജി നിംസ് - വൈസ് പ്രസിഡണ്ട്

**"പ്രവർത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാകുന്നു" (യാക്കോബ് 2:26)**

ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സ് ഉണ്ടാവുകയുള്ളു. ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തേക്കാളും ആരോഗ്യരംഗത്തും വിദ്യാഭ്യാസരംഗത്തും കേരളം മുന്നിട്ട് നിൽക്കുന്നു. എങ്കിലും രോഗികളായിരിക്കുന്നവരും വൈദ്യസഹായം കാംക്ഷിക്കുന്നവരും അനേകരാണ്. മൂന്ന് മെഡിക്കൽ കോളേജുകളും അനേകം സ്വകാര്യ ആശുപത്രികളും ഉള്ള തൃശ്ശൂർ ജില്ലയിൽ രോഗികളെ കൊണ്ട് നിറഞ്ഞിരിക്കുന്നു. അതുകൊണ്ട് മെഡിക്കൽ ക്യാമ്പുകളുടെ ആവശ്യകത കൂടി വന്നിരിക്കുന്നു. 2019 ജൂലൈമാസം 14-ാം തിയ്യതി മരോട്ടിച്ചാൽ മാർ മത്തായ് ശ്ലീഹാ പള്ളി അങ്കണത്തിൽവെച്ച് അത്തരത്തിലുള്ള ഒരു ക്യാമ്പ് സംഘടിപ്പിക്കുവാൻ വിമൺ യൂത്ത്സ് അസ്സോസിയേഷന് സാധിച്ചു.

പന്ത്രണ്ട് സംവത്സരം രക്തസ്രാവം ഉണ്ടായി തന്റെ സമ്പാദ്യം മുഴുവൻ വൈദ്യന്മാർക്ക് കൊടുത്തിട്ടും സൗഖ്യം വരാഞ്ഞ് സ്ത്രീ ഒടുവിൽ യേശുനാഥനിൽ വിശ്വാസം അർപ്പിച്ച് രോഗസൗഖ്യം വന്നത് നാം ഓർക്കണം. സൗഖ്യമാകും എന്നുള്ള വിശ്വാസം ആദ്യം നമ്മിലുണ്ടാകണം. രോഗസൗഖ്യം വന്നാൽ അന്യജാതിക്കാരനായ കുഷ്ഠരോഗി നന്ദി പറയുവാൻ മടങ്ങിവന്ന പോലെ നാമും നന്ദിയുള്ളവരായിരിക്കണം.

ആരോഗ്യത്തിൽ ശ്രദ്ധവെയ്ക്കാതെ ധനസമ്പാദനത്തിനുവേണ്ടി നെട്ടോടമോടുമ്പോൾ നമ്മെ സൗഖ്യമാക്കിയ യേശുനാഥനെ നാം മറന്നു പോകരുത്.

1. നമ്മുടെ കഴിവ് പരമാവധി ഉപയോഗിച്ച് മറ്റുള്ളവർക്ക് നന്മ ചെയ്യുക. 2. നമുക്ക് വിശ്വാസം അർപ്പിച്ചുകൊണ്ട് ജീവിതത്തിൽ മുന്നേറാം. 3. നാം എല്ലാറ്റിനോടും നന്ദിയുള്ളവരായിരിക്കുക. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

### മെഡിക്കൽ ക്യാമ്പ് - മരോട്ടിച്ചാൽ

കേന്ദ്ര വിമൺ യൂത്ത്സ് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ മരോട്ടിച്ചാൽ മാർ മത്തായി ശ്ലീഹാ പള്ളിയുടെ സഹകരണത്തോടെ ജൂലായ് 14-ാം തിയ്യതി സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. മലയാള മനോരമയുടെ 'കേരള കാൻ' പദ്ധതിയിൽ അമല കാൻസർ റിസർച്ച് സെന്ററും, കല്യാൺ ജ്വല്ലേഴ്സും സഹപങ്കാളിയായ ഈ മെഡിക്കൽ ക്യാമ്പിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ഔഗിൻ കുരിയാക്കോസ് എപ്പിസ്കോപ്പ നിർഹിച്ചു. അദ്ധ്യക്ഷസ്ഥാനം നിർവ്വഹിച്ചത് പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനി ഉണ്ണികൃഷ്ണനായിരുന്നു. ബോർഡ് ഓഫ് സെൻട്രൽ ട്രസ്റ്റീസ് ചെയർമാൻ സി. എൽ. ടെന്നി, മെമ്പർമാരായ ഓമന ഇ.എ, ബിനോയ് ഓതോട്ടിൽ, പ്രീതി ജോസ്, ജോസി ബേബി, പി. കെ. ശ്രീനിവാസൻ, അമല കാൻസർ റിസർച്ച് സെന്റർ അസോ. ഡയറക്ടർ ഫാ. തോമസ് വാഴക്കാല തുടങ്ങിയവർ ആശംസകൾ അറിയിച്ചു. തുടർന്ന് സിസ്റ്റർ ഡോ. റൂബി (അസി. പ്രൊഫസർ, ഗൈനക്കോളജി, അമല മെഡിക്കൽ കോളേജ്) കാൻസർ ബോധവൽക്കരണ സെമിനാർ നടത്തി. നൂറിൽപരം ആളുകൾ ക്യാമ്പിൽ പങ്കെടുത്തു. വിദഗ്ദ ഡോക്ടർമാരുടെ സേവനം ജനങ്ങൾക്ക് ലഭിച്ചിരുന്നു. ഈ ക്യാമ്പ് വളരെ വിജയകരമാക്കാൻ സഹായിച്ചു. മരോട്ടിച്ചാൽ പാരിഷ് കൗൺസിൽ, വികാരി, മറ്റു ഭക്തസംഘടനകൾ, ഇടവക ജനങ്ങൾ, നാട്ടുകാർ എന്നിവരോടുള്ള നന്ദി ഹൃദയപൂർവ്വം അറിയിക്കുന്നു.

ഈ മാസം 23-ാം തിയ്യതി വെള്ളിയാഴ്ച 1.30 ന് കാൽഡിയൻ സെന്ററിൽവെച്ച് സെൻട്രൽ വിമൺ യൂത്ത്സ് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ 'വിമൺ ഗെറ്റ് റ്റുഗതർ' സംഘടിപ്പിക്കുന്നു. നമ്മുടെ സഭയിലെ ഓരോ ഇടവകയിലെയും യുവതികളുടെ കലാപരമായ കഴിവുകൾ വളർത്തുക എന്ന ലക്ഷ്യത്തോടെ ഏകദിനമായി നടത്തുന്ന ഈ ആഘോഷവേളയിലേക്ക് ഏവരേയും സ്വാഗതം ചെയ്തുകൊള്ളുന്നു. അന്നേ ദിവസം ധനസമാഹരണത്തിനായി തയ്യാറാക്കിയ കൂപ്പണിന്റെ നറുക്കെടുപ്പും നടക്കുന്നതായിരിക്കും.

# യുവശബ്ദം



**സോജൻ പി. ജോൺ–** ജനറൽ സെക്രട്ടറി
യൂത്ത്സ് അസ്സോസിയേഷൻ കേന്ദ്രസമിതി
**ഫോൺ: 9447126135**

**എന്റെ പ്രിയ സുഹൃത്തുക്കളെ,**

കഴിഞ്ഞ മാസം അതായത് 2019 ജൂലായ് മാസം എല്ലാ ഇടവകകളിലും സഭയിലും ആദരിക്കലിന്റെ ദിവസങ്ങളായിരുന്നു. നമ്മുടെ അനിയന്മാരും അനിയത്തിമാരും കഴിഞ്ഞവർഷം വിജയം കരസ്ഥമാക്കിയതിനാണ് ആദരിച്ചത്. ഇടവകകളിൽ ഉന്നതവിജയം കരസ്ഥമാക്കിയവരെ മാത്രമല്ല ആദരിച്ചത്. അവരോടൊപ്പം പാസ്സായവരെയും ഒരേ വേദിയിൽ ഭംഗിയായി ആദരിക്കുന്നു. എപ്പോഴും നല്ല മാർക്ക് കിട്ടിയവർക്ക് സർക്കാരിന്റെയും സ്കൂളിന്റെയും ആദരം കിട്ടും. എന്നാൽ പല കാരണത്താൽ അല്പം മാർക്ക് കുറഞ്ഞതിന്റെ പേരിൽ പലർക്കും അനുമോദനങ്ങൾ കിട്ടാതെ പോകുന്നു. അത് മനസ്സിലാക്കിയാണ് യൂത്ത്സ് അസ്സോസിയേഷൻ മാർക്ക് കൂടിയവരേയും കുറഞ്ഞവരേയും ഒരേ വേദിയിൽ ആദരിക്കാൻ കാരണം.

നമ്മുടെ സഭയിൽ പലപ്പോഴും വിമർശനങ്ങൾ കൂടുതലാണ് എന്ന് പറയാറുണ്ട്. വിമർശനങ്ങൾ എപ്പോഴും തെറ്റ് തിരുത്തുന്നതിന് നല്ലതാണ്. എന്നാൽ ഒരു വിമർശനം നടത്തുമ്പോൾ ചുരുങ്ങിയത് അഞ്ച് നല്ല കാര്യങ്ങൾ എങ്കിലും പറഞ്ഞിട്ട് വിമർശിക്കുന്നതാണ് നല്ലത് എന്ന് എനിക്ക് തോന്നുന്നു.

അനുമോദനങ്ങൾ എപ്പോഴും നമ്മുടെ മക്കളെ സഭയോട് ചേർത്തു നിർത്താൻ ഉപകരിക്കും. അനുമോദനത്തിന് അർഹരായവർ എല്ലാവരും തന്നെ നമ്മുടെ യുവജനസംഘടനയുമായി പ്രവർത്തിക്കാൻ സാധിക്കുന്ന പ്രായപരിധിയിൽ ഉള്ളവരാണ്. അവരാണ് നമ്മുടെ യുവജനസംഘങ്ങളിൽ സജീവസാന്നിധ്യം ആകേണ്ടവർ. ഇന്ന് ഈ പ്രായപരിധിയിൽപ്പെട്ടവർ പലരും നവമാധ്യമങ്ങളിലൂടെ സഞ്ചരിച്ച് സമയം കളയുന്നവരാണ്. അവരുടെ ഒഴിവുസമയങ്ങൾ കണ്ടെത്തി പള്ളി പരിസരങ്ങളിൽ ഒത്തുകൂടാൻ അവസരം ഒരുക്കുന്നത് നല്ലതാണ്. ചെറിയ കളികളിലൂടെയോ മറ്റു പല ആക്ടിവിറ്റീസിലൂടെയോ നമ്മുടെ ചെറുപ്പക്കാരെ പള്ളിയിലേക്ക് അടുപ്പിക്കാൻ ശ്രമിക്കാം. അതുമൂലം അവർക്ക് മാനസിക ആരോഗ്യവും ശാരീരിക ഉന്മേഷവും ലഭിക്കുന്നു. ഇതിലൂടെ ഇടവകയുടെ ഉണർവും സഭയുടെ ഉന്മേഷവും വർദ്ധിപ്പിക്കാം. എല്ലാത്തിനും ഉപരിയായി മാനുഷിക മൂല്യങ്ങൾ ഉള്ള യുവജനങ്ങൾ സഭയ്ക്ക് ഉണ്ടാകട്ടെ എന്ന് ആഗ്രഹിക്കുന്നു.

**മാർത്ത് മറിയം വലിയപള്ളിയിൽ വിശുദ്ധ സ്ലീവാ തിരുനാൾ**

പങ്കെടുക്കുക... അനുഗ്രഹം പ്രാപിക്കുക...

**2019 സെപ്തംബർ 11,12,13** *(ബുധൻ/തിരുവോണം, വ്യാഴം, വെള്ളി)*

സംഗീതാർച്ചന : 3.30 pm - 5.00 pm, 11&12 തിയ്യതികളിൽ (ഫോൺ: 0487–2427183)
ആരാധന & വചനസന്ദേശം 5.00pm - 6.30pm, 11, 12 & 13 തിയ്യതികളിൽ.
തിരുനാൾ പ്രദക്ഷിണം – 12 ന് 8.00 pm

**തിരുനാൾ ദിനം 13 ന് വി. കുർബ്ബാന 7.00 am, തിരുനാൾ പ്രദക്ഷിണം 9.00 am.**
**നേർച്ചകഞ്ഞി വിതരണം 9.30 am - 1.30 pm.**

** തിരുനാൾ ദിനത്തിൽ ഉപവാസ കുർബ്ബാന വലിയപള്ളിയിൽ ഉണ്ടായിരിക്കുന്നതല്ല.*



## മഹിളാ സമാജം കോളം

## "അമ്മയുടെ സാന്ത്വനം" "ലൂബാവ ദിമ്മാ"

**കേന്ദ്ര മഹിളാസമാജം – തോട്ടാൻപേട്ട**

ഫോൺ : 7559836360, 2420993

മേരി പോൾ, ജനറൽ സെക്രട്ടറി

ഈ ലക്കത്തിൽ എന്ത് എഴുതണം എന്നു ആലോചിച്ചിരിക്കുമ്പോഴാണ് കുട്ടികളുടെ ഒരു മാസിക കണ്ണിൽപെട്ടത്. അതിലെ ഒരു ചെറിയ പ്രസക്തഭാഗം എന്നെ ആകർഷിച്ചത് ഇവിടെ കുറിക്കട്ടെ. മള്ളവരുടെ ജീവിതത്തിൽ പ്രകാശം പരത്താനായി നാം എന്തു ചെയ്യുന്നുവെന്ന് എപ്പോഴെങ്കിലും ചോദിക്കാറുണ്ടോ? നമ്മുടെ നല്ല മാതൃകയിലൂടേയും ബോധപൂർവമായ പെരുമാറ്റത്തിലൂടെയും മറ്റുള്ളവർക്കു പ്രചോദനവും ശക്തിയും നല്കാൻ നമുക്കു സാധിക്കുമെന്നതാണ് വസ്തുത. നാം മനസ്സുവെച്ചാൽ നമ്മുടെ നല്ല ജീവിത മാതൃകയിലൂടെ മറ്റുള്ളവരെ ശരിയായ രീതിയിൽ സ്വാധീനിക്കാൻ സാധിക്കും എന്ന കാര്യത്തിൽ ഒരു സംശയവും ഇല്ല.

നാം നമ്മുടെ ജീവിതത്തിലെ വിളക്കുകൾ തെളിയിക്കുന്നതു നമ്മെ ഉയർത്തിക്കൊണ്ടു വരാൻ വേണ്ടി ആകരുത്. പ്രത്യുത മറ്റുള്ളവർക്ക് യഥാർത്ഥ വെളിച്ചമാകാൻ വേണ്ടിയാകട്ടെ. അങ്ങനെ പ്രകാശത്തിന്റെ മനുഷ്യരായി നമുക്കു മാറാൻ ശ്രമിക്കാം. നമ്മുടെ ജീവിത വിളക്കുകൾ എപ്പോഴും തെളിയിച്ചുനിർത്താൻ നമുക്ക് ശ്രമിക്കാം.

കഴിഞ്ഞ അവധികാലത്ത് കുട്ടികളെക്കൊണ്ട് തിരൂർ സെമിനാരി സന്ദർശിക്കാൻ പോയി എന്നു എഴുതിയിരുന്നല്ലോ. അവിടെ കണ്ട കാഴ്ച ഞാൻ ഇവിടെ ചേർക്കട്ടെ. ഓരോ ഭാഗം കണ്ട് കണ്ട് പാൽ കുപ്പികൾ കഴുകുന്നിടത്ത് എത്തി. അവർ പറഞ്ഞ കാര്യം "നമ്മുടെ അമ്മമാർ എന്താ ഇങ്ങിനെ? പാൽ കുപ്പി ഒന്നു കുലുക്കി കഴുകി വൃത്തിയാക്കി വെച്ചുകൂടേ, ചില കുപ്പികളിൽ പാലിന്റെ അവശിഷ്ടം, മഞ്ഞനിറം, ചീത്തമണം. ചില വീട്ടമ്മമാർ കുപ്പികൾ തിരികെ കൊടുത്തു വിടുന്നില്ല. പാൽ കൊടുത്തയക്കുവാൻ അതിനാൽ ബുദ്ധിമുട്ടുവരുന്നു."

ഇത്രയും കേട്ടപ്പോൾ അന്നു മനസ്സിൽക്കുറിച്ചിട്ടതാണ് ഈ വിവരം അമ്മമാരെ അറിയിക്കണം എന്ന് ഓരോരുത്തരേയും കണ്ടു പറയാനോ, പള്ളികളിൽ വിളിച്ചു പറയാനോ പറ്റിയ കാര്യമല്ല. അതുകൊണ്ടാണ് ഈ പംക്തിയിൽ എഴുതുന്നത്. പാൽ എടുത്തു കഴിഞ്ഞാൽ കുപ്പി മൂന്നോ നാലോ തവണ നേരിയ ചൂടുവെള്ളത്തിൽ കുലുക്കി കഴുകണം. പിന്നീട് കുറച്ച് ലോഷൻ ചൂടുവെള്ളത്തിൽ ഒഴിച്ച് ആ ലായനി ഉപയോഗിച്ച് ബ്രഷ് ചെയ്ത് വൃത്തിയായി കഴുകുക. പാൽ നിറക്കുവാനാണ് ഈ കുപ്പി ഉപയോഗിക്കുന്നത്. ഏറ്റവും വൃത്തിയോടുകൂടി ചെയ്യേണ്ട കാര്യമാണ്. ഉപയോഗിക്കുന്ന വീട്ടുകാർക്ക് ഒരു കുപ്പിയേ വൃത്തിയാക്കേണ്ടതുള്ളൂ. പക്ഷേ അതു വിതരണ കേന്ദ്രത്തിൽ വരുമ്പോഴോ അമ്പതും അറുപതും കുപ്പികൾ ഒരാൾ തന്നെ വൃത്തിയാക്കേണ്ട ഗതികേട് ഒന്നു ആലോചിച്ചു നോക്കൂ. നല്ല ആരോഗ്യത്തിനും, നല്ല മനസ്സിനും, വൃത്തിയും വെടിപ്പും സത്യസന്ധതയും ആവശ്യമാണ് എന്ന കാര്യം മറക്കരുത്.

നമ്മുടെ ആശ്രമത്തിൽ അടുത്ത പ്രോജക്ട് ആയി ഒരു സിക്ക് റീഹാബിലിറ്റേഷൻ സെന്റർ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. ആയതിനെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ അറിയിക്കുക. അനാഥരേയും വിധവകളേയും സംരക്ഷിക്കുമ്പോൾ അവർ അവശനിലയിലാകുമ്പോൾ വീട്ടിലേക്കു കൊണ്ടുപോകൂ-എന്നു പറയണോ?നമുക്കു ചിന്തിക്കാം പ്രവർത്തിക്കാം.

**അറിയിപ്പ്**

വൈദീകർക്കുള്ള അരയിൽ കെട്ടുന്ന വാർ വലിയ പള്ളി അങ്കണത്തിലുള്ള മാർ നർസൈ ബുക്ക് ഡെപ്പോയിൽ ലഭിക്കുന്നതാണ്.

# വാർത്തകൾ വിശേഷങ്ങൾ

## മാർ പത്രോസ് ശ്ലീഹ പള്ളി പൂച്ചെട്ടി

### പാചകശാല

2019 ജൂൺ 16ന് ബുധനാഴ്ച വിശുദ്ധ കുർബ്ബാനക്കു ശേഷം അഭിവന്ദ്യ ഡോ. മാർ യോഹന്നാൻ എപ്പിസ്കോപ്പയുടെ മുഖ്യകാർമ്മികത്വത്തിൽ പാചകശാലയുടെ കൂദാശ നിർവ്വഹിക്കപ്പെട്ടു. വികാരി റവ. റൂണോ വർഗ്ഗീസ് കശ്ശീശ, സഹ. വികാരി ഡീക്കൻ ചാക്കുണ്ണി വിതയത്തിൽ എന്നിവർ സഹ കാർമ്മികരായി. തുടർന്ന് നവീകരിച്ച ഇടവക ഓഫീസിന്റെ ഉദ്ഘാടനം അഭിവന്ദ്യ തിരുമേനി നിർവ്വഹിച്ചു. ഇടവകയിൽ നിന്നുള്ള കേന്ദ്രട്രസ്റ്റിയും യൂത്ത്സ് അസോസ്സിയേഷൻ കേന്ദ്രസമിതിയുടെ വൈസ് പ്രസിഡന്റുമായ ശ്രീ. മെറീജ് തിമത്തി, വിമൺ യൂത്ത്സ് അസോസ്സിയേഷൻ കേന്ദ്രസമിതി ട്രഷറർ ശ്രീമതി ജിയ ഗിഫ്റ്റൻ, മഹിളാസമാജം കേന്ദ്രസമിതിയംഗം ശ്രീമതി റോസിലി ജോൺസൺ എന്നിവരെ തദവസരത്തിൽ അനുമോദിച്ചു. കൈക്കാരന്മാരായ ശ്രീ. സന്തോഷ് സി.ടി., ശ്രീ. പോൾസൺ ജെ. ഇമ്മട്ടി, കൺവീനർ ശ്രീ. ജോജു തെറ്റയിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

### ബീറ്റ് പ്ലാസ്റ്റിക പൊലൂഷൻ ചാലഞ്ച്

പൂച്ചെട്ടി മാർ പത്രോസ് ശ്ലീഹ പള്ളി യൂത്ത്സ് അസോസ്സിയേഷന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് 'ബീറ്റ് പ്ലാസ്റ്റിക് പൊലൂഷൻ ചാലഞ്ച്' നടത്തി. 2019 ജൂൺ 16 ഞായറാഴ്ച വിശുദ്ധ കുർബ്ബാനക്കു ശേഷം നടത്തറ സെന്ററിൽ അഭിവന്ദ്യ ഡോ. മാർ യോഹന്നാൻ യോസേഫ് എപ്പിസ്കോപ്പ ചാലഞ്ച് ഉദ്ഘാടനം ചെയ്തു. റവ. റൂണോ വർഗീസ് കശ്ശീശ, യൂത്ത്സ് അസോസ്സിയേഷൻ കേന്ദ്രസമിതി ജനറൽ സെക്രട്ടറി ശ്രീ. സോജൻ പി. ജോൺ, വൈസ് പ്രസിഡന്റ് ശ്രീ. മെറീജ് തിമത്തി, സെക്രട്ടറി ശ്രീ. ജോമോൻ ജോസഫ് എന്നിവർ പ്രസംഗിച്ചു. നടത്തറ സെന്റർ മുതൽ പൂച്ചെട്ടി വരെയുള്ള പ്രദേശത്തെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നടത്തറ പഞ്ചായത്തിന്റെ ക്ലീൻ ആർമിക്ക് കൈമാറുവാനായി ശേഖരിച്ചു. നാടും വീടും പ്ലാസ്റ്റിക് വിമുക്തമാക്കുക എന്ന ലക്ഷ്യത്തിനുവേണ്ടി ഈ വർഷം പ്രവർത്തിക്കുവാനാണ് അസോസ്സിയേഷൻ പദ്ധതി.

### മുളയം ആശ്രമത്തിൽ പഠനോപകരണങ്ങൾ നൽകി

പൂച്ചെട്ടി മാർ പത്രോസ് ശ്ലീഹ പള്ളി മഹിളാസമാജത്തിന്റെ ആഭിമുഖ്യത്തിൽ മുളയം മാർ തോമ ആശ്രമത്തിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ സമ്മാനിച്ചു. 2019 ജൂൺ 12ന് ആശ്രമത്തിൽ നടന്ന ലളിതമായ ചടങ്ങിൽ വികാരി റവ. റൂണോ വർഗ്ഗീസ് കശ്ശീശ പഠനോപകരണങ്ങൾ വിതരണം ചെയ്ത് സംസാരിച്ചു. സഹ വികാരി ഡീക്കൻ ചാക്കുണ്ണി വിതയത്തിൽ, സമാജം സെക്രട്ടറി ശ്രീമതി എൽസി മാനുവേൽ, ആശ്രമം കമ്മറ്റിയംഗങ്ങളായ ജെയിംസ് ചീരമ്പൻ, ഗിഫ്റ്റൻ കെ. ജോസഫ്, സോളമൻ മഞ്ഞളി എന്നിവർ ആശംസകൾ നേർന്നു. വാർഡൻ എം.ആർ തിമത്തി നന്ദി പറഞ്ഞു.

### മെറിറ്റ് ഡെ

പൂച്ചെട്ടി മാർ പത്രോസ് ശ്ലീഹ പള്ളി യൂത്ത്സ് അസ്സോസിയേഷൻ ജൂലൈ 21ന് 'മെറിറ്റ് ഡെ-2019' നടത്തി. വികാരി റവ. റൂണോ വർഗീസ് കശ്ശീശ അദ്ധ്യക്ഷനായ യോഗം അഭിവന്ദ്യ ഡോ. മാർ യോഹന്നാൻ യോസേഫ് എപ്പിസ്കോപ്പ ഉദ്ഘാടനം ചെയ്തു. ഇടവകയിലെ 10, 12 ക്ലാസ്സ് വിജയികളെയും ബിരുദബിരുദാനന്തര വിജയികളെയും ഉപഹാരങ്ങൾ നൽകി ആദരിച്ചു. ഇടവകയിൽ നിന്നുള്ള മഞ്ഞളി പൈലി ലോനപ്പൻ സ്മാരക എൻഡോവ്മെന്റ് 10, 12 ക്ലാസുകളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥികൾക്കും സൺഡെസ്കൂൾ പത്താംക്ലാസ്സിൽ ഉയർന്ന മാർക്ക് ലഭിച്ചവർക്കും, റാങ്ക് ജേതാക്കൾക്കും തദവസരത്തിൽ സമ്മാനിച്ചു. അസോസിയേഷൻ തിരുവോണപ്പായസകൂപ്പൺ, സൺഡെസ്കൂൾ സമ്മാനകൂപ്പൺ എന്നിവ അഭിവന്ദ്യ തിരുമേനി പ്രകാശനം ചെയ്തു. അസോസിയേഷൻ ഏറ്റെടുത്തിരിക്കുന്ന തിരുവോണ ബംമ്പർ ലോട്ടറിയുടെ ആദ്യവിൽപന സഭയിലെ സീനിയർ മോസ്റ്റ് വൈദീകൻ റവ. പി.കെ.വർഗീസ് കശ്ശീശ കേന്ദ്രട്രസ്റ്റി ശ്രീ. മെറീജ് തിമത്തിക്ക് നൽകി നിർവ്വഹിച്ചു.

# മാർ അബിമലേക് തിമോഥെയൂസ് സ്മാരക തക്കാളിതോട്ടം

**തൃശ്ശൂർ**: പൂർവ്വിക ആത്മീക പിതാക്കന്മാർ ആത്മീകതയോടൊപ്പം തന്നെ പ്രകൃതിയേയും മണ്ണിനേയും സ്നേഹിച്ചിരുന്നു. പൂർവ്വീകരെപ്പോലെ തന്നെ ജീവിച്ചിരുന്ന ഒരു ആത്മീക പിതാവായിരുന്നു വിശുദ്ധ മാർ അബിമലേക് തിമോഥെയൂസ് മെത്രാപ്പോലീത്തയെന്ന് കൃഷി മന്ത്രി വി.എസ്. സുനിൽ കുമാർ ഉദ്ബോധിപ്പിച്ചു. ജന്മം കൊണ്ട് തുർക്കി സ്വദേശിയാണെങ്കിലും കർമ്മം കൊണ്ട് മലയാളിയും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഇന്ത്യക്കാർക്ക് വേണ്ടി ഖദർ ളോഹ ധരിച്ച് വിദേശികൾക്കെതിരെ സ്വാതന്ത്ര്യസമരത്തിന് കൂറ് പ്രഖ്യാപിച്ച ഏക വിദേശിയായ ബിഷപ്പാണ് വിശുദ്ധ മാർ അബിമലേക് തിമോഥെയൂസ് മെത്രാപ്പോലീത്തയെന്ന് മന്ത്രി തുടർന്ന് പറഞ്ഞു. പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ ദേശീയ മെൻസ് അസോസിയേഷന്റെ അത്യുന്നത പദ്ധതിയായ വിഷൻ 2050-ന്റെ ഭാഗമായി നടത്തുന്ന മാർ അബിമലേക് തിമോഥെയൂസ് മെത്രാപ്പോലീത്തൻ സ്മാരക തക്കാളിതോട്ടം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ഡോ. മാർ അപ്രേം മെത്രാപ്പോലീത്ത അദ്ധ്യക്ഷതവഹിച്ചു. ഡോ. മാർ യോഹന്നാൻ യോസേഫ് എപ്പിസ്കോപ്പ, മാർ ഔഗിൻ കുരിയാക്കോസ് എപ്പിസ്കോപ്പ, പ്രസിഡന്റ് റവ. ജോസ് ജേയ്ക്കബ് വേങ്ങാശ്ശേരി, ജനറൽ സെക്രട്ടറി ആന്റോ ഡി. ഒല്ലൂക്കാരൻ എന്നിവർ സംസാരിച്ചു. പിതാക്കന്മാരുടെ കബറിന് കിഴക്കുഭാഗത്തുള്ള സ്ഥലത്ത് തക്കാളിച്ചെടി നട്ടുകൊണ്ടാണ് മന്ത്രി തോട്ടം ഉദ്ഘാടനം ചെയ്തത്.

## മാർ തിമോഥെയൂസ് ഫെലോഷിപ്പ് യോഗം

മാർ അബിമലേക് തിമോഥെയൂസ് മെത്രാപ്പോലീത്ത തിരുമേനിയെ വിശുദ്ധ പദവി നൽകി ആദരിക്കുന്നതിന് കൽദായ സഭ സുൻഹാദോസ് എടുത്ത തീരുമാനത്തെ മാർ തിമോഥെയൂസ് മെട്രോപോലീറ്റൻ മെമ്മോറിയൽ ഫെലോഷിപ്പ് പ്രവർത്തക സമിതിയോഗം സ്വാഗതം ചെയ്യുകയും സന്തോഷം രേഖപ്പെടുത്തുകയും ചെയ്തു. പ്രവർത്തക സമിതിയംഗം പോൾ മാത്യൂസ് മെമ്പർമാരായ ഡോ. റിഷി ഇമ്മട്ടി എന്നിവർ കേന്ദ്രട്രസ്റ്റി ബോർഡ് അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടതിൽ യോഗം അനുമോദനം രേഖപ്പെടുത്തി. ടോണി പി. ചിറയത്ത് സ്വാഗത-അനുമോദന പ്രമേയങ്ങൾ അവതരിപ്പിച്ചു. പ്രസിഡന്റ് കെ. എൽ. റപ്പായി അദ്ധ്യക്ഷനായിരുന്നു. സെക്രട്ടറി ജോയ് മണ്ണുത്തി, ദർശൻ തോമസ്, കെ.ഐ. തോമസ്, ജോസ് ചൂണ്ടൽ എന്നിവർ സന്നിഹിതരായിരുന്നു.

മാർ തിമോഥെയൂസ് ഫെലോഷിപ്പിന്റെ ജനറൽ ബോഡി യോഗം ആഗസ്റ്റ് 25-ന് (ഞായർ) 4 മണിക്ക് കിഴക്കേകോട്ട കാൽഡിയൻ കോളേജ് ഹാളിൽവെച്ച് നടക്കുന്നതാണ്.

### മാർ ഔഗിൻ തൂവാന പള്ളി, പടിഞ്ഞാറേകോട്ട

## 'ബെറുൽഹ' അവാർഡ് 2019

ഇടവകയിലെ യുവജനസംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ ഇടവകയിൽ നിന്നും S.S.L.C, +2, Degree മറ്റ് പ്രൊഫഷണൽ കോഴ്സുകൾ എന്നിവ പാസ്സായവരെ ഈ കഴിഞ്ഞ ആഗസ്റ്റ് മാസം 4-ാം തിയ്യതി ഞായറാഴ്ച വി. കുർബ്ബാനക്ക് ശേഷം ആദരിച്ചു. അഭിവന്ദ്യ ഡോ. മാർ അപ്രേം മെത്രാപ്പോലീത്ത തിരുമേനി 'ബെറുൽഹ അവാർഡ്' ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും ആദരിക്കപ്പെട്ടവർക്ക് സമ്മാനവും ഏറ്റവും ഉയർന്ന മാർക്ക് ലഭിച്ച കുട്ടികൾക്ക് ക്യാഷ്പ്രൈസും നൽകുകയുമുണ്ടായി. ഇടവക വികാരി റവ. ജാക്സ് ചാണ്ടി കശ്ശീശ അദ്ധ്യക്ഷതവഹിച്ചു. ഇടവക അസി. വികാരി റവ. ടിനോജ് ജോസ് കശ്ശീശ, റവ. സിസ്റ്റർ ജിൻസി ഓതോട്ടിൽ, ദി ബോർഡ് ഓഫ് സെൻട്രൽ ട്രസ്റ്റീസ് ചെയർമാൻ ശ്രീ. ടെന്നി സി.എൽ, കേന്ദ്രയൂത്ത്സ് അസ്സോസിയേഷൻ ജനറൽ സെക്രട്ടറി ശ്രീ. സോജൻ പി.ജോൺ, ഇടവക കൈക്കാരൻ ശ്രീ. ജോയ് കോട്ടയത്തുക്കാരൻ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഇടവക വിമൺ യൂത്ത്സ് അസ്സോസിയേഷൻ സെക്രട്ടറി ശ്രീമതി സിന്ധു സണ്ണി സ്വാഗതവും ഇടവക യൂത്ത്സ് അസ്സോസിയേഷൻ സെക്രട്ടറി ശ്രീ വിശാൽ ആന്റോ നന്ദിയും പ്രകാശിപ്പിച്ചു.

തദവസരത്തിൽ ഇടവകയിൽ യൂത്ത്സ് അസ്സോസിയേഷൻ നടത്തിയ രക്തദാനക്യാമ്പിൽ ഇടവകയിൽ നിന്നും രക്തം നൽകിയവരെ യൂത്ത്സ് അസ്സോസിയേഷൻ അനുമോദിച്ചു. അതോടൊപ്പം തിരുവോണനാളിൽ യൂത്ത്സ് അസ്സോസിയേഷൻ നടത്തുന്ന പാലടപ്രഥമൻ പായസ വില്പന കൂപ്പണിന്റെ ഔപചാരികമായ ഉദ്ഘാടനം അഭിവന്ദ്യ തിരുമേനി ഇടവക മെയ്സ് സെക്രട്ടറി ശ്രീ. ജോയ് കുന്നത്തിന് നൽകികൊണ്ട് നിർവ്വഹിച്ചു.

# പൗരസ്ത്യനാദം വിവാഹവേദി

## വരനെ ആവശ്യമുണ്ട്

(R.104) യുവതി വയസ്സ് 26 ഉയരം 5'1", M.Tech. തൃശ്ശൂരിൽ സ്വകാര്യ സ്ഥാപനത്തിൽ വർക്ക് ചെയ്യുന്നു. അനുയോജ്യരായ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9961200695.

(R.118) യുവതി വയസ്സ് 24 , ഉയരം 5'6" B.Sc. Neuro Physiologist ആയി Aster medicity യിൽ ജോലിചെയ്യുന്നു. വിദേശത്തേക്ക് കൊണ്ടുപോകാൻ താത്പര്യമുള്ളവർക്ക് മുൻഗണന. ഫോൺ: 8129784876.

(R.103) യുവതി വയസ്സ് 23, ഉയരം 5'3", B.Tech.- ഉയർന്ന വിദ്യാഭ്യാസവും ജോലിയുമുള്ള യുവാക്കളുടെ രക്ഷിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9947131174.

(R.126) യുവതി വയസ്സ് 25, ഉയരം 5'3", ചെന്നൈയിൽ Govt. Aided. കോളേജിൽ അസി. പ്രൊഫസർ ആയി ജോലി ചെയ്യുന്നു. താത്പര്യമുള്ള യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ചെന്നൈയിൽ ജോലിയുള്ളവർക്ക് മുൻഗണന. ഫോൺ: 9884637851.

(R.119) യുവതി വയസ്സ് 23 , ഉയരം 5'4" B.Tec. Web Developer ആയി തൃശ്ശൂരിൽ ജോലിചെയ്യുന്നു. താത്പര്യമുള്ള യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9745013638.

(R.107) യുവതി വയസ്സ് 23 , ഉയരം 5'1" M.com with CMA, ചെയ്യുന്നു. ജോലിയുള്ള യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9447693791, 9400987992.

## വധുവിനെ ആവശ്യമുണ്ട്

(R.120) യുവാവ് വയസ്സ് 28, ഉയരം 5'8" ബിസിനസ്സ്. താത്പര്യമുള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 0487 2254422, 9947041560.

(R.124) യുവാവ് വയസ്സ് 28, ഉയരം 170 സെ.മീ. കാനഡയിൽ മെക്കാനിക്കൽ ക്വാളിറ്റി എഞ്ചിനീയറായി ജോലി ചെയ്യുന്നു. വിദ്യാഭ്യാസമുള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ( IELTS ഉള്ളവർക്ക് മുൻഗണന) ഫോൺ: 9567514759, 0487 2424123.

(R.115) യുവാവ് വയസ്സ് 27 , ഉയരം 5'7 BBA ബിസിനസ്സ് ചെയ്യുന്നു. താത്പര്യമുള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9947101444.

(R.109) യുവാവ് വയസ്സ് 30 , ഉയരം 5'4" M.Pharm, Hospital Pharmacist, ആയി ഷാർജയിൽ ജോലി ചെയ്യുന്നു. താത്പര്യമുള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. (നഴ്സുമാരെ പരിഗണിക്കുന്നില്ല) ഫോൺ: 0487 2320791, 9446938774.

(R.122) യുവാവ് വയസ്സ് 31 , 6 അടി MBA - Bangalore -ൽ JCC India Pvt. Ltd- US. കമ്പനിയിൽ ജോലി ചെയ്യുന്നു. താത്പര്യമുള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9895465531.

(R.116) യുവാവ് വയസ്സ് 30, ഉയരം 166 സെ.മീ. M.B.A. വിദേശത്ത് ജോലിചെയ്യുന്നു. വിദ്യാഭ്യാസമുള്ളതും, വിദേശത്തുപോകാൻ താത്പര്യമുള്ളതുമായ യുവതികളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9446260376, 9744494896.

(R.125) യുവാവ് വയസ്സ് 28 ഉയരം 5'7, Diploma Civil Engineer വിദ്യാഭ്യാസമുള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9447807338

(R.123) യുവാവ് വയസ്സ് 28 ഉയരം 6 അടി, M.COM, Reliance Digital - C.R.A. ആയി ജോലി ചെയ്യുന്നു. താത്പര്യമുള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9846078890, 9383407490.

(R.121) യുവാവ് വയസ്സ് 35 , ഉയരം 5'9" ITI Mechanical and Computer Hardware Networking - Working at Bangalore as Supervisor. താത്പര്യമുള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9895465531.




അഭിവന്ദ്യ മാർ അബിമലേക് മെത്രാപ്പോലീത്ത തിരുമനസ്സിനെ വിശുദ്ധനായി പ്രഖ്യാപിച്ചതിന്റെ ആഘോഷത്തിനോടനുബന്ധിച്ച് നടക്കുന്ന പൊതുസമ്മേളനത്തിന്റെ നടത്തിപ്പിനായുള്ള ഓഫീസ് ഉദ്ഘാടനം അഭിവന്ദ്യ ഡോ. മാർ അപ്രേം മെത്രാപ്പോലീത്ത നിർവ്വഹിക്കുന്നു.
ഡോ. മാർ യോഹന്നാൻ യോസേഫ് എപ്പിസ്കോപ്പ,
മാർ ഔഗിൻ കുരിയാക്കോസ് എപ്പിസ്കോപ്പ എന്നിവർ സമീപം.



വി. മാർ അബിമലേക് തിമോഥെയൂസ് മെത്രാപ്പോലീത്തൻ സ്മാരക തക്കാളിത്തോട്ടം കൃഷി മന്ത്രി വി.എസ്. സുനിൽകുമാർ തക്കാളിത്തൈ നട്ടുകൊണ്ട് ഉദ്ഘാടനം ചെയ്യുന്നു.
ഡോ. മാർ അപ്രേം മെത്രാപ്പോലീത്ത,
ഡോ. മാർ യോഹന്നാൻ യോസേഫ് എപ്പിസ്കോപ്പ,
മാർ ഔഗിൻ കുരിയാക്കോസ് എപ്പിസ്കോപ്പ എന്നിവർ സമീപം



2019 ജൂലൈ 14ന് മരോട്ടിച്ചാൽ മാർ മത്തായി ശ്ലീഹാ പള്ളി ഹാളിൽവെച്ച് വിമൺ യൂത്ത്സ് അസ്സോസിയേഷൻ കേന്ദ്രസമിതി സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പിന്റെ ഉദ്ഘാടനം മാർ ഔഗിൻ കുരിയാക്കോസ് എപ്പിസ്കോപ്പ നിർവ്വഹിക്കുന്നു.

Registered. No.KL/TCR/46/2019-2021
RNI. No. KERMAL/1999/00897
Posted at Trichur R.M.S.
Date of Publishing - 15th August -2019. Rs.10/-

Designing
Stitching
Readymades
Wedding Gowns
Party Wears
Laachas
Designer Kurtis
Casual Kurtis
Designer Sarees
Kids Frocks
Baptism Frocks





*The bride to be*

béboo&me®

Branches
Palace Road, Thrissur
Parakkott Lane, Patturaikkal

Avenue Road, Mundupalam Jn. Thrissur 623 8989 824

Printed & Published by Sri. C.L. Tenny on behalf of Board of Central Trustees, Chaldean Syrian Church of the East.
Printed at Mar Narsai Press, Mar Timotheus High Road, Thrissur-1. Ph: 2420331 Email: pourasthyanadham@gmail.com
Edited by Fr. Jos Jacob Vengassary